VOL NO: 05 I ISSUE 21
www.nerpatham.com
mail@nerpatham.com

2021 MAY 22 I ₹12

നേർപഥം
വാരിക

# ജൂതന്മാർ: ക്വുർആൻ നൽകുന്ന ചരിത്രപാഠങ്ങൾ



ലോകത്ത് ന്യൂനാൽ ന്യൂനപക്ഷമാണ് ജൂതന്മാർ. എന്നാൽ, അറിയപ്പെട്ടിടത്തോളം ഏറ്റവും കൂടുതൽ പീഡനമനുഭവിച്ചവരും ഏറ്റവുമധികം പേരെ പീഡിപ്പിച്ചവരും ജൂതന്മാരാണ്. അതിന് ചരിത്രപരമായ പല മാനങ്ങളുമുണ്ട്. ജൂതന്മാരെ കുറിച്ച് വിശുദ്ധ വേദഗ്രന്ഥമായ ക്വുർആനിൽ നിരവധി തവണ പരാമർശിക്കുന്നുണ്ട്. അതിൽ ചരിത്രപരമായ വിവരണങ്ങളുണ്ട്, ഭാവിയെകുറിച്ചുള്ള സൂചനകളുണ്ട്. അത്തരം സൂക്തങ്ങളെ വിശകലനം ചെയ്യുന്നു.

- **ഇസ്റാഈൽ രാഷ്ട്രം: മുഹമ്മദ് അമാനി മൗലവി**

- **നിർഭയരാജ്യവും സുരക്ഷിത സമൂഹവും**
- **വിശ്വാസം ജീവിതത്തിൽ പ്രതിഫലിക്കണം**
- **ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം**

جامعة الهند الإسلامية

JAMIA AL-HIND AL-ISLAMIYYA

VISION 2030

جامعة الهند الإسلامية

# 2021–2022 അദ്ധ്യയന വർഷത്തെ

# വിവിധ കോഴ്സുകളിലേക്കുള്ള

# രജിസ്ട്രേഷൻ തുടരുന്നു

## മഅ്ഹദുല്ലുഗഃ

SSLC പാസായ ആൺകുട്ടികൾക്ക് മദീന ഇസ്‌ലാമിക് യൂണിവേസിറ്റിയുടെ മഅ്ഹദുല്ലുഗഃ സിലബസിനോടൊപ്പം +2 (NIOS) (കൊമേഴ്സ്, ഹ്യുമാനിറ്റീസ്) കൂടി ലഭ്യമാക്കുന്ന തരത്തിലുള്ള രണ്ട് വർഷത്തെ കോഴ്സ്. **സെലക്ഷൻ ക്യാമ്പ്: മെയ് മൂന്നാം വാരം**

വിശദ വിവരങ്ങൾക്ക്: 8606366661, 9746639139

## കുല്ലിയ്യത്തുദ്ദഅ്‌വ / കുല്ലിയ്യത്തുൽ ഹദീസ് / ഫിഖ്ഹ്

മഅ്ഹദ് / തത്തുല്യ യോഗ്യതയുള്ള ആൺകുട്ടികൾക്ക് ഹദീഥ്, അഖീദഃ, ഫിഖ്ഹ് എന്നീ മേഖലകളിൽ പ്രാവീണ്യം നേടുന്നതോടൊപ്പം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഡിഗ്രി സർട്ടിഫിക്കറ്റ് കൂടി ലഭ്യമാകാനുതകുന്ന പണ്ഡിത കോഴ്സ്. **സെലക്ഷൻ ക്യാമ്പ്: മെയ് മൂന്നാം വാരം**

വിശദ വിവരങ്ങൾക്ക്: 9656530656, 8589917780

## തഖസ്സുസ്

ശരീഅഃ കോളേജ് / തത്തുല്യ പഠനം പൂർത്തിയാക്കിയവർക്ക് തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ സ്റ്റൈപ്പെന്റോടു കൂടിയുള്ള രണ്ട് വർഷ റിസർച്ച് കോഴ്സ്, കൂടെ MA ചെയ്യാനും അവസരം.
**സെലക്ഷൻ ക്യാമ്പ്: ജൂൺ ആദ്യവാരം**

വിശദ വിവരങ്ങൾക്ക്: 9656530656, 8589917780

Scan for Registration:

REGISTER http://jamiaalhind.com/admission

0227
നേർപഥം
വാരിക

2021 മെയ് 22
1442 ശവ്വാൽ 10
പുസ്തകം 05 / ലക്കം 21

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly







05
മുഖമൊഴി
വിശ്വാസം ജീവിതത്തിൽ
പ്രതിഫലിക്കണം
എഡിറ്റർ

06
ചരിത്രപഥം
പരലോകത്ത് ഉന്നത പദവികൾ
ഹുസൈൻ സലഫി, ഷാർജ

10
ലേഖനം
മനുഷ്യർ രണ്ടുവിഭാഗം
മുബാറക് ബിൻ ഉമർ

18
ലേഖനം
നിർഭയരാജ്യവും
സുരക്ഷിത സമൂഹവും
ഉസ്മാൻ പാലക്കാഴി

23
ലേഖനം
ഇസ്‌റാഈൽ രാഷ്ട്രം:
മുഹമ്മദ് അമാനി മൗലവി
ക്രോഡീകരണം: അൻവർ അബൂബക്കർ

23
അനുഭവം
ഒരു ഗോത്രവർഗ ആദിവാസിയുടെ
സത്യദൈവാന്വേഷണത്തിന്റെ അന്ത്യം
പി.എൻ സോമൻ

26
വിവർത്തനം
ആരാധനകൾക്കൊരു ആമുഖം
ശമീർ മദീനി

34
കാഴ്ച
എഴുതിത്തള്ളുന്ന കിട്ടാക്കടങ്ങൾ
ഇബ്നു അലി എടത്തനാട്ടുകര

ചലനങ്ങൾ

# 'ഡോക്ടറോട് ചോദിക്കാം' കോവിഡ് പ്രതിരോധം; ആശ്വാസം പകർന്ന പ്രോഗ്രാം

കോവിഡ് സംബന്ധിച്ച പ്രയാസകരമായ വാർത്തകൾക്ക് നടുവിൽ നെടുവീർപ്പിടുന്നവർക്ക് ആശ്വാസം പകർന്ന പ്രോഗ്രാമായിരുന്നു മെയ് 16ന് ഓൺലൈനിൽ വിസ്ഡം യൂത്ത് നടത്തിയ 'ഡോക്ടറോട് ചോദിക്കാം' എന്ന പരിപാടി.

തൽസമയം ആയിരങ്ങളാണ് പരിപാടി വീക്ഷിച്ചത്. പിന്നീട് വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലായി പതിനായിരങ്ങൾ പരിപാടി വീക്ഷിച്ചത് ഈ പ്രോഗ്രാമിന്റെ ഫലപ്രാപ്തിയും ആവശ്യകതയും വിളിച്ചറിയിക്കുന്നതായി.

സാധാരണക്കാർ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾ ലൈവായി ചോദിക്കുകയും വിദഗ്ധ ഡോക്ടർമാരുടെ പാനൽ തത്സമയം മറുപടി നൽകുകയും ചെയ്തതിനാൽ ആധികാരികവും ഫലപ്രദവുമായി.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. എം.ഇ.എസ് മെഡിക്കൽ കോളേജിലെ കോവിഡ് നോഡൽ ഓഫീസർ ഡോ. കെ.എം അബ്ദുർറഊഫ്, ഡിപ്പാർട്ട്മെന്റ് ഓഫ് കമ്യൂണിറ്റി മെഡിസിൻ അസി. പ്രൊഫസർ ഡോ. അശ്വിൻ രാജ്, ഡിപ്പാർട്ട്മെന്റ് ഓഫ് ജനറൽ മെഡിസിൻ പ്രൊഫസർ ഡോ.വി. അബ്ദുൽ ജലീൽ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇ.എൻ.ടി സീനിയർ റസിഡന്റ് ഡോ.കെ അഹ്സനു സമാൻ, കിംസ് അൽശിഫാ ഹോസ്പിറ്റലിലെ കോവിഡ് നോഡൽ ഓഫീസർ ഡോ.പി.ജെ അനീഷ്, തിരൂർ ഗവ. ജില്ലാ ആശുപത്രിയിലെ നേത്രരോഗ വിദഗ്ധൻ ഡോ.പി.പി അബ്ദുൽ മാലിക്, ഫോക്കസ് ആയുർ സെന്റർ ഡയറക്ടർ ഡോ.ടി.സി മുഹമ്മദ് മുബഷിർ എന്നിവർ ശ്രോതാക്കളുടെ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, വിസ്ഡം യൂത്ത് സെക്രട്ടറി കെ താജുദ്ദീൻ സ്വലാഹി എന്നിവർ അഭിസംബോധന ചെയ്തു.

മെയ് 23, മെയ് 30 തീയതികളിൽ യഥാക്രമം ഹോമിയോ, ആയുർവേദം വിഭാഗങ്ങളിലെ ഡോക്ടർമാരുമായി സംവദിക്കാനുള്ള അവസരവും ഒരുക്കുന്നുണ്ട്.

## സിയോണിസ്റ്റുകൾ ഭീകരവാദികളാണെന്നതിന് തെളിവുകൾ ധാരാളം: എം.എ ബേബി

കോഴിക്കോട്: ഫലസ്തീനിൽ നിരന്തരം ആക്രമണങ്ങൾ അഴിച്ചുവിടുക, യു.എൻ ഇടപെട്ടു നിർണയിച്ച അതിർത്തികൾ ലംഘിക്കുക, ഫലസ്തീൻ ഭൂപ്രദേശങ്ങൾ പിടിച്ചടക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നിരന്തരം ചെയ്യുകവഴി സിയോണിസ്റ്റുകളുടെ ഭീകരവാദ മുഖമാണ് വെളിവാകുന്നതെന്ന് സി.പി.എം പോളിറ്റ് ബ്യൂറോ അംഗം എം.എ ബേബി. ഇസ്രയേലിനെ സംരക്ഷിച്ചുപോന്ന ബ്രിട്ടന്റെ സായുധസേനാ ആസ്ഥാനമായ ഡേവിഡ് ഹോട്ടൽ ബോംബിട്ട് തകർത്ത് നിരപരാധികളെ കൊന്ന ചരിത്രമാണ് സിയേണിസ്റ്റുകൾക്ക് ഉള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇസ്രയേൽ ഫലസ്തീനിൽ നടത്തിക്കൊണ്ടിരിക്കുന്ന അക്രമങ്ങൾ പ്രധാനമന്ത്രി നെതന്യാഹുവിന് അധികാരത്തിൽ തുടരാനുള്ള ഹീനതന്ത്രമാണെന്ന് ഇ.ടി മുഹമ്മദ് ബഷീർ എം.പി പറഞ്ഞു. ഇന്ത്യ എക്കാലവും ഫലസ്തീനിന്റെ ഒപ്പമായിരുന്നു നിലകൊണ്ടിരുന്നത്. മോഡി സർക്കാർ ഇസ്രയേലുമായി പുതിയ കരാറുകൾ ഒപ്പുവെക്കാൻ മത്സരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'ഫലസ്തീൻ: അകവും ആകാശവും' എന്ന തലക്കെട്ടിൽ ഓൺലൈനായി സംഘടിപ്പിച്ച ഐക്യദാർഢ്യ സമ്മേളനത്തിൽ ഇ.ടി മുഹമ്മദ് ബഷീർ എം.പി, സി.പി.എം പോളിറ്റ് ബ്യൂറോ അംഗം എം.എ ബേബി എന്നിവർ മുഖ്യാതിഥികളായി സംബന്ധിച്ചു. വിസ്ഡം യൂത്ത് സംസ്ഥാന വൈസ് പ്രസിഡന്റ് മുജീബ് ഒട്ടുമ്മൽ, പി. എൻ അബ്ദുറഹ്മാൻ, സി.പി സലീം, ഫലസ്തീനിലെ സംഘർഷങ്ങൾക്ക് ദൃക്സാക്ഷിയായ ഡോ. അർശദ് ഖുറൈശി എന്നിവർ വിഷയാവതരണം നടത്തി. വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രസിഡന്റ് അർശദ് അൽഹികമി, ജനറൽ സെക്രട്ടറി കെ.പി മുഹമ്മദ് ഷമീൽ, ട്രഷറർ കെ. മുനവ്വർ, വൈസ് പ്രസിഡന്റ് സി. മുഹമ്മദ് അജ്മൽ എന്നിവർ സംസാരിച്ചു.

മുഖമൊഴി

# വിശ്വാസം ജീവിതത്തിൽ പ്രതിഫലിക്കണം

വ്യക്തിയുടെ ജീവിതത്തിൽ സമൂലമായി സ്വാധീനം ചെലുത്തുകയും വാക്കുകളെയും വികാരങ്ങളെയും വിചാരങ്ങളെയും സ്വാധീനിക്കുകയും ചെയ്യേണ്ട ഒന്നാണ് വിശ്വാസം. കർമങ്ങളിലേക്കുള്ള പ്രേരണകൾ വിശ്വാസത്തിൽനിന്നും ലഭിച്ചില്ലെങ്കിൽ വിശ്വാസം കേവലം മാനസികമായ പ്രവൃത്തി മാത്രമായിത്തീരും. യാതൊരു സന്ദേഹത്തിനുമിടയില്ലാത്തവിധം അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും അതിന്റെ അടയാളങ്ങൾ പ്രവർത്തനങ്ങളിൽ പ്രകടമാകുംവിധം കീഴ്‌വണക്കം കാണിക്കുകയും ചെയ്യേണ്ടതുണ്ടെന്ന് സാരം.

സാക്ഷ്യവാക്യം (ശഹാദത്ത് കലിമ) നാവുകൊണ്ട് ഉച്ചരിച്ചത്കൊണ്ട് മാത്രമായില്ല; ജീവിതത്തിൽ അതിന്റെ ആശയം പ്രതിഫലിക്കണം. ആരാധ്യൻ അല്ലാഹു മാത്രമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു എന്ന് പറയുന്നവൻ അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ. മുഹമ്മദ് നബിﷺഅല്ലാഹുവിന്റെ ദൂതനാണ് എന്ന് അംഗീകരിക്കുന്നവൻ നബിﷺയുടെ കൽപനകളും നിർദേശങ്ങളും പാലിക്കുവാനും അദ്ദേഹത്തിന്റെ ചര്യകൾ പിൻപറ്റുവാനും ബാധ്യസ്ഥനാണ്.

മുഴുവൻ പ്രവാചകന്മാരും ജനങ്ങളെ ഉപദേശിച്ച പ്രഥമവും പ്രധാനമായതുമായ കാര്യം അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ എന്നതാണ്. "ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല" (ക്വുർആൻ 21:25).

അല്ലാഹുവിനെയല്ലാതെ ആരൊക്കെ ആരോടെല്ലാം പ്രാർഥിക്കുന്നുവോ അവരൊന്നും യാതൊന്നും സൃഷ്ടിക്കുവാൻ കഴിവില്ലാത്തവരും പ്രാർഥന കേൾക്കുവാനും ഉത്തരം നൽകുവാനും കഴിയാത്തവരുമാണെന്ന് അല്ലാഹു വളരെ വ്യക്തമായി നമ്മെ പഠിപ്പിച്ചിട്ടുണ്ട്:

"...അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാകുന്നു ആധിപത്യം. അവനു പുറമെ ആരോട് നിങ്ങൾ പ്രാർഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ(അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല" (ക്വുർആൻ 35:13,14).

പ്രപഞ്ചസ്രഷ്ടാവായ അല്ലാഹു മാത്രമാണ് ആരാധിക്കപ്പെടാൻ അർഹൻ. ആരാധനയിൽ പെടുന്ന ഒന്നും അവനല്ലാത്തവർക്ക് അർപ്പിക്കുവാൻ പാടില്ല. അല്ലാഹുവിന്റെ വിശേഷണങ്ങളും ഗുണങ്ങളും കഴിവുകളും സൃഷ്ടികളിൽ ആർക്കെങ്കിലും ഉണ്ടെന്ന് വിശ്വസിക്കുവാനും പാടില്ല. ഇതെല്ലാം അല്ലാഹുവിൽ പങ്കുചേർക്കലാണ്. അത് നമുക്ക് സ്വർഗം നിഷിദ്ധമാക്കുകയും ചെയ്യും.

"...അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല" (ക്വുർആൻ 5:72).

നാം ആത്മപരിശോധന നടത്തുക; യഥാർഥ വിശ്വാസിയാണെന്നു പറയാനുള്ള യോഗ്യത നാം നേടിയെടുത്തിട്ടുണ്ടോ? ശഹാദത്ത് കലിമക്ക് വിരുദ്ധമായ കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ നാം അനുവർത്തിക്കുന്നുണ്ടോ? നബിﷺയുടെ ചര്യകളെ എത്രത്തോളം നാം പിൻപറ്റുന്നുണ്ട്? ജീവിതത്തിന്റെ എല്ലാ മേഖലകളിലും പാലിക്കേണ്ടതായ ഇസ്‌ലാമിക മര്യാദകൾ പാലിക്കുന്നുണ്ടോ? ഭൗതികമായ വല്ല നഷ്ടവും ഭയന്ന് ഇസ്‌ലാമിന്റെ നിർദേശങ്ങളും നിയമങ്ങളും അവഗണിക്കുന്നുണ്ടോ?

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം



# പരലോകത്ത് ഉന്നത പദവികൾ

**മുഹമ്മദ് നബിﷺ 21**

സ്വർഗത്തിലെ ഉന്നതമായ ഒരു പദവിയാണ് അൽവസീല. ഇത് മുഹമ്മദ് നബിﷺക്ക് മാത്രം ലഭിക്കുന്ന സ്ഥാനമാണ്. നബിﷺ പറയുന്നത് കാണുക:

അബ്ദുല്ലാഹിബ്നു അംറുബ്നുൽആസിؓൽനിന്ന് നിവേദനം; നബിﷺ പറയുന്നതായി അദ്ദേഹം കേൾക്കുകയുണ്ടായി: "മുഅദ്ദിനെ (ബാങ്ക് വിളിക്കുന്നത്) നിങ്ങൾ കേട്ടാൽ, അദ്ദേഹം പറയുന്നത് പോലെ നിങ്ങളും പറയുവിൻ. പിന്നീട് എന്റെമേൽ നിങ്ങൾ സ്വലാത്തിനെ ചോദിക്കുക. തീർച്ചയായും ആരെങ്കിലും എന്റെ മേൽ ഒരു സ്വലാത്തിനെ ചോദിച്ചാൽ അതുമുഖേന അല്ലാഹു അവന് പത്ത് അനുഗ്രഹങ്ങൾ നൽകുന്നതാണ്. പിന്നീട് എനിക്കുവേണ്ടി അല്ലാഹുവിനോട് നിങ്ങൾ വസീലയെ ചോദിക്കുകയും ചെയ്യുക. തീർച്ചയായും അത് സ്വർഗത്തിലെ ഒരു (ഉന്നത)സ്ഥാനമാകുന്നു. അല്ലാഹുവിന്റെ അടിമകളിൽ നിന്ന് ഒരാൾക്കല്ലാതെ അത് അനുയോജ്യമാകുന്നതല്ല. അത് ഞാൻ ആയിത്തീരാൻ ഞാൻ ആഗ്ര

ഹിക്കുന്നു. അതിനാൽ ആര് എനിക്കുവേണ്ടി വസീലയെ ചോദിക്കുന്നുവോ അവന്ന് ശുപാർശ അനുവദനീയമായി" (മുസ്‌ലിം)

ബാങ്കിന് ശേഷം നബിﷺയുടെ മേൽ സ്വലാത്ത് ചൊല്ലാൻ നബിﷺ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് പലരും ബാങ്കിന് മുമ്പ് നബിയുടെമേൽ സ്വലാത്ത് ചൊല്ലുന്നത് കേൾക്കാം. അത് നബിﷺയോ സ്വഹാബിമാരോ കാണിച്ചുതരാത്ത പുത്തൻ സമ്പ്രദായമാണ്.

## അൽകൗസർ നൽകപ്പെട്ടു

പരലോകത്ത് അല്ലാഹു നബിﷺക്ക് മാത്രമായി നൽകുന്ന ഒരു പ്രത്യേക അനുഗ്രഹമാണ് അൽ കൗസർ. ഇതിന്റെ പേരിൽ ഒരു അധ്യായം തന്നെ ക്വുർആനിൽ വന്നിട്ടുണ്ട്. അല്ലാഹു നബിﷺക്ക് നൽകിയ ധാരാളം അനുഗ്രഹങ്ങളെ ഓർമിപ്പിക്കുന്ന, നബിﷺക്ക് ആശ്വാസം കൊള്ളാൻ ഉതകുന്ന രൂപത്തിലാണ് ഈ അധ്യായത്തിലൂടെ അല്ലാഹു നബിﷺയോട് പറയുന്നത്:

"തീർച്ചയായും നിനക്ക് നാം ധാരാളം നേട്ടം നൽകിയിരിക്കുന്നു. ആകയാൽ നീ നിന്റെ രക്ഷിതാവിന് വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക. തീർച്ചയായും നിന്നോട് വിദ്വേഷം വെച്ച് പുലർത്തുന്നവൻ തന്നെയാകുന്നു വാലറ്റവൻ (ഭാവിയില്ലാത്തവൻ)" (ക്വുർആൻ 108:1-3).

ഒന്നാമത്തെ വചനത്തിന് രണ്ട് രൂപത്തിലുള്ള വ്യാഖ്യാനം നൽകപ്പെട്ടിട്ടുണ്ട്. അതിൽ ഒന്ന് 'അല്ലാഹു നബിﷺക്കായി നൽകിയ ധാരാളം അനുഗ്രഹങ്ങളാകുന്നു' എന്നതാണ്. രണ്ടാമത്തേത്, ക്വിയാമത്ത് നാളിൽ അല്ലാഹു നബിﷺക്ക് നൽകുന്ന ഒരു തടാകമാണ് 'അൽകൗസർ' എന്നത്. 'ഹൗദുൽകൗസർ' എന്ന ഒരു പ്രയോഗം തന്നെയുണ്ട്. 'കൗഥറിന്റെ തടാകം' എന്നാണ് അതിന്റെ അർഥം. അതിൽനിന്നുതന്നെ അത് രണ്ടും രണ്ടാണെന്ന് മനസ്സിലാക്കാം. അല്ലാഹുവിന്റെ കിതാബ് എന്നു പറഞ്ഞാൽ അല്ലാഹുവും കിതാബും രണ്ടാണല്ലോ. അതുപോലെ തന്നെയാണ് ഹൗദും കൗസറും. ഹൗദ്, കൗസർ; ഇവ രണ്ടും ഒന്നല്ലെങ്കിലും രണ്ടും ബന്ധപ്പെട്ടു കിടക്കുന്നവയാണ്. അതിനാലാകാം ഇപ്രകാരം ഒരു പ്രയോഗം വ്യാപകമായത്. കൗസർ എന്നത് സ്വർഗത്തിലെ ഒരു നദിയാണ്. അതിൽനിന്ന് ഒഴുകുന്ന വെള്ളം ചാടി നിൽക്കുന്ന ഒരു തടാകമാണ് ഹൗദ്. ചില ഹദീസുകൾ കാണുക:

ആഇശ﵁യിൽനിന്ന് അബൂ ഉബയ്ദ﵁ നിവേദനം; അദ്ദേഹം പറഞ്ഞു: "ഞാൻ 'തീർച്ചയായും നിനക്ക് നാം ധാരാളം നേട്ടം നൽകിയിരിക്കുന്നു' എന്ന അല്ലാഹുവിന്റെ വചനത്തെ പറ്റി അവരോട് ചോദിച്ചു. അവർ പറഞ്ഞു: 'നിങ്ങളുടെ നബിﷺക്ക് നൽകപ്പെട്ടിട്ടുള്ള ഒരു നദിയാകുന്നു അത്. അതിന്റെ രണ്ട് കരയും അകംപൊള്ളയായ മുത്തുകളുള്ളതും അതിലെ പാത്രങ്ങൾ നക്ഷത്രങ്ങളുടെ എണ്ണങ്ങൾ പോലെയും ആകുന്നു." (ബുഖാരി).

അനസി﵁ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "ഒരു ദിവസം അല്ലാഹുവിന്റെ റസൂൽﷺ ഞങ്ങളുടെ മധ്യത്തിൽ (ഇരിക്കുക) ആയിരുന്നു. അപ്പോഴതാ അവിടുന്ന് ഒന്നു മയങ്ങി. പിന്നീട് പുഞ്ചിച്ചുകൊണ്ട് അവിടുന്ന് തന്റെ തലയുയർത്തി. അപ്പോൾ ഞങ്ങൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, എന്താണ് അങ്ങയെ ചിരിപ്പിച്ചത്?' അവിടുന്ന് പറഞ്ഞു: 'അൽപം മുമ്പ് എന്റെമേൽ ഒരു സൂറത്ത് ഇറക്കപ്പെട്ടു. എന്നിട്ട് അവിടുന്ന് പാരായണം ചെയ്തു: 'തീർച്ചയായും നിനക്ക് നാം ധാരാളം നേട്ടം നൽകിയിരിക്കുന്നു. ആകയാൽ നീ നിന്റെ രക്ഷിതാവിന് വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക. തീർച്ചയായും നിന്നോട് വിദ്വേഷം വെച്ച് പുലർത്തുന്നവൻ തന്നെയാകുന്നു വാലറ്റവൻ.' പിന്നീട് നബിﷺ ചോദിച്ചു: 'കൗഥർ എന്താണെന്ന് നിങ്ങൾക്ക് അറിയുമോ?' അപ്പോൾ ഞങ്ങൾ പറഞ്ഞു: 'അല്ലാഹുവിനും അവന്റെ റസൂലിനും അറിയാം.' നബിﷺ പറഞ്ഞു: 'തീർച്ചയായും അത് എന്റെ റബ്ബ് എനിക്ക് വാഗ്ദാനം ചെയ്തിട്ടുള്ള ഒരു നദിയാകുന്നു. അതിൽ ധാരാളം അനുഗ്രഹങ്ങളുണ്ട്. അതൊരു ഹൗദ് (തടാകം) ആണ്. ക്വിയാമത്ത് നാളിൽ എന്റെ സമുദായം അതിൽനിന്നു കുടിക്കുന്നതാണ്. അതിന്റെ പാത്രങ്ങൾ നക്ഷത്രങ്ങളുടെ എണ്ണമുള്ളതാണ്. അങ്ങനെ അവരിൽ നിന്ന് അടിമ അകറ്റപ്പെടുത്തുന്നതാണ്. അപ്പോൾ ഞാൻ പറയും: 'എന്റെ രക്ഷിതാവേ, അവൻ എന്റെ സമുദായത്തിൽ പെട്ടതാണല്ലോ.' അപ്പോൾ പറയും: 'താങ്കൾക്ക് ശേഷം എന്താണ് പുതിയത് നിർമിച്ചതെന്ന് താങ്കൾക്ക് അറിയില്ല' (മുസ്‌ലിം).

അനസി﵁ൽനിന്ന് നിവേദനം; നബിﷺ പറഞ്ഞു: "ഞാൻ സ്വർഗത്തിൽ സഞ്ചരിക്കുന്നതിനിടയിൽ ഒരു പുഴയുടെ അരികിൽ (എത്തി). അതിന്റെ രണ്ടുകരയും ഉള്ളുപൊള്ളയായ മുത്തിന്റെ ക്വുബ്ബകൾ. ഞാൻ ചോദിച്ചു: 'ജിബ്‌രീൽ! ഇത് എന്താണ്?' അദ്ദേഹം പറഞ്ഞു: 'ഇതാകുന്നു താങ്കളുടെ രക്ഷിതാവ് താങ്കൾക്ക് നൽകിയിട്ടുള്ള അൽകൗഥർ.' അപ്പോൾ അതിന്റെ മണ്ണ് അല്ലെങ്കിൽ അതിന്റെ സുഗന്ധം അങ്ങേയറ്റം ശക്തിയുള്ളതായിരുന്നു" (ബുഖാരി).

സഹ്ൽ ഇബ്നു സഅ്ദി(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "നബി(ﷺ) പറഞ്ഞു: 'തീർച്ചയായും ഞാൻ ഹൗദിന് അരികിൽ നിൽക്കുന്നതാണ്. ആരെങ്കിലും എന്റെ അരികിലൂടെ നടന്നുപോയാൽ അവൻ (അതിൽനിന്ന്) കുടിക്കുന്നതാണ്. ആരെങ്കിലും (അതിൽനിന്ന്) കുടിച്ചാൽ അവന് ഒരിക്കലും ദാഹിക്കുകയില്ല. ചില ആളുകൾ എന്റെ അടുക്കൽ (അത്) കുടിക്കാനായി വരികതന്നെ ചെയ്യുന്നതാണ്. ഞാൻ അവരെ തിരിച്ചറിയും, അവർ എന്നെയും തിരിച്ചറിയുന്നതാണ്. പിന്നീട് എനിക്കും അവർക്കുമിടൽ മറയിടപ്പെടുന്നതാണ്" (ബുഖാരി).

അബൂ ഹാസിം(റ) പറഞ്ഞു: "നുഅ്മാനുബ്നു അയ്യാശ് എന്നെ കേൾക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം ചോദിച്ചു: 'ഇപ്രകാരം സഅ്ലിൽനിന്ന് നീ കേട്ടിട്ടുണ്ടോ?' അപ്പോൾ ഞാൻ പറഞ്ഞു: 'അതെ.' എന്നിട്ട് അദ്ദേഹം പറഞ്ഞു: 'ഞാൻ അബൂസഈദുൽ ഖുദ്രിയുടെ അടുക്കലും സാക്ഷിയായിട്ടുണ്ട്. അദ്ദേഹത്തെയും ഞാൻ (അപ്രകാരം പറയുന്നതായി) കേട്ടിട്ടുണ്ട്. അതിൽ അദ്ദേഹം (ഇങ്ങനെ) വർധിപ്പിച്ചു: 'അങ്ങനെ ഞാൻ (നബി(ﷺ)) പറയും: 'അവർ എന്നിൽപെട്ടവരാണ്.' അപ്പോൾ പറയപ്പെടും: 'താങ്കളുടെ കാലശേഷം അവർ പുതുതായി ഉണ്ടാക്കിയതിനെ താങ്കൾക്ക് അറിയില്ല.' അപ്പോൾ ഞാൻ പറയും: 'എനിക്ക് ശേഷം മാറ്റം വരുത്തിയവർക്ക് വിദൂരം, വിദൂരം" (ബുഖാരി).

അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്വി(റ)ൽനിന്ന് നിവേദനം; അല്ലാഹുവിന്റെ റസൂൽ(ﷺ) പറഞ്ഞു: "എന്റെ ഹൗദ് ഒരുമാസത്തെ വഴിദൂരമുള്ളതാകുന്നു. (അതിന്റെ വലിപ്പം). അതിന്റെ മൂലകളും അതുപോലെ തന്നെ. അതിലെ വെള്ളം വെള്ളിയെക്കാൾ വെളുത്തതും അതിന്റെ മണം കസ്തൂരിയെക്കാൾ സുഗന്ധമുള്ളതും അതിലെ പാത്രങ്ങൾ ആകാശത്തിലെ നക്ഷത്രങ്ങളുടെ (എണ്ണം) പോലെയുമാകുന്നു. ആരെങ്കിലും അതിൽനിന്ന് കുടിച്ചാൽ അതിനുശേഷം അവന് ഒരിക്കലും ദാഹിക്കുകയേയില്ല." (മുസ്‌ലിം).

"തീർച്ചയായും ഞാൻ നേരത്തെ ഹൗദിനടുക്കൽ ചെന്നുനിൽക്കുന്നതാണ്. അപ്പോൾ നിങ്ങളിൽ ചിലർ എന്റെ അടുക്കൽ വരികതന്നെ ചെയ്യും. വഴിതെറ്റിയ ഒട്ടകം ആട്ടിയകറ്റപ്പെടുന്നത് പോലെ എന്നിൽ നിന്നും അവർ ആട്ടപ്പെടുന്നതാണ്. അപ്പോൾ ഞാൻ ചോദിക്കും: 'ഇത് എന്ത് കാരണത്താലാണ്?' അപ്പോൾ പറയപ്പെടും: 'താങ്കളുടെ കാലശേഷം അവർ പുതുതായി നിർമിച്ചതിനെ പറ്റി തീർച്ചയായും താങ്കൾക്ക് അറിയില്ല.' അപ്പോൾ ഞാൻ പറയും: 'വിദൂരം' (മുസ്‌ലിം).

നമ്മുടെ വിശ്വാസ സംബന്ധമായ ഒരു വലിയ കാര്യമാണ് ഈ ഹദീഥുകളിലെല്ലാം നാം കാണുന്നത്. കൗഥറും ഹൗദുമൊക്കെ പരലോകത്ത് ഉണ്ട് എന്നു വിശ്വസിക്കൽ നിർബന്ധമാണ്. പരലോക വിശ്വാസത്തിന്റെ ഭാഗമാണ് ഇതെല്ലാം. കൗഥറിന്റെയും ഹൗദിന്റെയും പ്രത്യേകതയാണ് ഈ വചനങ്ങളിൽനിന്ന് നമുക്ക് മനസ്സിലാകുന്നത്.

സമചതുരത്തിലുള്ള, ഒരു മാസത്തെ വഴിദൂരവലിപ്പത്തിലുള്ള വമ്പിച്ച ഒരു തടാകമാണ് നബി(ﷺ)ക്ക് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള ആ ഹൗദ്. അതിലെ കോപ്പകളുടെ എണ്ണം എത്രയാണെന്ന് നമുക്ക് അറിയില്ല. ആകാശത്തെ നക്ഷത്രങ്ങളുടെ അത്ര എണ്ണമാണെന്നാണ് നമുക്ക് പറഞ്ഞുതന്നത്. അതിലെ വെള്ളത്തിന്റെ നിറം വെള്ളിയെക്കാൾ വെളുപ്പ്. മറ്റു റിപ്പോർട്ടിൽ വന്നിട്ടുള്ളത് പാലിനെക്കാൾ വെളുപ്പ് എന്നാണ്. അത് തേനിനെക്കാൾ മധുരമുള്ളതും കസ്തൂരിയെക്കാൾ സുഗന്ധമുള്ളതുമാണ്. ഒരു തവണ അതിൽനിന്ന് കുടിച്ചാൽ പിന്നീട് ദാഹിക്കുകയില്ല.

അത് മുഹമ്മദ് നബി(ﷺ)ക്ക് അല്ലാഹു നൽകുന്ന മഹനീയ സ്ഥാനവുമാണ്. മറ്റു നബിമാർക്കൊന്നും അല്ലാഹു ഈ സ്ഥാനം നൽകിയിട്ടില്ല.

ക്വബ്റിൽ നിന്ന് ആദ്യം എഴുന്നേൽക്കുക നബി(ﷺ)യായിരിക്കുമല്ലോ. ആ പ്രവാചകൻ എല്ലാവരും ആ ഹൗദിന്റെ അടുത്ത് എത്തുന്നതിന് മുമ്പുതന്നെ ആളുകൾക്ക് അതിൽനിന്ന് കോരിക്കൊടുക്കുന്നതിനായി അതിന്റെയടുത്ത് എത്തിയിട്ടുണ്ടായിരിക്കും.

നബി(ﷺ)യുടെ സമുദായത്തിലുള്ളവർ അതിൽനിന്ന് കുടിക്കാനായി വരും. ആ സമയത്ത് ചിലർ അവിടെവെച്ച് തടയപ്പെടുന്നു. അവർക്ക് അതിൽനിന്ന് കുടിക്കാൻ സാധിക്കാതെ വരുന്നു. ഇത് കാണുന്ന പ്രവാചകൻ(ﷺ) പറയുന്നു: 'അത് എന്റെ സമുദായക്കാരാണ്. അവരെ കടത്തി വിടൂ.' നിങ്ങൾക്ക് ശേഷം അവർ എന്തെല്ലാമാണ് മതത്തിൽ പുതുതായി ചേർത്തത് എന്ന് താങ്കൾക്ക് അറിയില്ല. അതിനാലാണ് അവർ തടയപ്പെടുന്നത് എന്ന് നബി(ﷺ)ക്ക് മറുപടി ലഭിക്കുന്നു.

അന്നേരം നബി(ﷺ) എങ്ങനെയാണ് നമ്മെ തിരിച്ചറിയുന്നത്? നബി(ﷺ) പഠിപ്പിച്ചിട്ടുള്ള ചില അടയാളങ്ങൾ കാണുന്നതിനാലാകാം. വുദൂഇന്റെ ഭാഗങ്ങൾ പരലോകത്ത് വെട്ടിത്തിളങ്ങുമെന്ന് അവിടുന്ന് പഠിപ്പിച്ചിട്ടുണ്ടല്ലോ. അതല്ലാതെ ക്വബ്റിൽ കിടന്ന് നമ്മെ

കാണുന്നതിനാലോ അറിയുന്നതിനാലോ കേൾക്കുന്നതിനാലോ അല്ല നബിﷺ നമ്മെ തിരിച്ചറിയുന്നത്. എന്തിനാണ് ചിലർക്ക് ആ മഹനീയ പാനീയം തടയപ്പെടുന്നത്? നബിﷺ പഠിപ്പിച്ച ദീനിൽ പുതുതായി (വിശ്വാസങ്ങളും ആചാരങ്ങളും) ഉണ്ടാക്കിയതിനാലാണ് അവർക്ക് അത് തടയപ്പെടുന്നത്. തന്റെ കാലശേഷം ആരെല്ലാമാണ് മതത്തിൽ പുതിയ കാര്യങ്ങൾ കടത്തിക്കൂട്ടുന്നതെന്നോ അവ എന്തൊക്കെയാണെന്നോ അവിടുന്ന് അറിയുന്നില്ല. നല്ലതെന്ന് വിചാരിച്ച് സ്വന്തമായി നിർമിച്ച ദിക്റുകളും സ്വലാത്തുകളും നമസ്കാരങ്ങളും നോമ്പുകളുമെല്ലാം നിമിത്തം നബിﷺ അത്തരക്കാരെ തന്നിൽനിന്നും ആട്ടി വിടുകയാണ്. ഇമാം നവവി۞ പറയുന്നത് കാണുക:

ഹാഫിദ് അബൂഅംറുബ്നു അബ്ദുൽബർറ് പറഞ്ഞു: "ആരെങ്കിലും ദീനിൽ പുതുതായി ഉണ്ടാക്കിയാൽ അവൻ ഹൗദ്വിൽനിന്നും ആട്ടപ്പെടുന്നവരിൽ ഉൾപ്പെടുന്നവനാകുന്നു. ഖവാരിജുകളെയും റാഫിദികളെയും മറ്റു ദേഹേച്ഛക്കാരെയും പോലെയുള്ള ബിദ്അത്തിന്റെ കക്ഷികൾ)" (ശർഹു മുസ്‌ലിം).

ഇമാം ക്വുർത്വുബി(റഹി) തന്റെ തഫ്സീറിൽ സൂറഃ ആലുഇംറാനിലെ 106ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: "ആരെങ്കിലും മാറ്റുകയോ പകരം ഉണ്ടാക്കുകയോ അല്ലെങ്കിൽ അല്ലാഹുവിന്റെ ദീനിൽ അവന് തൃപ്തിയില്ലാത്ത, അല്ലാഹു അനുവാദം തന്നിട്ടില്ലാത്ത ഒന്ന് പുതുതായി ഉണ്ടാക്കുകയോ ചെയ്താൽ അവൻ ഹൗദിൽനിന്ന് ആട്ടപ്പെടുന്ന, മുഖങ്ങൾ കറുത്തവരാകുന്നവരിൽ പെട്ടവനാകുന്നതാണ്. അവരിൽ, ആട്ടപ്പെടുന്നതിനാലും അകറ്റപ്പെടുന്നതിനാലും ഏറ്റവും കഠിനർ മുസ്‌ലിം ജമാഅത്തിന് എതിരായവരും അവരുടെ മാർഗത്തെ മുറിച്ചവരുമാകുന്നു. ഖവാരിജുകളെ പോലെ. (അവർ) അവരുടെ കക്ഷികളിലെ വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ (വ്യത്യസ്തരാണ്), റാഫിദികളെ പോലെയും (അവരുടെ) വഴികേടുകളുടെ ഏറ്റക്കുറച്ചിലിന്റെ അടിസ്ഥാനത്തിൽ (വ്യത്യസ്തരാണ്), മുഅ്തസിലിയ്യാക്കളെ പോലെ (അവരുടെ) ഇച്ഛകളുടെ തരങ്ങൾക്ക് അനുസരിച്ച് (വ്യത്യസ്തരാണ്). ഇവരെല്ലാവരും പകരം ഉണ്ടാക്കിയവരും ബിദ്അത്തുകാരുമാകുന്നു."

അല്ലാഹുവിന്റെ റസൂലിലൂടെ അവൻ പൂർത്തീകരിച്ച മതത്തിൽ പുതുതായി യാതൊന്നും ചേർക്കുവാനോ, അതിൽനിന്ന് ഒഴിവാക്കുവാനോ, അതിന് പകരം മറ്റൊന്ന് കൊണ്ടുവരാനോ ഒരാൾക്കും അർഹതയില്ല. മതത്തിൽ കൈക്രിയ നടത്തുന്ന പലരും മുസ്‌ലിംകളുടെ കൂട്ടത്തിലുമുണ്ട്. അവർക്കെല്ലാം നബിﷺ ഹൗദുൽ കൗഥർ തടയപ്പെടുമെന്നാണ് മനസ്സിലാക്കേണ്ടത്.

ഇമാം നവവിയുടെയും ക്വുർത്വുബിയുടെയും വിവരണത്തിൽ ഖവാരിജുകളെ പോലുള്ളവരെയാണല്ലോ പറഞ്ഞത് എന്നു പറഞ്ഞ് തങ്ങൾ ചെയ്യുന്ന ബിദ്അത്തുകളെ ന്യായീകരിക്കാവതല്ല. ഖവാരിജുകളും റാഫിദികളും മുഅ്തസിലിയ്യാക്കളും അല്ലാഹു പൂർത്തിയാക്കിയ മതത്തിലാണ് പുതിയ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും കൊണ്ടുവന്നത്. ആ പണി ആര് ചെയ്താലും അവരെല്ലാം ബിദ്അത്തിന്റെ കക്ഷികളിൽ പെടുന്നതാണ്.

മുസ്‌ലിം ജമാഅത്ത് എന്നതിൽ ഏറ്റവും മുൻപന്തിയിലുള്ളത് സ്വഹാബിമാരാണ്. സ്വഹാബിമാർക്കില്ലാത്ത വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും കൊണ്ടുനടക്കുന്നവർ നഷ്ടക്കാരാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. നബിﷺയും സ്വഹാബത്തും കാണിച്ചുതരാത്ത, പൂർവികരായ മുസ്‌ലിംകൾക്ക് പരിചയമില്ലാത്ത എന്തെല്ലാമാണ് ഇന്ന് സമൂഹത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്! പൂർവികരുടെ വഴിയിൽനിന്നും തെറ്റി ഖവാരിജുകളും മുഅ്തസിലിയ്യാക്കളും റാഫിദികളും തന്നിഷ്ടപ്രകാരം ദീനീകാര്യങ്ങൾ ഉണ്ടാക്കിയത് പോലെ ദിനേന പുതിയ പുതിയ ആചാരങ്ങളും വന്നുകൊണ്ടിരിക്കുന്നു. മതത്തിൽ കടത്തിക്കൂട്ടിയ കാര്യങ്ങൾ തിരിച്ചറിഞ്ഞ് അവയെല്ലാം ഒഴിവാക്കി പൂർവിക മുസ്‌ലിം ജമാഅത്തിൽ അണികളാകാനാണ് മുസ്‌ലിംകൾ തുനിയേണ്ടത്. അതാണ് സ്വർഗത്തിലേക്കുള്ള വഴി.

എല്ലാ മുസ്‌ലിംകളും നബിﷺയുടെ ഹൗദിലെ വെള്ളം കൊതിക്കുന്നവരാണല്ലോ. അതിനുവേണ്ടി എന്താണ് നാം ചെയ്യേണ്ടത് എന്നും ഏത് മാർഗമാണ് സ്വീകരിക്കേണ്ടത് എന്നും നാം മനസ്സിലാക്കി. എന്നാൽ പലരും ഇന്ന് അതിനുവേണ്ടി കൊതിക്കുകയും അതിനായി നബിﷺനോട് തേടുകയും ചെയ്യുന്നുണ്ട്. അവർ പറയുന്നത് കാണുക:

"നബിമാരിൽ ഉത്തമരായ എന്റെ നേതാവേ, കിതാബ് നിവർത്തുന്ന ദിവസത്തിൽ, ദാഹം അകറ്റുന്നതിനായി അങ്ങയുടെ ഹൗദിലെ ഒരു കോപ്പ ഞങ്ങൾ പ്രതീക്ഷിക്കുന്നു..."

ഇത് നബിﷺയുടെയും അക്കാലത്ത് ജീവിച്ച മുസ്‌ലിം ജമാഅത്തിന്റെയും വിശ്വാസമാണോ? തീർച്ചയായും അല്ല! അതുകൊണ്ടുതന്നെ ഇത്തരക്കാർക്ക് നബിﷺയുടെ ഹൗദിൽനിന്ന് ആ മഹനീയ പാനീയം കുടിക്കാൻ ലഭിക്കുകയില്ല. അവരെ നബിﷺ ആട്ടിയോടിക്കുകയും ചെയ്യും.

കവർ സ്റ്റോറി

സയ്യിദ് സഅ്ഫർ സ്വാദിക് മദീനി
sahfarsadik@gmail.com



# ജൂതന്മാർ ക്വുർആൻ നൽകുന്ന ചരിത്രപാഠങ്ങൾ

**ലോകത്ത് ന്യൂനാൽ ന്യൂനപക്ഷമാണ് ജൂതന്മാർ. എന്നാൽ, അറിയപ്പെട്ടിടത്തോളം ഏറ്റവും കൂടുതൽ പീഡനമനുഭവിച്ച വരും ഏറ്റവുമധികം പേരെ പീഡിപ്പിച്ചവരും ജൂതന്മാരാണ്. അതിന് ചരിത്രപരമായ പല മാനങ്ങളുമുണ്ട്. ജൂതന്മാരെ കുറിച്ച് വിശുദ്ധ വേദഗ്രന്ഥമായ ക്വുർആനിൽ നിരവധി തവണ പരാമർശിക്കുന്നുണ്ട്. അതിൽ ചരിത്രപരമായ വിവര ണങ്ങളുണ്ട്, ഭാവിയെകുറിച്ചുള്ള സൂചനകളുണ്ട്. അത്തരം സൂക്തങ്ങളെ വിശകലനം ചെയ്യുന്നു.**

ജൂതൻമാർ ബനൂഇസ്റാഈലുകാരാണ്. 'ഇസ്റാഈൽ' എന്നത് ഇബ്റാഹീം നബി(عليه السلام)യുടെ മകനായ ഇസ്ഹാക് നബി(عليه السلام)യുടെ മകൻ യഅ്ക്വൂബ് നബി(عليه السلام)യുടെ മറ്റൊരു പേരാണ്, യഅ്ക്വൂബ് നബി(عليه السلام)ക്ക് 12 മക്കൾ ഉണ്ടായിരുന്നു, അവർ 'അസ്ബാത്' എന്ന് അറിയപ്പെടുന്നു. ഇവരുടെ സന്താനങ്ങളാണ് ബനൂഇസ്റാഈലുകൾ. അവർ ഫലസ്തീനിലാണ് താമസിച്ചിരുന്നത്. യൂസുഫ് നബി(عليه السلام) മിസ്റിലെ ഭ

ക്ഷ്യമന്ത്രിയായ സന്ദർഭത്തിൽ അവർ അവിടേക്ക് പോയി. അങ്ങനെ അവർ അവിടെ സ്ഥിരതാമസമാക്കുകയും സമ്പന്നരാവുകയും ചെയ്തു. അതിനുശേഷം മൂന്ന് നൂറ്റാണ്ടു കഴിഞ്ഞ് ഫിർഔൻ അവരുടെ മേൽ ആധിപത്യം നേടി. ഈ അവസരത്തിലാണ് അല്ലാഹു മൂസാനബിﷺയെ അവരിലേക്ക് അയക്കുന്നത്. മൂസാനബിﷺയെ അല്ലാഹു ഫിർഔനിന്റെ കൊട്ടാരത്തിൽ വളർത്തി. ശേഷം നബിയായി നിയോഗിച്ചു. അവസാനം ചെങ്കടൽ പിളർത്തി ഫിർഔനിൽനിന്നും അവന്റെ കിങ്കരൻമാരിൽനിന്നും മൂസാനബിയെയും വിശ്വാസികളെയും രക്ഷപ്പെടുത്തി. ഫലസ്തീനിലേക്ക് മടങ്ങുവാൻ മൂസാനബിﷺ കൽപിച്ചപ്പോൾ ബനൂഇസ്‌റാഈലുകാർ അതിക്രമം നടത്തുകയും വിസമ്മതിക്കുകയുമാണ് ചെയ്തത്. വഴിയിൽവെച്ച് ചിലയാളുകൾ വിഗ്രഹങ്ങളെ ആരാധിക്കുന്നത് കണ്ടപ്പോൾ ഞങ്ങൾക്കും ഇതുപോലെ ഇലാഹിനെ (ആരാധ്യനെ) നിശ്ചയിച്ചുതരണമെന്ന് അവർ മൂസാനബിﷺയോട് ആവശ്യപ്പെട്ടു.

ക്വുർആൻ പറയുന്നു: "ഇസ്‌റാഈൽ സന്തതികളെ നാം കടൽ കടത്തി (രക്ഷപ്പെടുത്തി). എന്നിട്ട് തങ്ങളുടെ ബിംബങ്ങളുടെ മുമ്പാകെ ഭജനമിരിക്കുന്ന ഒരു ജനതയുടെ അടുക്കൽ അവർ ചെന്നെത്തി. അവർ പറഞ്ഞു: ഹേ; മൂസാ, ഇവർക്ക് ദൈവങ്ങളുള്ളത് പോലെ ഞങ്ങൾക്കും ഒരു ദൈവത്തെ നീ ഏർപെടുത്തിത്തരണം. അദ്ദേഹം പറഞ്ഞു: തീർച്ചയായും നിങ്ങൾ വിവരമില്ലാത്ത ഒരു ജനവിഭാഗമാകുന്നു" (ക്വുർആൻ 7:138).

അവരെയുംകൊണ്ട് മൂസാﷺ ഫലസ്തീനിലേക്ക് പോയി. ആ സന്ദർഭത്തിലാണ് തൗറാത്ത് ലഭിക്കുന്നത്. തൗറാത്തുമായി മൂസാﷺ മടങ്ങിവന്നപ്പോൾ തന്റെ സമുദായം സ്വർണംകൊണ്ടുണ്ടാക്കിയ പശുക്കുട്ടിയെ ആരാധിക്കുന്നതാണ് കണ്ടത്. പശുവിനെ ആരാധിച്ചവരെ അല്ലാഹു ശിക്ഷിക്കുകയും അവർ പശ്ചാതപിക്കുകയും ചെയ്തു. പിന്നീട് ബൈത്തുൽ മുക്വദ്ദസിലേക്ക് പ്രവേശിക്കുവാൻ പറഞ്ഞപ്പോൾ അവർ വിസമ്മതിച്ചു.

ക്വുർആൻ പറയുന്നു: "അവർ പറഞ്ഞു: ഓ; മൂസാ, പരാക്രമശാലികളായ ഒരു ജനതയാണ് അവിടെയുള്ളത്. അവർ അവിടെനിന്ന് പുറത്ത് പോകുന്നതുവരെ ഞങ്ങൾ അവിടെ പ്രവേശിക്കുകയേയില്ല. അവർ അവിടെനിന്ന് പുറത്തുപോകുന്നപക്ഷം തീർച്ചയായും ഞങ്ങൾ (അവിടെ) പ്രവേശിച്ചുകൊള്ളാം" (ക്വുർആൻ 5:22).

"അപ്പോൾ അവർ പറഞ്ഞു: ഓ; മൂസാ, അവരവിടെ ഉണ്ടായിരിക്കുന്ന കാലത്തോളം ഞങ്ങളൊരിക്കലും അവിടെ പ്രവേശിക്കുകയില്ല. അതിനാൽ താങ്കളും താങ്കളുടെ രക്ഷിതാവുംകൂടി പോയി യുദ്ധംചെയ്തുകൊള്ളുക. ഞങ്ങൾ ഇവിടെ ഇരിക്കുകയാണ്" (ക്വുർആൻ 5:24).

## അനുസരണക്കേടിന് അല്ലാഹു അവരെ ശിക്ഷിച്ചു

ക്വുർആൻ പറയുന്നു: "അവൻ (അല്ലാഹു) പറഞ്ഞു: എന്നാൽ ആ നാട് നാൽപത് കൊല്ലത്തേക്ക് അവർക്ക് വിലക്കപ്പെട്ടിരിക്കുകയാണ്; തീർച്ച. (അക്കാലമത്രയും) അവർ ഭൂമിയിൽ അന്തംവിട്ട് അലഞ്ഞുനടക്കുന്നതാണ്. ആകയാൽ ആ ധിക്കാരികളായ ജനങ്ങളുടെ പേരിൽ നീ ദുഃഖിക്കരുത്" (ക്വുർആൻ 5:26).

## നാൽപത് വർഷം അലഞ്ഞു നടന്നു

നാൽപതുവർഷം അവർക്ക് അലഞ്ഞുനടക്കേണ്ടിവന്നു. അതിനിടയിൽ വെള്ളവും ഭക്ഷണവുമില്ലാതെ വിഷമിച്ചപ്പോൾ അല്ലാഹു മന്നയും സൽവയും ഇറക്കിക്കൊടുത്ത് അനുഗ്രഹിച്ചു. എന്നാൽ അതൊന്നും അവരുടെ ഹൃദയകാഠിന്യം കുറച്ചില്ല. തൗറാത്ത് സ്വീകരിക്കാം എന്ന് പറഞ്ഞു, എന്നാൽ തൗറാത്തിനെ അവർ പിന്തുടർന്നില്ല. അല്ലാഹു ത്വൂർ പർവതം അവരുടെ മുകളിൽ ഉയർത്തിനിർത്തി. എന്നിട്ട് അവരോടു പറഞ്ഞു; നിങ്ങൾക്ക് നാം നൽകിയ സന്ദേശം മുറുകെപിടിക്കുകയും നമ്മുടെ കൽപനകൾ ശ്രദ്ധിച്ചു കേൾക്കുകയും ചെയ്യുക എന്ന്. അപ്പോൾ അവർ പറഞ്ഞത് ഞങ്ങൾ കേട്ടിരിക്കുന്നു, അനുസരിക്കേണ്ടെന്നു വെക്കുകയും ചെയ്തിരിക്കുന്നു എന്നാണ്!

പശുവിനെ അറുക്കുവാൻ പറഞ്ഞ സംഭവവും ക്വാറൂനിനെ ഭൂമിയിൽ ആഴ്ത്തി ശിക്ഷിച്ച സംഭവവും ഉണ്ടാകുന്നത് ഇതിനിടക്കാണ്. പക്ഷേ, ഇതൊന്നും തന്നെ അവർക്ക് ഗുണപാഠമായില്ല. അവർ പാഠമുൾക്കൊണ്ടില്ല. അവരുടെ ഹൃദയം പാറപോലെ ഉറച്ചുതന്നെ നിന്നു.

മൂസാനബിﷺ മരണപ്പെട്ടു. അവർ അഹങ്കാരത്തിൽ തന്നെ നിലകൊണ്ടു. പിന്നീട് അല്ലാഹു ഒരുപാട് പ്രവാചകൻമാരെ അവരിലേക്ക് നിയോഗിക്കുകയുണ്ടായി. അവർ പ്രവാചകന്മാരെ കളവാക്കുകയോ കൊലപ്പെടുത്തുകയോ ചെയ്തുകൊണ്ടിരുന്നു. ചിലയാളുകൾ മാത്രം വിശ്വസിച്ചു. ഏകദേശം ഏഴ് നൂറ്റാണ്ടിനുശേഷം അവരിലേക്ക് ഈസാനബിﷺയെ അല്ലാഹു നിയോഗിച്ചു. ചിലർ അദ്ദേഹത്തിൽ വിശ്വസിക്കുകയും ചിലർ അവിശ്വസിക്കുകയും ചെയ്തു.

വിശ്വസിച്ചവരെ അവർ ഉപദ്രവിച്ചു. ഈസാ നബിയെ ക്രൂശിക്കുവാനും വധിക്കുവാനും അവർ തീരുമാനിച്ചു. പക്ഷേ, അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തുകയാണ് ഉണ്ടായത്. മർയമിൽ അവർ വ്യഭിചാരോപണം നടത്തുകയും ചെയ്തു. ഇക്കാര്യമെല്ലാം ക്വുർആൻ വിശദീകരിക്കുന്നുണ്ട്:

“വേദക്കാർ നിന്നോട് ആവശ്യപ്പെടുന്നു; നീ അവർക്ക് ആകാശത്തുനിന്ന് ഒരു ഗ്രന്ഥം ഇറക്കിക്കൊടുക്കണമെന്ന്. എന്നാൽ അതിനെക്കാൾ ഗുരുതരമായത് അവർ മൂസായോട് ആവശ്യപ്പെട്ടിട്ടുണ്ട്.(അതായത്) അല്ലാഹുവെ ഞങ്ങൾക്ക് പ്രത്യക്ഷത്തിൽ കാണിച്ചുതരണം എന്നവർ പറയുകയുണ്ടായി. അപ്പോൾ അവരുടെ അക്രമം കാരണം ഇടിത്തീ അവരെ പിടികൂടി. പിന്നെ വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിന് ശേഷം അവർ കാളക്കുട്ടിയെ (ദൈവമായി) സ്വീകരിച്ചു. എന്നിട്ട് നാം അത് പൊറുത്തുകൊടുത്തു. മൂസായ്ക്ക് നം വ്യക്തമായ ന്യായപ്രമാണം നൽകുകയും ചെയ്തു” (ക്വുർആൻ 4:153).

“അവരോട് കരാർ വാങ്ങുവാൻ വേണ്ടി നാം അവർക്ക് മീതെ പർവതത്തെ ഉയർത്തുകയും ചെയ്തു. നിങ്ങൾ (പട്ടണ) വാതിൽ കടക്കുന്നത് തലകുനിച്ച് കൊണ്ടാകണം എന്ന് നാം അവരോട് പറയുകയും ചെയ്തു. നിങ്ങൾ ശബ്ബത്ത് നാളിൽ അതിക്രമം കാണിക്കരുത് എന്നും നാം അവരോട് പറഞ്ഞു. ഉറപ്പേറിയ ഒരു കരാർ നാമവരോട് വാങ്ങുകയും ചെയ്തു” (ക്വുർആൻ 4:154).

“എന്നിട്ട് അവർ കരാർ ലംഘിച്ചതിനാലും, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചതിനാലും, അന്യായമായി പ്രവാചകൻമാരെ കൊലപ്പെടുത്തിയതിനാലും, തങ്ങളുടെ മനസ്സുകൾ അടഞ്ഞുകിടക്കുകയാണ് എന്ന് അവർ പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു). തന്നെയുമല്ല, അവരുടെ സത്യനിഷേധം കാരണമായി അല്ലാഹു ആ മനസ്സുകളുടെമേൽ മുദ്രകുത്തിയിരിക്കുകയാണ്. ആകയാൽ ചുരുക്കത്തിലല്ലാതെ അവർ വിശ്വസിക്കുകയില്ല” (ക്വുർആൻ 4:155).

അവരുടെ സത്യനിഷേധം കാരണമായും മർയമിന്റെ പേരിൽ അവർ ഗുരുതരമായ അപവാദം പറഞ്ഞതിനാലും അല്ലാഹുവിന്റെ ദൂതനായ, മർയമിന്റെ മകൻ മസീഹ് ഈസായെ ഞങ്ങൾ കൊന്നിരിക്കുന്നു എന്നവർ പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു). വാസ്തവത്തിൽ അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടുമില്ല, ക്രൂശിച്ചിട്ടുമില്ല. പക്ഷേ, (യാഥാർഥ്യം) അവർക്ക് തിരിച്ചറിയാതാവുകയാണുണ്ടായത്. തീർച്ചയായും അദ്ദേഹത്തിന്റെ (ഈസായുടെ) കാര്യത്തിൽ ഭിന്നിച്ചവർ അതിനെപ്പറ്റി സംശയത്തിൽ തന്നെയാകുന്നു. ഊഹാപോഹത്തെ പിന്തുടരുന്നതല്ലാതെ അവർക്ക് അക്കാര്യത്തെപ്പറ്റി യാതൊരു അറിവുമില്ല. ഉറപ്പായും അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല. എന്നാൽ അദ്ദേഹത്തെ അല്ലാഹു അവങ്കലേക്ക് ഉയർത്തുകയത്രെ ചെയ്തത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു” (ക്വുർആൻ 4:156-158).

ഈസാനബിﷺയെ ഉയർത്തിയതിനുശേഷം അവർ ഇഞ്ചീലിൽ കൈകടത്തുകയും മതത്തെ മാറ്റിമറിക്കുകയും ചെയ്തു. അങ്ങനെ അവർ ഭൂമിയിൽ കുഴപ്പമുണ്ടാക്കിക്കൊണ്ടിരുന്നു. അതിനുശേഷം അവർ മിസ്ർ, ഇറാഖ്, ജസീറത്തുൽ അറബ് (യഥ്രിബ്, ഖൈബർ, നജ്റാൻ, യമൻ) തുടങ്ങിയ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപിക്കുകയും ചെയ്തു. ആയിടക്കാണ് മക്കയിൽ മുഹമ്മദ്നബിﷺ നിയോഗിക്കപ്പെടുന്നത്. എന്നാൽ അവർ അദ്ദേഹത്തെയും നിഷേധിക്കുകയാണ് ചെയ്തത്. അല്ലാഹു പറയുന്നു:

“നാം വേദഗ്രന്ഥം നൽകിയിട്ടുള്ളവർ സ്വന്തം മക്കളെ അറിയുന്നത് പോലെ അത് അറിയുന്നുണ്ട്. സ്വദേഹങ്ങളെ നഷ്ടത്തിലാക്കിയവരത്രെ അവർ. അതിനാൽ അവർ വിശ്വസിക്കുകയില്ല” (ക്വുർആൻ 6:20).

ഇസ്ലാമിനെയും മുസ്ലിംകളെയും നശിപ്പിക്കുവാൻ വേണ്ടി മുസ്ലിംകളുടെ വേഷത്തിൽ കപടവിശ്വാസികളായി അവർ രംഗത്തുവന്നു. അങ്ങനെ മുസ്ലിംകൾക്കിടയിൽ ഗ്രൂപ്പുകളും കക്ഷികളുമുണ്ടാക്കുകയും ചെയ്തു. (ശിയാക്കൾ, മുഅ്തസിലിയാക്കൾ, ജഹ്മിയാക്കൾ, ഫാത്വിമിയാക്കൾ, കറാമിതകൾ, ഇസ്മാഈലിയ്യ, സ്വൂഫിയ്യാക്കൾ, ബഹായികൾ, ഖാദിയാനികൾ... തുടങ്ങിയ ഒട്ടനവധി ഗ്രൂപ്പുകൾ ജൂതൻമാർ നേരിട്ടുണ്ടാക്കിയതോ അതല്ലെങ്കിൽ അവരുടെ ശ്രമഫലമായോ ഉണ്ടായതാണ്. ആദ്യം മുതൽ ഇന്നുവരെയും പ്രവാചകൻമാരുടെയും മുസ്ലിംകളുടെയും ശത്രുക്കളാണ് ജൂതൻമാർ.

## ഏറെ അനുഗ്രഹങ്ങൾ ലഭിച്ചവർ

അല്ലാഹു ഇവർക്ക് മന്ന, സൽവ എന്നിവ ഇറക്കിക്കൊടുത്തു. ഞങ്ങൾക്ക് പച്ചക്കറിവേണമെന്ന് പറഞ്ഞപ്പോൾ അത് നൽകി. 12 നീറുവയുണ്ടാക്കിക്കൊടുത്തു. അവർ ആവശ്യപ്പെട്ടപ്പോൾ ആകാശത്തുനിന്ന്

'മാഇദ' (ഭക്ഷണത്തളിക) ഇറക്കിക്കൊടുത്തു. കടൽ പിളർത്തി രക്ഷപ്പെടുത്തി...ഇങ്ങനെ ഒട്ടനവധി അനുഗ്രഹങ്ങൾ ലഭിച്ചിട്ടും ആസ്വദിച്ചിട്ടും നഗ്ന നേത്രങ്ങൾ കൊണ്ട് കണ്ടിട്ടും അവർ നന്ദികേട് കാണിക്കുകയാണ് ചെയ്തത്. ഇതെല്ലാം ക്വുർആൻ വിശദമാക്കുന്നത് കാണുക:

"ഇസ്‌റാഈൽ സന്തതികളേ, നിങ്ങളുടെ ശത്രുവിൽനിന്ന് നിങ്ങളെ നാം രക്ഷപ്പെടുത്തുകയും, ത്വൂർ പർവതത്തിന്റെ വലതുഭാഗം നിങ്ങൾക്ക് നാം നിശ്ചയിച്ചുതരികയും, മന്നായും സൽവായും നിങ്ങൾക്ക് നാം ഇറക്കിത്തരികയും ചെയ്തു" (ക്വുർആൻ 20:80).

"ഇസ്‌റാഈൽ സന്തതികളേ, നിങ്ങൾക്ക് ഞാൻ ചെയ്തുതന്നിട്ടുള്ള അനുഗ്രഹവും മറ്റു ജനവിഭാഗങ്ങളെക്കാൾ നിങ്ങൾക്ക് ഞാൻ ശ്രേഷ്ഠത നൽകിയതും നിങ്ങൾ ഓർക്കുക" (ക്വുർആൻ 2: 47).

"ഓ; മൂസാ, ഞങ്ങൾ അല്ലാഹുവെ പ്രത്യക്ഷമായി കാണുന്നതുവരെ താങ്കളെ ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല എന്ന് നിങ്ങൾ പറഞ്ഞ സന്ദർഭം (ഓർക്കുക). തന്നിമിത്തം നിങ്ങൾ നോക്കി നിൽക്കെ ഇടിത്തീ നിങ്ങളെ പിടികൂടി. പിന്നീട് നിങ്ങളുടെ മരണത്തിനുശേഷം നിങ്ങളെ നാം എഴുന്നേൽപിച്ചു. നിങ്ങൾ നന്ദിയുള്ളവരായിത്തീരാൻ വേണ്ടി. നിങ്ങൾക്ക് നാം മേഘത്തണൽ നൽകുകയും മന്നായും കാടപ്പക്ഷികളും ഇറക്കിത്തരികയും ചെയ്തു. നിങ്ങൾക്ക് നാം നൽകിയിട്ടുള്ള വിശിഷ്ടമായ വസ്തുക്കളിൽനിന്ന് ഭക്ഷിച്ചുകൊള്ളുക (എന്ന് നാം നിർദേശിച്ചു). അവർ (എന്നിട്ടും നന്ദികേട് കാണിച്ചവർ) നമുക്കൊരു ദ്രോഹവും വരുത്തിയിട്ടില്ല. അവർ അവർക്ക് തന്നെയാണ് ദ്രോഹമുണ്ടാക്കിക്കൊണ്ടിരിക്കുന്നത്. നിങ്ങൾ ഈ പട്ടണത്തിൽ പ്രവേശിക്കുവിൻ. അവിടെ നിങ്ങൾക്ക് ഇഷ്ടമുള്ളിടത്തുനിന്ന് യഥേഷ്ടം ഭക്ഷിച്ചുകൊള്ളുവിൻ. തലകുനിച്ചുകൊണ്ട് വാതിൽ കടക്കുകയും പശ്ചാത്താപവചനം പറയുകയും ചെയ്യുവിൻ. നിങ്ങളുടെ പാപങ്ങൾ നാം പൊറുത്തുതരികയും സൽപ്രവൃത്തികൾ ചെയ്യുന്നവർക്ക് കൂടുതൽ കൂടുതൽ അനുഗ്രഹങ്ങൾ നൽകുകയും ചെയ്യുന്നതാണ് എന്ന് നാം പറഞ്ഞ സന്ദർഭവും (ഓർക്കുക). എന്നാൽ അക്രമികളായ ആളുകൾ അവരോട് നിർദേശിക്കപ്പെട്ട വാക്കിന്നു പകരം മറ്റൊരു വാക്കാണ് ഉപയോഗിച്ചത്. അതിനാൽ ആ അക്രമികളുടെ മേൽ നാം ആകാശത്തു നിന്ന് ശിക്ഷ ഇറക്കി. കാരണം അവർ ധിക്കാരം കാണിച്ചുകൊണ്ടിരുന്നത് തന്നെ. മൂസാനബി തന്റെ ജനതയ്ക്കുവേണ്ടി വെള്ളത്തിനപേക്ഷിച്ച സന്ദർഭവും (ശ്രദ്ധിക്കുക). അപ്പോൾ നാം പറഞ്ഞു: നിന്റെ വടികൊണ്ട് പാറമേൽ അടിക്കുക. അങ്ങനെ അതിൽനിന്ന് പന്ത്രണ്ട് ഉറവുകൾ പൊട്ടി ഒഴുകി. ജനങ്ങളിൽ ഓരോ വിഭാഗവും അവരവർക്ക് വെള്ളമെടുക്കാനുള്ള സ്ഥലങ്ങൾ മനസ്സിലാക്കി. അല്ലാഹുവിന്റെ ആഹാരത്തിൽനിന്ന് നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളൂ. ഭൂമിയിൽ കുഴപ്പമുണ്ടാക്കി നാശകാരികളായിത്തീരരുത് (എന്ന് നാം അവരോട് നിർദേശിക്കുകയും ചെയ്തു). ഓ; മൂസാ, ഒരേതരം ആഹാരവുമായി ക്ഷമിച്ചുകഴിയുവാൻ ഞങ്ങൾക്ക് സാധിക്കുകയില്ല. അതിനാൽ മണ്ണിൽ മുളച്ചുണ്ടാവുന്ന തരത്തിലുള്ള ചീര, വെള്ളരി, ഗോതമ്പ്, പയറ്, ഉള്ളി മുതലായവ ഞങ്ങൾക്ക് ഉൽപാദിപ്പിച്ചുതരുവാൻ താങ്കൾ താങ്കളുടെ നാഥനോട് പ്രാർഥിക്കുക എന്ന് നിങ്ങൾ പറഞ്ഞ സന്ദർഭവും (ഓർക്കുക). മൂസാ പറഞ്ഞു: കൂടുതൽ ഉത്തമമായത് വിട്ട് തികച്ചും താണതരത്തിലുള്ളതാണോ നിങ്ങൾ പകരം ആവശ്യപ്പെടുന്നത്? എന്നാൽ നിങ്ങളൊരു പട്ടണത്തിൽ ചെന്നിറങ്ങിക്കൊള്ളൂ. നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാം നിങ്ങൾക്കവിടെ കിട്ടും. (ഇത്തരം ദുർവാശികൾ കാരണമായി) അവരുടെ മേൽ നിന്ദ്യതയും പതിത്വവും അടിച്ചേൽപിക്കപ്പെടുകയും അവർ അല്ലാഹുവിന്റെ കോപത്തിന് പാത്രമായിത്തീരുകയും ചെയ്തു. അവർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും പ്രവാചകൻമാരെ അന്യായമായി കൊലപ്പെടുത്തുകയും ചെയ്തതിന്റെ ഫലമായിട്ടാണത് സംഭവിച്ചത്. അവർ ധിക്കാരം കാണിക്കുകയും അതിക്രമം പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമായാണത് സംഭവിച്ചത്" (ക്വുർആൻ 2:55-61).

## നന്ദികേടിന്റെ പര്യായം

ഒട്ടേറെ അനുഗ്രഹങ്ങൾ അനുഭവിച്ചും ആസ്വദിച്ചും ജീവിച്ചിട്ട് കടുത്ത നന്ദികേടാണ് ഇക്കൂട്ടർ കാണിച്ചത്. അല്ലാഹു പറയുന്നു: "ഇ്സ്‌റാഈൽ സന്തതികളെ നാം കടൽകടത്തി (രക്ഷപ്പെടുത്തി). എന്നിട്ട് തങ്ങളുടെ ബിംബങ്ങളുടെ മുമ്പാകെ ഭജനമിരിക്കുന്ന ഒരു ജനതയുടെ അടുക്കൽ അവർ ചെന്നെത്തി. അവർ പറഞ്ഞു: ഹേ; മൂസാ, ഇവർക്ക് ദൈവങ്ങളുള്ളത് പോലെ ഞങ്ങൾക്കും ഒരു ദൈവത്തെ നീ ഏർപെടുത്തിത്തരണം. അദ്ദേഹം പറഞ്ഞു: തീർച്ചയായും നിങ്ങൾ വിവരമില്ലാത്ത ഒരു ജനവിഭാഗമാകുന്നു" (ക്വുർആൻ 7:138).

## വിശ്വാസം

മൂസാനബിﷺ തൗഹീദാണ് (ഏക ദൈവവിശ്വാസം) അവരെ പഠിപ്പിച്ചത്. പക്ഷേ അവരതിൽ കൃത്രിമത്വം കാണിച്ചു; അവരിൽ ശിർക്ക് (ബഹുദൈവാരാധന) കടന്നുകൂടി. മൂസാനബിയുടെ കാലത്തുതന്നെ അവർ അതിക്രമം നടത്തുകയുണ്ടായി.

അല്ലാഹു പറയുന്നത് കാണുക: "വേദക്കാർ നിന്നോട് ആവശ്യപ്പെടുന്നു; നീ അവർക്ക് ആകാശത്തു നിന്ന് ഒരു ഗ്രന്ഥം ഇറക്കിക്കൊടുക്കണമെന്ന്. എന്നാൽ അതിനെക്കാൾ ഗുരുതരമായത് അവർ മൂസായോട് ആവശ്യപ്പെട്ടിട്ടുണ്ട്. (അതായത്) അല്ലാഹുവെ ഞങ്ങൾക്ക് പ്രത്യക്ഷത്തിൽ കാണിച്ചുതരണം എന്നവർ പറയുകയുണ്ടായി. അപ്പോൾ അവരുടെ അക്രമം കാരണം ഇടിത്തീ അവരെ പിടികൂടി. പിന്നെ വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിന് ശേഷം അവർ കാളക്കുട്ടിയെ (ദൈവമായി) സ്വീകരിച്ചു. എന്നിട്ട് നാം അത് പൊറുത്തുകൊടുത്തു. മൂസായ്ക്ക് നാം വ്യക്തമായ ന്യായപ്രമാണം നൽകുകയും ചെയ്തു" (ക്വുർആൻ 4:153).

യുദ്ധം ചെയ്യാനായി ആവശ്യപ്പെട്ട സമയം അവർ പറഞ്ഞത് നീയും നിന്റെ റബ്ബുംപോയി യുദ്ധം ചെയ്യുക എന്നാണ്.

"അപ്പോൾ അവർ പറഞ്ഞു: ഓ; മൂസാ, അവരവിടെ ഉണ്ടായിരിക്കുന്ന കാലത്തോളം ഞങ്ങളൊരിക്കലും അവിടെ പ്രവേശിക്കുകയില്ല. അതിനാൽ താങ്കളും താങ്കളുടെ രക്ഷിതാവുംകൂടി പോയി യുദ്ധം ചെയ്ത് കൊള്ളുക. ഞങ്ങൾ ഇവിടെ ഇരിക്കുകയാണ്" (ക്വുർആൻ 5:24).

## ഉസൈറിനെ സംബന്ധിച്ച് പറഞ്ഞത്

"ഉസൈർ (എസ്രാ പ്രവാചകൻ) ദൈവപുത്രനാണെന്ന് യഹൂദൻമാർ പറഞ്ഞു. മസീഹ് (മിശിഹാ) ദൈവപുത്രനാണെന്ന് ക്രിസ്ത്യാനികളും പറഞ്ഞു. അതവരുടെ വായകൊണ്ടുള്ള വാക്ക് മാത്രമാണ്. മുമ്പ് അവിശ്വസിച്ചവരുടെ വാക്കിനെ അവർ അനുകരിക്കുകയാകുന്നു. അല്ലാഹു അവരെ ശപിച്ചിരിക്കുന്നു എങ്ങനെയാണവർ തെറ്റിക്കപ്പെടുന്നത്?"(ക്വുർആൻ 9:30).

തുടർന്ന് വേദഗ്രന്ഥങ്ങൾ തിരുത്തിക്കുറിച്ച് 'തൽമൂദ്' ഉണ്ടാക്കി; അവരുടെ പണ്ഡിതൻമാരുടെ അഭിപ്രായങ്ങളും ലേഖനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട്. അവരുടെ പണ്ഡിതൻമാരുടെ വാക്യങ്ങളെ അവർ വേദവാക്യങ്ങളാക്കുകയും ചെയ്തു. അതിനെക്കുറിച്ച് അല്ലാഹു പറയുന്നു:

"ഉസൈർ (എസ്രാ പ്രവാചകൻ) ദൈവപുത്രനാണെന്ന് യഹൂദൻമാർ പറഞ്ഞു. മസീഹ് (മിശിഹാ) ദൈവപുത്രനാണെന്ന് ക്രിസ്ത്യാനികളും പറഞ്ഞു. അത് അവരുടെ വായകൊണ്ടുള്ള വാക്ക് മാത്രമാണ്. മുമ്പ് അവിശ്വസിച്ചവരുടെ വാക്കിനെ അവർ അനുകരിക്കുകയാകുന്നു. അല്ലാഹു അവരെ ശപിച്ചിരിക്കുന്നു എങ്ങനെയാണവർ തെറ്റിക്കപ്പെടുന്നത്? അവരുടെ പണ്ഡിതൻമാരെയും പുരോഹിതൻമാരെയും മർയമിന്റെ മകനായ മസീഹിനെയും അല്ലാഹുവിന് പുറമെ അവർ രക്ഷിതാക്കളായി സ്വീകരിച്ചു. എന്നാൽ ഏകദൈവത്തെ ആരാധിക്കാൻ മാത്രമായിരുന്നു അവർ കൽപിക്കപ്പെട്ടിരുന്നത്. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവർ പങ്കുചേർക്കുന്നതിൽനിന്ന് അവനെത്രയോ പരിശുദ്ധൻ!"(ക്വുർആൻ 9:31).

## 'ഞങ്ങൾ അല്ലാഹുവിന്റെ മക്കളും പ്രിയപ്പെട്ടവരുമാണ്'

ഞങ്ങൾ അല്ലാഹുവിന്റെ മക്കളും പ്രിയപ്പെട്ടവരുമായ ജനതയാണ് എന്നവർ വാദിച്ചു. അതിന്റെ അർഥശൂന്യത അല്ലാഹു വ്യക്തമാക്കുന്നത് കാണുക:

"യഹൂദരും ക്രിസ്ത്യാനികളും പറഞ്ഞു; ഞങ്ങൾ അല്ലാഹുവിന്റെ മക്കളും അവന്ന് പ്രിയപ്പെട്ടവരുമാകുന്നു എന്ന്. (നബിയേ,) പറയുക: പിന്നെ എന്തിനാണ് നിങ്ങളുടെ കുറ്റങ്ങൾക്ക് അല്ലാഹു നിങ്ങളെ ശിക്ഷിക്കുന്നത്? അങ്ങനെയല്ല; അവന്റെ സൃഷ്ടികളിൽ പെട്ട മനുഷ്യർ മാത്രമാകുന്നു നിങ്ങൾ. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുകയും അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യും. ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും എല്ലാം ആധിപത്യം അല്ലാഹുവിനത്രെ. അവങ്കലേക്ക് തന്നെയാണ് മടക്കം" (ക്വുർആൻ 5:18).

## സ്വയം ശരീഅത്തുണ്ടാക്കി

വേദഗ്രന്ഥങ്ങളിലൂടെ ലഭിച്ച മതനിയമങ്ങളെ അവർ മാറ്റിമറിക്കുകയും പുതിയ മതനിയമങ്ങൾ ഉണ്ടാക്കുകയും ചെയ്തു. ക്വുർആൻ വ്യക്തമാക്കുന്നത് ശ്രദ്ധിക്കുക:

"എല്ലാ ആഹാരപദാർഥവും ഇസ്റാഈൽ സന്തതികൾക്ക് അനുവദനീയമായിരുന്നു. തൗറാത്ത് അവതരിപ്പിക്കപ്പെടുന്നതിന് മുമ്പായി ഇസ്റാഈൽ (യഅ്ക്വൂബ് നബി) തന്റെ കാര്യത്തിൽ നിഷിദ്ധമാക്കിയതൊഴികെ. (നബിയേ,) പറയുക: നിങ്ങൾ സത്യവാൻമാരാണെങ്കിൽ തൗറാത്ത് കൊണ്ടുവന്നു അതൊന്ന് വായിച്ചുകേൾപിക്കുക" (ക്വുർആൻ 3:93).

**(അവസാനിച്ചില്ല)**

മുബാറക് ബിൻ ഉമർ
mail@nerpatham.com

ലേഖനം



# മനുഷ്യർ രണ്ടുവിഭാഗം

നക്സലൈറ്റ് നേതാവ് എ. വർഗീസിനെ ഡിവൈഎസ്പി. കെ ലക്ഷ്മണയുടെ നിർദേശ പ്രകാരം വെടിവെച്ചു കൊന്നതിനു ദൃക്സാക്ഷിയാണെന്ന നിർണായകമൊഴി കൊടുത്ത റിട്ട. കോൺസ്റ്റബിൾ തോളിക്കോട് പതിനെട്ടാംകല്ല് എം.എം. എച്ച് മൻസിലിൽ എ. മുഹമ്മദ് ഹനീഫ (83) അന്തരിച്ചു. വാർധക്യ സഹജമായ അസുഖം മൂലമാണ് അന്ത്യം.

വയനാട് തിരുനെല്ലിക്കാട്ടിലെ നാക്സലൈറ്റുകളെ പിടികൂടാൻ നിയോഗിച്ച സിആർപിഎഫ് ദൗത്യ സംഘത്തിലെ അംഗമായിരുന്നു. 1970 ഫെബ്രുവരി 18നാണ് വർഗീസിനെ പിടികൂടിയത്. തുടർന്ന് മാനന്തവാടി പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോകവെ തിരുനെല്ലിയിലേക്ക് തിരിച്ചുകൊണ്ട്വരാൻ ഡിഐജി വിജയനും ഡിവൈഎസ്പി ലക്ഷ്മണയും നിർദേശിച്ചു. തിരുന്നെല്ലിയിൽ എത്തിച്ച വർഗീസിനെ ഉൾക്കാട്ടിലേക്ക് കൊണ്ടുപോകാൻ നാലു കോൺസ്റ്റബിൾമാരോട് പറഞ്ഞു. അതിൽ ഒരാളായിരുന്നു ഹനീഫ. ഉൾക്കാട്ടിൽവെച്ച് വർഗീസിനെ വെടിവെച്ചുകൊല്ലാൻ കൂട്ടത്തിലുള്ള കോൺസ്റ്റബിൾ രാമചന്ദ്രൻ നായരെ നിയോഗിച്ചു. അദ്ദേഹം ആദ്യം വിസമ്മതിച്ചെങ്കിലും ലക്ഷ്മണയുടെ ഭീഷണിക്ക് വഴങ്ങി വെടിയുതിർത്തു. വർഗീസ് ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടെന്നാണ് പോലീസ് പറഞ്ഞത്. 1998ൽ രാമചന്ദ്രൻ നായരുടെ വെളിപ്പെടുത്തലിലൂടെ വിവാദമായതോടെ പുനരന്വേഷണവും എറണാംകുളം സിബിഐ കോടതിയിൽ കേസും വ

ന്നു. ഇതിനിടെ രാമചന്ദ്രൻ നായർ ഉൾപ്പെടെ മൂന്നു റിട്ട:കോൺസ്റ്റബിൾമാരും മരിച്ചു. ജീവിച്ചിരിക്കുന്ന ദൃക്സാക്ഷിയായ ഹനീഫയോട് മൊഴിനൽകാൻ കോടതി നിർദേശിച്ചു. രോഗബാധിതനായതിനാൽ എത്താൻ കഴിയില്ലെന്ന് കോടതിയെ അറിയിച്ചു. തുടർന്ന് ജഡ്ജിയുടെ നിർദേശപ്രകാരം ഹനീഫയുടെ വീട്ടിലെത്തി ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ആർആർ കമ്മത്ത് മൊഴിയെടുത്തു. ഈ മൊഴിയുടെ അടിസ്ഥാനത്തിലാണ് ലക്ഷ്മണയെ ജീവപര്യന്തം തടവിനു ശിക്ഷിച്ചത്.

ഈ മെയ് മാസം രണ്ടാം വാരത്തിൽ വന്ന ഒരു റിപ്പോർട്ടാണിത്. പല കാര്യങ്ങളും നമ്മുടെ ചിന്തയിലേക്ക് കൊണ്ടുവരുന്ന ഒരു സംഭവമാണിതെന്നു പറയാതെ വയ്യ.

കേരളത്തിൽ കോളിളക്കം സൃഷ്ടിച്ച ഒരു കാലഘട്ടമായിരുന്നു നക്സലൈറ്റുകളുടെ രംഗപ്രവേശം. സമൂഹത്തിലെ അനീതികൾക്കും അന്യായങ്ങൾക്കുമെതിരെ പോരാടണം; കൊല്ലേണ്ടവനെ കൊല്ലണം എന്ന നിലയ്ക്ക് നിയമം കയ്യിലെടുത്ത ഒരുകൂട്ടം ചെറുപ്പക്കാർ ഭരണാധികാരികളുടെ ഉറക്കം കെടുത്തി. പാവങ്ങളെ ചൂഷണം ചെയ്ത് തടിച്ചുകൊഴുത്ത പല താപ്പാനകളെയും അവർ വകവരുത്തി. ഒടുവിൽ അവരെ അടിച്ചൊതുക്കി ആ ഭീഷണി ഇല്ലാതാക്കി. അക്കൂട്ടത്തിൽ കൊല്ലപ്പെട്ടതാണ് നക്സലൈറ്റ് നേതാവ് വർഗീസ്. പോലീസുമായുള്ള ഏറ്റുമുട്ടലാണ് മരണകാരണമെന്ന് പ്രചരിപ്പിച്ചിരുന്നു. എന്നാൽ ആ കൊല നടത്തിയ ആൾ ഒരുപാട് വർഷങ്ങൾക്കുശേഷം കുറ്റസമ്മതം നടത്തി; തന്നെ ഭീഷണിപ്പെടുത്തിയ പോലീസ് മേലുദ്യോഗസ്ഥർ തന്നെക്കൊണ്ട് നിർബന്ധിച്ചു ചെയ്യിക്കുകയായിരുന്നു എന്ന്. ആകെ പ്രശ്നമായി; ഒടുവിൽ ആ ഉദ്യോഗസ്ഥന് അഴിയെണ്ണേണ്ടി വന്നു.

ജൂതനായ കാറൽ മാർക്സ് അവതരിപ്പിച്ച മാർക്സിസം പതിറ്റാണ്ടുകൾക്ക് ശേഷം റഷ്യയിലാണ് വമ്പൻ ചോരപ്പുഴയൊഴുക്കിയശേഷം നടപ്പിലാക്കപ്പെട്ടത്. അതോടെ പല രാഷ്ട്രങ്ങളും ആ വഴിക്ക് നീങ്ങി. സോവിയറ്റ് യൂണിയന്റെ പ്രോപഗണ്ട ഇങ്ങിവിടെ കേരളത്തിൽ പോലുമെത്തി. എന്റെ ചെറുപ്പകാലത്ത് വ്യാപകമായി കണ്ടിരുന്ന 'സോവിയറ്റ് നാട്' (പേര് അതാണെന്നോർമ) മാസികയ്ക്ക് വലിയ പ്രചാരമായിരുന്നു. സോവിയറ്റ് യൂണിയൻ സ്വർഗമാണെന്നായിരുന്നു കമ്യൂണിസ്റ്റുകൾ പ്രചരിപ്പിച്ചിരുന്നത്. ഇന്ത്യയിൽ തന്നെ കമ്യൂണിസ്റ്റ് പാർട്ടി പലതവണ പിളർന്നു. അതിൽ ഒരുകൂട്ടർ സായുധ വിപ്ലവത്തിന്റെ വക്താക്കളായി. അന്ന് അങ്ങനെ നക്സലൈറ്റുകളയവർ പിൽക്കാലത്ത് നക്സലിസം മാത്രമല്ല, കമ്യൂണിസം തന്നെ കൈവിട്ടു. സോവിയറ്റ് യൂണിയൻ തകർന്ന് അഞ്ചെട്ടു രാഷ്ട്രങ്ങളായി തീർന്നു. കമ്യൂണിസത്തിന്റെ ആശയാടിത്തറകൾക്ക് സ്വാഭാവികമരണം സംഭവിച്ചു. കമ്യൂണിസത്തിന്റെ ആശയങ്ങളൊന്നും പ്രയോഗികമല്ല എന്ന് കാലം തെളിയിച്ചു.

മനുഷ്യർ രണ്ട് വിഭാഗമുണ്ട്. നന്മയുടെ ഭാഗത്തു നിൽക്കുന്നവർ ഒരു വിഭാഗം. തിന്മയുടെ ഭാഗത്തു നിൽക്കുന്നവർ മറ്റൊരു വിഭാഗം. ഈ രണ്ടുവിഭാഗങ്ങളുടെയും പ്രതീകങ്ങളായി ആദമി(عليه السلام)ന്റെ രണ്ട് മക്കളെ ക്വുർആൻ നമുക്ക് വരച്ചുകാണിച്ചുതരുന്നു. (നന്മയുടെയും തിന്മയുടെയും ഭാഗത്തു നിന്ന രണ്ടു തരം മനുഷ്യരെയും തുടക്കത്തിൽ ഉദ്ധരിച്ച സംഭവത്തിൽ നമുക്ക് കാണാം).

ക്വുർആൻ പറയുന്നു: "നീ അവർക്ക് ആദമിന്റെ രണ്ട് പുത്രന്മാരുടെ വൃത്താന്തം സത്യപ്രകാരം ഓതിക്കേൾപ്പിക്കുക. അവർ ഇരുവരും ഓരോ ബലിയർപ്പിച്ച സന്ദർഭം; ഒരാളിൽനിന്ന് ബലി സ്വീകരിക്കപ്പെട്ടു. മാറ്റവനിൽനിന്ന് സ്വീകരിക്കപ്പെട്ടില്ല. മറ്റവൻ പറഞ്ഞു: ഞാൻ നിന്നെ കൊലപ്പെടുത്തുക തന്നെ ചെയ്യും. അവൻ (ബലി സ്വീകരിക്കപ്പെട്ടവൻ) പറഞ്ഞു: ധർമത്തിലുള്ളവരിൽനിന്ന് മാത്രമെ അല്ലാഹു സ്വീകരിക്കുകയുള്ളൂ. എന്നെ കൊല്ലുവാൻ വേണ്ടി നീ എന്റെ നേരെ കൈ നീട്ടിയാൽ പോലും, നിന്നെ കൊല്ലുവാൻ വേണ്ടി ഞാൻ നിന്റെനേരെ കൈനീട്ടുന്നതല്ല. തീർച്ചയായും ഞാൻ ലോകരക്ഷിതാവായ അല്ലാഹുവിനെ ഭയപ്പെടുന്നു. എന്റെ കുറ്റത്തിനും നിന്റെ കുറ്റത്തിനും നീ അർഹനായിത്തീരുവാനും അങ്ങനെ നീ നരകവകാശികളുടെ കൂട്ടത്തിലാകുവാനുമാണ് ഞാൻ ആഗ്രഹിക്കുന്നത്. അതാണ് അക്രമികൾക്കുള്ള പ്രതിഫലം. എന്നിട്ട് തന്റെ സഹോദരനെ കൊല്ലുവാൻ അവന്റെ മനസ്സ് അവന്ന് പ്രേരണ നൽകി. അങ്ങനെ അവ

> **സോവിയറ്റ് യൂണിയൻ സ്വർഗമാണെന്നായിരുന്നു കമ്യൂണിസ്റ്റുകൾ പ്രചരിപ്പിച്ചിരുന്നത്. സോവിയറ്റ് യൂണിയന്റെ പ്രോപഗണ്ട ഇങ്ങിവിടെ കേരളത്തിൽ പോലുമെത്തി. അതിൽ ഒരുകൂട്ടർ സായുധ വിപ്ലവത്തിന്റെ വക്താക്കളായി. അന്ന് അങ്ങനെ നക്സലൈറ്റുകളയവർ പിൽക്കാലത്ത് നക്സലിസം മാത്രമല്ല, കമ്യൂണിസം തന്നെ കൈവിട്ടു. സോവിയറ്റ് യൂണിയൻ തകർന്ന് അഞ്ചെട്ടു രാഷ്ട്രങ്ങളായി തീർന്നു. കമ്യൂണിസത്തിന്റെ ആശയാടിത്തറകൾക്ക് സ്വാഭാവികമരണം സംഭവിച്ചു. കമ്യൂണിസത്തിന്റെ ആശയങ്ങളൊന്നും പ്രയോഗികമല്ല എന്ന് കാലം തെളിയിച്ചു.**

നെ കൊലപ്പെടുത്തി. അതിനാൽ അവൻ നഷ്ടക്കാരിൽ പെട്ടവനായി തീർന്നു. അപ്പോൾ തന്റെ സഹോദരന്റെ മൃതദേഹം മറവുചെയ്യേണ്ടത് എങ്ങനെയെന്ന് അവന്നു കാണിച്ചുകൊടുക്കുവാനായി നിലത്ത് മാന്തി കുഴിയുണ്ടാക്കുന്ന ഒരു കാക്കയെ അല്ലാഹു അയച്ചു. അവൻ പറഞ്ഞു: എന്തൊരു കഷ്ടം! എന്റെ സഹോദരന്റെ മൃതദേഹം മറവു ചെയ്യുന്ന കാര്യത്തിൽ ഈ കാക്കയെ പോലെ ആകാൻ പോലും എനിക്ക് കഴിയാതെ പോയല്ലോ. അങ്ങനെ അവൻ ഖേദക്കാരുടെ കൂട്ടത്തിലായി തീർന്നു" (ക്വുർആൻ 5:27-31).

ക്വുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങൾ വിശദമായി ഈ കഥ പ്രതിപാദിക്കുന്നുണ്ട്. കൊലയിലേക്കെത്തിച്ച കാരണവും വിവരിക്കുന്നുണ്ട്. അത് ഇപ്പോൾ നമ്മുടെ ചിന്താവിഷയമല്ല. നന്മയുടെ പ്രതീകമായി ഹാബീലും, തിന്മയുടെ പ്രതീകമായി ഖാബീലും! പകയും അസൂയയും മൂത്ത് ഖാബീൽ കൊല്ലാനൊരുങ്ങുന്നതായി ഇവിടെ നമുക്ക് കാണാം. അവൻ കൊല്ലാൻ തയ്യാറെടുക്കുമ്പോൾ അതിനു പകരം ചെയ്യാനൊരുങ്ങാത്ത ഹാബീലിനെയും നമുക്കിവിടെ കാണാം. ഒരാൾ അക്രമത്തിന്റെ മാർഗം സ്വീകരിക്കുന്നു. മറ്റെയാൾ അക്രമം ചെയ്യാൻ തയ്യാറല്ല. ധർമവും ന്യായവും വിട്ട് അയാൾ ഒന്നും ചെയ്യാൻ തയ്യാറല്ല. അങ്ങനെ അക്രമി സഹോദരനെ കൊന്നു. മനുഷ്യചരിത്രത്തിലെ ആദ്യത്തെ കൊല! മനുഷ്യനെ സൃഷ്ടിക്കാൻ പോകുന്നുവെന്ന കാര്യം അറിഞ്ഞപ്പോൾ മലക്കുകൾ സൃഷ്ടാവിനോട്, ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുന്നവനുമായ മനുഷ്യനെ സൃഷ്ടിക്കുകയാണോയെന്ന് ചോദിച്ചിരുന്നു. മനുഷ്യന് പല കഴിവുകളുമുണ്ട്. നല്ലവഴിക്ക് പോയാൽ അവൻ ഉന്നതനും ഉത്തമനുമായിത്തീരും. ചീത്തവഴിക്ക് പോയാൽ അവൻ കുഴപ്പക്കാരനും അക്രമിയുമായിത്തീരും. മൃതദേഹം കൊണ്ട് എന്തു ചെയ്യണമെന്നറിയാതെ അന്തംവിട്ട അക്രമി കാക്കയുടെ പ്രവൃത്തി അനുകരിക്കുന്ന ദയനീയ രംഗം ക്വുർആൻ വരച്ചുകാണിക്കുന്നത് ശ്രദ്ധിക്കുക.

എന്തുതരം അക്രമം നടക്കുന്നേടത്തും ഒരാൾ ആക്രമിയും മറ്റെയാൾ അക്രമിക്കപ്പെട്ടവനുമായിരിക്കും, മിക്കവാറും. അക്രമം, അനീതി, അന്യായം, അധർമം ഒക്കെ ചെയ്യുന്നവർ എല്ലാ രംഗത്തുമുണ്ട്. അവർക്ക് അവരുടെ ഉദ്ദേശ്യം നടന്നാൽ മതി. ലക്ഷ്യം നേടണം. തങ്ങളുടെ ആശകൾ നിറവേറ്റണം. ഇച്ഛകൾ സാക്ഷാത്കരിക്കപ്പെടണം. അതിന്ന് അവർ എന്തും ചെയ്യും. അവർ ചെയ്യുന്ന ദുഷ്കൃത്യങ്ങൾക്ക് പല ന്യായീകരണങ്ങളും അവർ കണ്ടെത്തും. അതിനു പിശാചിന്റെ ദുർബോധനം സകല പ്രേരണയും നൽകും. 'അവരുടെ പ്രവൃത്തികൾ പിശാച് അവർക്ക് ഭംഗിയാക്കി കാണിച്ചു കൊടുത്തു' എന്ന വാക്കിലൂടെ ക്വുർആൻ പലയിടങ്ങളിലും ചൂണ്ടിക്കാണിച്ചത് ഇക്കാര്യമാണ്.



അക്രമത്തിലും അധർമത്തിലും പൂണ്ടുപിടിച്ചവൻ പോകെപ്പോകെ അന്ധനും ബധിരനും ആയിത്തീരുമെന്ന് ക്വുർആൻ സൂചിപ്പിക്കുന്നുണ്ട്. നന്മ കാണാൻ അവനു കഴിയില്ല. അതാണ് അന്ധത. നല്ലത് അവന്റെ ചെവിയിൽ കടക്കില്ല. അതാണ് ബധിരത. തന്റെ അക്രമപ്രവർത്തനം എത്ര ബുദ്ധിപരമായാണ് താൻ കൈകാര്യം ചെയ്തതെന്ന് അവനു തോന്നും. തന്നെപ്പറ്റി മതിപ്പ് തോന്നുമെന്ന് അർഥം. അവനെ നേരെയാക്കാൻ കഴിയില്ല.

ഭരണകൂടത്തിന്റെ അക്രമം നമുക്കിവിടെ കാണാം. അധികാരമുണ്ടെങ്കിൽ എന്തുമാവാം എന്ന നിലപാട്. അത് ലോകമെമ്പടും നാം കാണുന്നു. ജനാധിപത്യം നിലനിൽക്കുന്ന നമ്മുടെ നാട് പോലും വ്യത്യസ്തമല്ല.

മറച്ചുവെച്ച സത്യം കുറേകാലം കഴിഞ്ഞാലും വെളിപ്പെടും എന്നതാണ് മറ്റൊരു കാര്യം. സത്യം ഒരുനാൾ പുറത്തുവരും. അസത്യത്തിനു നിലനിൽപില്ല. ഇക്കാര്യവും ക്വുർആൻ വ്യക്തമാക്കിയിട്ടുണ്ട്. മനസ്സിലെ കുറ്റബോധം വലിയൊരു വിഷയമാണ്. നീണ്ട സംവത്സരങ്ങൾ മനസ്സിലിട്ടു ഒതുക്കിപ്പിടിച്ച സത്യം അയാൾതന്നെ തുറന്നു പറഞ്ഞു. മനുഷ്യമനസ്സ് വല്ലാത്തൊരു പ്രതിഭാസമാണ്. അത് സർവശക്തന്റെ നിയന്ത്രണത്തിലാണെന്നത് പലർക്കും അറിഞ്ഞുകൂടാ!

ലേഖനം

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com




നിർഭയജീവിതം, സുരക്ഷിത സമൂഹം

# നിർഭയരാജ്യവും സുരക്ഷിത സമൂഹവും

എല്ലാരംഗത്തും എല്ലാവർക്കും നിർഭയത്വവും സുരക്ഷിതത്വവും യാഥാർഥ്യമാക്കുവാൻ ഇസ്‌ലാം പ്രതിജ്ഞാബദ്ധമാണ്. എത്രത്തോളമെന്നുവെച്ചാൽ, നവജാത ശിശുവിന്റെയും മൊഴിചൊല്ലപ്പെട്ട സ്ത്രീയുടെയുംവരെ അവകാശങ്ങൾ വകവെച്ചുകൊടുക്കുവാൻ പറഞ്ഞ് അവരുടെ ജീവിതത്തിന്റെ സുരക്ഷിതത്വത്തിന് ഇസ്‌ലാം വഴിയൊരുക്കുന്നു. അല്ലാഹു പറയുന്നു:

"മാതാക്കൾ തങ്ങളുടെ സന്താനങ്ങൾക്ക് പൂർണമായ രണ്ടുകൊല്ലം മുലകൊടുക്കേണ്ടതാണ്. (കുട്ടിയുടെ) മുലകുടി പൂർണമാക്കണം എന്ന് ഉദ്ദേശിക്കുന്നവർക്കത്രെ ഇത്. അവർക്ക് (മുലകൊടുക്കുന്ന മാതാക്കൾക്ക്) മര്യാദ

യനുസരിച്ച് ഭക്ഷണവും വസ്ത്രവും നൽകേണ്ടത് കുട്ടിയുടെ പിതാവിന്റെ ബാധ്യതയാകുന്നു. എന്നാൽ ഒരാളെയും അയാളുടെ കഴിവിലുപരി നൽകാൻ നിർബന്ധിക്കരുത്. ഒരു മാതാവും തന്റെ കുട്ടിയുടെ പേരിൽ ദ്രോഹിക്കപ്പെടാൻ ഇടയാകരുത്. അതുപോലെ തന്നെ സ്വന്തം കുട്ടിയുടെ പേരിൽ ഒരു പിതാവിന്നും ദ്രോഹം നേരിടരുത്. (പിതാവിന്റെ അഭാവത്തിൽ അയാളുടെ) അവകാശികൾക്കും (കുട്ടിയുടെ കാര്യത്തിൽ) അതുപോലെയുള്ള ബാധ്യതകളുണ്ട്. ഇനി അവർ ഇരുവരും തമ്മിൽ കൂടിയാലോചിച്ച് തൃപ്തിപ്പെട്ടുകൊണ്ട് (കുട്ടിയുടെ) മുലകുടി നിർത്താൻ ഉദ്ദേശിക്കുകയാണെങ്കിൽ അവർ ഇരുവർക്കും കുറ്റമില്ല; ഇനി നിങ്ങളുടെകുട്ടികൾക്ക് (മറ്റാരെക്കൊണ്ടെങ്കിലും) മുലകൊടുപ്പിക്കാനാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ അതിലും നിങ്ങൾക്ക് കുറ്റമില്ല; (ആ പോറ്റമ്മമാർക്ക്) നിങ്ങൾ നൽകേണ്ടത് മര്യാദയനുസരിച്ച് കൊടുത്തുതീർക്കുകയാണെങ്കിൽ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു കണ്ടറിയുന്നുണ്ടെന്ന് മനസ്സിലാക്കുകയും ചെയ്യുക" (ക്വുർആൻ 2:233).

"നിങ്ങളിൽനിന്ന് ഭാര്യമാരെ വിട്ടേച്ചുകൊണ്ട് മരണപ്പെടുന്നവർ തങ്ങളുടെ ഭാര്യമാർക്ക് ഒരുകൊല്ലത്തേക്ക് (വീട്ടിൽ നിന്ന്) പുറത്താക്കാതെ ജീവിതവിഭവം നൽകാൻ വസ്വിയ്യത്ത് ചെയ്യേണ്ടതാണ്. എന്നാൽ അവർ (സ്വയം) പുറത്ത് പോകുന്നപക്ഷം തങ്ങളുടെ സ്വന്തം കാര്യത്തിൽ മര്യാദയനുസരിച്ച് അവർ പ്രവർത്തിക്കുന്നതിൽ നിങ്ങൾക്ക് കുറ്റമില്ല. അല്ലാഹു പ്രതാപവാനും സൂക്ഷ്മജ്ഞാനമുള്ളവനുമാകുന്നു" (ക്വുർആൻ 2:240).

"വിവാഹമോചിതരായ സ്ത്രീകൾക്ക് ന്യായപ്രകാരം എന്തെങ്കിലും ജീവിതവിഭവമായി നൽകേണ്ടതാണ്. ഭയഭക്തിയുള്ളവർക്ക് അതൊരു ബാധ്യതയത്രെ." (ക്വുർആൻ 2:241).

### കൂടിയാലോചനയുടെ നേട്ടം

കാര്യങ്ങളിൽ പരസ്പരം കൂടിയാലോചന നടത്തുക എന്നത് മികച്ച അഭിപ്രായങ്ങൾ കണ്ടെത്തുവാനും തങ്ങൾ അംഗീകരിക്കപ്പെടുന്നു എന്ന തോന്നലുണ്ടാക്കുവാനും അതുവഴി നിർഭയത്വബോധമുണ്ടാക്കുവാനും സഹായകമാണ്.

"...ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും, അവർക്കുവേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്." (ക്വുർആൻ 3:159).

കൂടിയാലോചന നടത്തുക എന്നത് വിശ്വാസിയുടെ വിശേഷണമായി ക്വുർആൻ എടുത്തുപറയുന്നുണ്ട്: "തങ്ങളുടെ രക്ഷിതാവിന്റെ ആഹ്വാനം സ്വീകരിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും തങ്ങളുടെ കാര്യം തീരുമാനിക്കുന്നത് അന്യോന്യമുള്ള കൂടിയാലോചനയിലൂടെ ആയിരിക്കുകയും നാം നൽകിയിട്ടുള്ളതിൽനിന്ന് ചെലവഴിക്കുകയും ചെയ്തവരാരോ, അവർക്കും" (ക്വുർആൻ 42:38).

നബിﷺ പറഞ്ഞു: "എന്റെ സമുദായം വഴികേടിൽ ഏകോപിക്കുകയില്ല" (ഇബ്നുമാജ).

അബൂഹുറയ്റ رضي الله عنه പറയുന്നു: "അല്ലാഹുവിന്റെ റസൂൽ തന്റെ സ്വഹാബികളോട് കൂടിയാലോചിക്കുന്നതിനെക്കാൾ കൂടിയാലോചിക്കുന്ന ഒരാളെയും ഞാൻ കണ്ടിട്ടില്ല" (തിർമിദി).

യുദ്ധരംഗങ്ങളിൽ നബിﷺ അനുയായികളോട് കൂടിയാലോചിച്ചതിന്റെയും അവരുടെ അഭിപ്രായങ്ങൾ സ്വീകരിച്ചതിന്റെയും തെളിവുകൾ ചരിത്രത്തിൽ കാണുവാൻ സാധിക്കും. ബദ്ർ യുദ്ധവുമായി ബന്ധപ്പെട്ട രണ്ട് ഉദാഹരണങ്ങൾ കാണുക:

1) നബിﷺയും അനുയായികളും ബദ്ർ യുദ്ധത്തിനുള്ള പുറപ്പാടിലാണ്. ഇശാഅ് സമയമായപ്പോഴേക്കും അവർ ബദ്റിലെ വെള്ളസ്ഥലത്തെത്തി. അവിടെ നിൽക്കാൻ തീരുമാനിച്ചു. അന്നേരം ഹുബാബുബ്നുൽ മുൻദിർ رضي الله عنه നബിﷺയോട് ചോദിച്ചു: "ഈ താവളം തിരഞ്ഞെടുത്തത് അല്ലാഹുവിന്റെ കൽപന പ്രകാരമാണോ അതോ അങ്ങയുടെ സ്വന്തം അഭിപ്രായപ്രകാരമോ? അതല്ല, യുദ്ധതന്ത്രമായിട്ടാണോ?' നബിﷺ പറഞ്ഞു: 'എന്റെ അഭിപ്രായപ്രകാരം മാത്രമാണ്; യുദ്ധതന്ത്രവുമാണ്.' ഹുബാബ് رضي الله عنه പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, എങ്കിൽ ഇവിടെയല്ല നല്ലത്; അൽപം കൂടി നീങ്ങിയാൽ വെള്ളമുള്ളസ്ഥലത്തിന്റെ മുന്നിൽ നിൽക്കാം. അവിടെ കുഴിയുണ്ടാക്കി വെള്ളം നിറക്കാം. മക്കക്കാർക്ക് വെള്ളം ലഭിക്കുകയുമില്ല.' നബിﷺ ആ അഭിപ്രായം അംഗീകരിക്കുകയും അപ്രകാരം പ്രവർത്തിക്കുകയും ചെയ്തു.

2) ബദ്ർ താഴ്വരയുടെ അതിർത്തിയിൽ ഉദ്വത്തുൽ ഖുസ്വായിലെ മണൽകുന്നിനു പിന്നിൽ ക്വുറൈശികൾ തമ്പടിച്ചു. മുസ്ലിം സൈന്യം ദുഫ്റാൻ താഴ്വരയിലാണ്. നബിﷺ സ്വഹാബിമാരോട് കൂടിയാലോചിച്ചു. തെക്കോട്ടു

വന്നുകൊണ്ടിരിക്കുന്ന വർത്തക സംഘം, വടക്കോട്ടു കുതിച്ചുകൊണ്ടിരിക്കുന്ന പട്ടാളസംഘം. ഇവയിൽ ഏതിനെ നേരിടണം? ശക്തികുറഞ്ഞ വർത്തക സംഘത്തെ നേരിട്ടാൽ പോരേ എന്ന് ചിലർക്കൊക്കെ തോന്നിയ സന്ദർഭത്തിൽ അബൂബക്ർ സ്വിദ്ദീക്ﷺ, ഉമർﷺ എന്നിവർ നബിﷺയുടെ അഭിപ്രായത്തോട് യോജിച്ചു. അതായത് പട്ടാള സംഘവുമായി യുദ്ധത്തിലേർപെടുക എന്ന അഭിപ്രായം. അപ്പോൾ മുഹാജിറുകളുടെ കൂട്ടത്തിൽനിന്നും മിഖ്ദാദുബ് അസ്‌വദ്ﷺ ഇപ്രകാരം പറഞ്ഞു: 'അങ്ങയോട് അല്ലാഹു എന്തു കൽപിച്ചുവോ അതിലേക്ക് അങ്ങ് പോയിക്കൊള്ളുക. ഇസ്‌റാഈല്യർ മൂസാനബിയോട് താനും തന്റെ റബ്ബും പോയി യുദ്ധം ചെയ്തുകൊള്ളുക, ഞങ്ങളിവിടെ ഇരിക്കുകയാണ് എന്ന് പറഞ്ഞതു പോലെ ഞങ്ങൾ ഒരിക്കലും പറയുകയില്ല...'

അൻസ്വാരികളുടെ നേതാവായ സഅ്ദ്ബ്നു മുആദ്ﷺ പറഞ്ഞു: 'ഞങ്ങൾ അങ്ങയിൽ വിശ്വസിക്കുകയും അങ്ങ് കൊണ്ടുവന്നതിനെയെല്ലാം ശരിവെക്കുകയും അങ്ങേക്ക് പ്രതിജ്ഞ നൽകുകയും ചെയ്തവരാണ്. ഈ സമുദ്രം വിലങ്ങിൽ കടന്നുപോകുവാൻ അങ്ങ് കൽപിച്ചാലും ഞങ്ങൾ സമുദ്രത്തിൽ ഇറങ്ങുവാൻ തയ്യാറാണ്.' പ്രവാചകൻﷺ വളരെ സന്തോഷിച്ചു. അദ്ദേഹം പ്രഞ്ഞു: "അല്ലാഹുവിന്റെ അനുഗ്രഹത്തോടെ നടക്കുവിൻ, സന്തോഷിക്കുവിൻ. ആ ജനങ്ങൾ വീണുകിടക്കുന്ന സ്ഥാനങ്ങൾ ഞാൻ കാണുന്നതു പോലെ തോന്നുന്നു.'

ക്വുർആൻ 'വലിയ്യുൽ അംറ്' (കൈകാര്യ കർത്താവ്) ഏകവചനം പ്രയോഗിക്കാതെ 'ഉലുൽഅംറ്' (കൈകാര്യ കർത്താക്കൾ) എന്നു പ്രയോഗിച്ചത് ശ്രദ്ധേയമാണ്.

"തങ്ങളുടെ രക്ഷിതാവിന്റെ ആഹ്വാനം സ്വീകരിക്കുകയും നമസ്‌കാരം മുറപോലെ നിർവഹിക്കുകയും തങ്ങളുടെ കാര്യം തീരുമാനിക്കുന്നത് അന്യോന്യമുള്ള കൂടിയാലോചനയിലൂടെ ആയിരിക്കുകയും, നാം നൽകിയിട്ടുള്ളതിൽനിന്ന് ചെലവഴിക്കുകയും ചെയ്തവരാരോ, അവർക്കും..." (ക്വുർആൻ 42:38,39).

ഈ സൂക്തത്തിന്റെ വിവരണത്തിൽ മുഹമ്മദ് അമാനി മൗലവി എഴുതിയത് വായിക്കാം: "കാര്യങ്ങളിൽ അന്യോന്യം കൂടിയാലോചന നടത്തൽ, മനുഷ്യന്റെ പാരത്രികമോ മതപരമോ ആയ വശങ്ങളിൽ മാത്രമല്ല, ലൗകികവും ഭൗതികവുമായ വശങ്ങളിൽപോലും വളരെയേറെ പ്രാധാന്യം അർഹിക്കുന്ന ഒരു ഗുണമത്രെ ഇത്. തർക്കവും കക്ഷിവഴക്കും അവസാനിപ്പിക്കുന്നതിലും, മതകാര്യങ്ങളും പൊതുകാര്യങ്ങളും നടപ്പാക്കുന്നതിലും, ഭിന്നാഭിപ്രായങ്ങളിൽ യോജിപ്പുവരുത്തുന്നതിലും, നാനാമുഖങ്ങളായ പ്രശ്നങ്ങളെ നേരിടുന്നതിലുമെല്ലാംതന്നെ കൂടിയാലോചന എത്രമാത്രം പ്രയോജനകരമാണെന്ന് എടുത്തു പറയേണ്ടതില്ല. നേരെമറിച്ച് അത്യാവശ്യമെങ്കിലും കൂടിയാലോചന നടത്തപ്പെടാതെ ഏകപക്ഷീയമായി കാര്യങ്ങൾ കയ്യാളുന്നത് നിമിത്തം ഉണ്ടാകാറുള്ള ഭവിഷ്യത്തുകൾ പലപ്പോഴും വമ്പിച്ചതായിരിക്കും. അല്ലാഹുവിങ്കൽനിന്ന് 'വഹ്‌യ്' ലഭിക്കുന്ന ആളായിരുന്നിട്ടുപോലും, പ്രധാന വിഷയങ്ങൾ നേരിടുമ്പോഴെല്ലാം നബിതിരുമേനിﷺ സ്വഹാബികളുമായി അവയെപ്പറ്റി കൂടിയാലോചന നടത്തുക പതിവായിരുന്നു. "നീ അവരുമായി കാര്യത്തിൽ കൂടിയാലോചന നടത്തുക. എന്നിട്ട് നീ തീർച്ചയാക്കിക്കഴിഞ്ഞാൽ അപ്പോൾ അല്ലാഹുവിന്റെമേൽ ഭരമേൽപിച്ച് കൊള്ളുക" എന്ന് അല്ലാഹു നബിﷺയോട് കൽപിക്കുകയും ചെയതിരിക്കുന്നു. കൂടിയാലോചനയുടെ പ്രാധാന്യത്തെയും സ്വാഭിപ്രായംകൊണ്ട് തൃപ്തി അടയുന്നതിന്റെ ഭവിഷ്യത്തുകളെയും ചൂണ്ടിക്കാട്ടുന്ന പല ഹദീഥുകളും കാണാവുന്നതാണ്. ഇമാം തിർമദി ഉദ്ധരിച്ചിട്ടുള്ള ഒരു ഹദീഥ്-ഇക്കാലത്ത് വിശേഷിച്ചും- പ്രത്യേകം ശ്രദ്ധാർഹമാകുന്നു:

'നിങ്ങളുടെ അധികാരസ്ഥൻമാർ' നിങ്ങളിൽ ഉത്തമൻമാരും നിങ്ങളുടെ ധനികൻമാർ നിങ്ങളിൽ ഔദാര്യവാൻമാരും നിങ്ങളുടെ കാര്യങ്ങൾ നിങ്ങൾക്കിടയിൽ കൂടിയാലോചിക്കപ്പെടുന്നവരും ആണെങ്കിൽ നിങ്ങൾക്കു ഭൂമിയുടെ ഉൾഭാഗത്തെക്കാൾ അതിന്റെ ഉപരിഭാഗം ഉത്തമമായിരിക്കും. നിങ്ങളുടെ അധികാരസ്ഥൻമാർ നിങ്ങളിൽ മോശക്കാരും നിങ്ങളുടെ ധനികൻമാർ നിങ്ങളിൽ പിശുക്കൻമാരും നിങ്ങളുടെ കാര്യങ്ങൾ നിങ്ങളുടെ സ്ത്രീകളുടെ അടുക്കലും ആയിരുന്നാൽ അപ്പോൾ, ഭൂമിയുടെ ഉപരിഭാഗത്തെക്കാൾ അതിന്റെ ഉൾഭാഗം നിങ്ങൾക്ക് ഉത്തമമായിരിക്കും.' ഹാ! ഈ ഹദീഥും ഇന്നത്തെ നമ്മുടെ പൊതുനിലയും കൂടി ഒന്ന് ആലോചിച്ചു നോക്കുക! അല്ലാഹു അക്ബർ!"

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽനിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത്

അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (ക്വുർആൻ 4:59).

ഈ വചനത്തിന്റെ വിവരണത്തിൽ അമാനി മൗലവി എഴുതിയത് കാണുക:

"(നിങ്ങളിൽനിന്നുള്ള അധികാരസ്ഥൻമാരെയും അനുസരിക്കണം) 'നിങ്ങളിൽ നിന്ന്' എന്നു പറഞ്ഞതുകൊണ്ടുദ്ദേശ്യം സത്യവിശ്വാസികളിൽനിന്ന് എന്നാണെന്നു വ്യക്തം. എന്നാൽ, 'അധികാരസ്ഥൻമാർ' (ഉലുൽഅംറ്) ആരാണ്? ഇതിന്റെ നിർവചനത്തിൽ പണ്ഡിതൻമാരുടെ വാക്കുകൾ വ്യത്യസ്തങ്ങളായി കാണാം. ഭരണാധിപൻമാർ, ഉദ്യോഗസ്ഥമേധാവികൾ, വിധികർത്താക്കൾ, സമുദായ നേതാക്കൾ, പണ്ഡിതൻമാർ, മതവിജ്ഞാനികൾ എന്നൊക്കെയാണ് അവയുടെ രത്നച്ചുരുക്കം. അൽപം ഉള്ളോട്ടു കടന്ന് ആലോചിച്ചാൽ-ചില മഹാൻമാർ ചൂണ്ടിക്കാട്ടുന്നതുപോലെ-ഇവരെല്ലാം ഉൾക്കൊള്ളുന്ന ഒരുവാക്കാണതെന്നു കാണാവുന്നതാണ്. അതാതു തുറകളിൽ ആധികാരികമായി തീരുമാനമെടുക്കുവാൻ അർഹതയും കെൽപും ഉള്ളവർ എന്നു മൊത്തത്തിൽ പറയാം. ഉദാഹരണമായി: ഭരണകാര്യങ്ങളിൽ ഭരണമേധാവികളും, പൊതുകാര്യങ്ങളിൽ സമുദായനേതാക്കളും, യുദ്ധകാര്യങ്ങളിൽ സൈന്യാധിപൻമാരും, വ്യവഹാര വഴക്കുകളിൽ വിധികർത്താക്കളും, മതവിധികളിൽ മതപണ്ഡിതൻമാരും, സംഘടനാ വിഷയങ്ങളിൽ സംഘത്തലവൻമാരും അധികാരസ്ഥൻമാരായിരിക്കും. ഭരണകർത്താക്കളും, അവരുടെ ഉദ്യോഗസ്ഥൻമാരും ഏതായാലും ഉൾപെടുമെന്നു പ്രത്യേകം പറയേണ്ടതില്ല."

## നിർഭയരാജ്യവും സുരക്ഷിത സമൂഹവും

ഒരു രാജ്യം, വിശിഷ്യാ വെല്ലുവിളികൾ വലയം ചെയ്തിരിക്കുന്ന രാജ്യം കൊടുങ്കാറ്റുള്ള കടലിൽ മുന്നോട്ടുപോകുന്ന കപ്പൽപോലെയാണ്. അതിന് കേടുപാട് പറ്റിയാൽ യാത്രക്കാർ നിർഭയരല്ല; അവർ വയറുനിറഞ്ഞവരോ വിശക്കുന്നവരോ,ഉടുത്തവരോ ഉടുക്കാത്തവരോ, പണ്ഡിതരോ പാമരരോ, ആരോഗ്യവാന്മാരോ രോഗികളോ... ആരാണെങ്കിലും ശരി!

ഒരു രാജ്യത്ത് ജീവിക്കുന്ന ജനങ്ങൾക്ക് നിർഭയമായി ഉപജീവനമാർഗം തേടാൻ കഴിയണം. ശത്രുക്കളിൽനിന്നും മറ്റും നിർഭയത്വം ലഭിക്കണം. വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും കൊണ്ടുനടക്കുന്ന കാര്യത്തിൽ നിർഭയത്വമുണ്ടാകണം; അതിനുള്ള സ്വാതന്ത്ര്യം വേണം. ശാന്തിയും സമാധാനവും നിറഞ്ഞ കുടുംബാന്തരീക്ഷം ഉണ്ടാകണം. ഇങ്ങനെ ഒട്ടേറെ ഘടകങ്ങൾ എണ്ണിപ്പറയാനുണ്ട്. ഒരുപരിധിവരെയെങ്കിലും അവയെല്ലാം ഉണ്ടാകുമ്പോഴാണ് ഒരു ജനത സുരക്ഷിതമാകുന്നത് എന്നു പറയാം.

സ്വന്തം നാട്ടിൽ അടിച്ചമർത്തപ്പെടുന്ന, യുദ്ധം നേരിടുന്ന അവസ്ഥ ഒരു ജനതക്ക് സംജാതമായാൽ അവരുടെ ജീവിതം അശാന്തി നിറഞ്ഞതാകും. നിർഭയത്വമില്ലാത്ത അവസ്ഥയിൽ പതിതരായി കഴിഞ്ഞുകൂടേണ്ടിവരും. അങ്ങനെയുള്ള അവസരത്തിൽ പ്രതിരോധിക്കുവാൻ ഇസ്‌ലാം അനുവാദം നൽകുന്നുണ്ട്.

"യുദ്ധത്തിന് ഇരയാകുന്നവർക്ക്, അവർ മർദിതരായതിനാൽ (തിരിച്ചടിക്കാൻ) അനുവാദം നൽകപ്പെട്ടിരിക്കുന്നു. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവൻ തന്നെയാകുന്നു. യാതൊരു ന്യായവും കൂടാതെ, ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുന്നതിന്റെ പേരിൽ മാത്രം തങ്ങളുടെ ഭവനങ്ങളിൽനിന്ന് പുറത്താക്കപ്പെട്ടവരത്രെ അവർ..." (ക്വുർആൻ 22:39,40).

യുദ്ധത്തിനുവരുന്നവരോട് തിരിച്ചും യുദ്ധം ചെയ്യാം. എന്നാൽ യുദ്ധരംഗത്തുപോലും പരിധിവിട്ട് പ്രവർത്തിച്ചുകൂടാ എന്ന ക്വുർആനിന്റെ നിർദേശം ഇസ്‌ലാമിന്റെ മാനവികതയെ വിളംബരം ചെയ്യുന്നു. യുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ ശത്രുരാജ്യത്തെ കുട്ടികളെയും സ്ത്രീകളെയും വൃദ്ധരെയുമൊക്കെ കൊന്നൊടുക്കുന്ന വർത്തമാനകാലത്ത് ഇതിന്റെ പ്രസക്തി വർധിക്കുകയാണ്. അല്ലാഹു പറയുന്നു:

"നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധംചെയ്യുക. എന്നാൽ നിങ്ങൾ പരിധിവിട്ട് പ്രവർത്തിക്കരുത്. പരിധിവിട്ട് പ്രവർത്തിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല തന്നെ... (ക്വുർആൻ 2:190).

നീണ്ട പതിമൂന്നു വർഷങ്ങൾ നബിﷺയും അനുചരന്മാരും മക്കയിൽ കഴിച്ചുകൂട്ടിയത് ശത്രുക്കളുടെ കൊടിയ പീഡനങ്ങൾ സഹിച്ചുകൊണ്ടായിരുന്നു. അല്ലാഹുവിന്റെ അനുമതി കിട്ടാത്തതിനാൽ അവർ തിരിച്ചൊന്നും ചെയ്തില്ല. മദീനയിലേക്ക് പലായനം ചെയ്ത ശേഷവും മക്കക്കാർ യുദ്ധത്തിനുകോപ്പുകൂട്ടിപ്പോഴാണ് യുദ്ധത്തിന് അല്ലാഹു അനുവാദം നൽകിയത്:



"നിന്നെ ബന്ധനസ്ഥനാക്കുകയോ കൊല്ലുകയോ നാട്ടിൽനിന്ന് പുറത്താക്കുകയോ ചെയ്യാൻ വേണ്ടിനിനക്കെതിരായി സത്യനിഷേധികൾ തന്ത്രം പ്രയോഗിച്ചിരുന്ന സന്ദർഭം (ഓർക്കുക). അവർ തന്ത്രം പ്രയോഗിക്കുന്നു. അല്ലാഹുവും തന്ത്രം പ്രയോഗിക്കുന്നു. എന്നാൽ അല്ലാഹുവാണ് തന്ത്രം പ്രയോഗിക്കുന്നവരിൽ മെച്ചപ്പെട്ടവൻ" (ക്വുർആൻ 8:30).

"തങ്ങളുടെ ശപഥങ്ങൾ ലംഘിക്കുകയും, റസൂലിനെ പുറത്താക്കാൻ മുതിരുകയും ചെയ്ത ഒരുജനവിഭാഗത്തോട് നിങ്ങൾ യുദ്ധം ചെയ്യുന്നില്ലേ? അവരാണല്ലോ നിങ്ങളോട് ആദ്യതവണ (യുദ്ധം) തുടങ്ങിയത്. അവരെ നിങ്ങൾ ഭയപ്പെടുകയാണോ? എന്നാൽ നിങ്ങൾ ഭയപ്പെടാൻ ഏറ്റവും അർഹതയുള്ളത് അല്ലാഹുവെയാണ്; നിങ്ങൾ വിശ്വാസികളാണെങ്കിൽ. നിങ്ങൾ അവരോട് യുദ്ധം ചെയ്യുക. നിങ്ങളുടെ കൈകളാൽ അല്ലാഹു അവരെ ശിക്ഷിക്കുകയും അവരെ അവൻ അപമാനിക്കുകയും അവർക്കെതിരിൽ നിങ്ങളെ അവൻ സഹായിക്കുകയും വിശ്വാസികളായ ആളുകളുടെ ഹൃദയങ്ങൾക്ക് അവൻ ശമനം നൽകുകയും ചെയ്യുന്നതാണ്" (ക്വുർആൻ 9:13,14).

വിശ്വാസ സ്വാതന്ത്ര്യത്തിന് വിഘാതം സൃഷ്ടിക്കുകയും അക്രമിക്കുകയും ചെയ്യുന്നവരെ നേരിടേണ്ടിവന്ന നബിﷺയെയും അനുയായികളെയും അല്ലാഹു ആശ്വസിപ്പിക്കുന്നത് കാണുക:

"...ആകയാൽ സ്വന്തം നാട് വെടിയുകയും, സ്വന്തം വീടുകളിൽനിന്ന് പുറത്താക്കപ്പെടുകയും, എന്റെ മാർഗത്തിൽ മർദിക്കപ്പെടുകയും, യുദ്ധത്തിൽ ഏർപെടുകയും, കൊല്ലപ്പെടുകയും ചെയ്തിട്ടുള്ള വരാരോ അവർക്ക് ഞാൻ അവരുടെ തിൻമകൾ മായ്ച്ചുകൊടുക്കുന്നതും താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അവരെ ഞാൻ പ്രവേശിപ്പിക്കുന്നതുമാണ്. അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലമത്രെ അത്. അല്ലാഹുവിന്റെ പക്കലാണ് ഉത്തമമായ പ്രതിഫലമുള്ളത്" (ക്വുർആൻ 3:195).

യുദ്ധത്തിനു വരുന്നവരോട് തിരിച്ചും യുദ്ധം ചെയ്യേണ്ടത് രാജ്യത്തിന്റെയും ജനതയുടെ സുരക്ഷിതത്വത്തിന് അനിവാര്യമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

മതത്തിന്റെ പേരിൽ യുദ്ധത്തിനു വരിക, സ്വന്തം വീടുകളിൽനിന്ന് പുറത്താക്കുക തുടങ്ങിയ മനുഷ്യത്വവിരുദ്ധമായ കാര്യങ്ങൾ ചെയ്യുന്നത് ആരാണെങ്കിലും അവരോട് എതിരിടേണ്ടിവരും. അവിടെ മതത്തിന്റെയും വർണത്തിന്റെയും ഭാഷയുടെയുമൊന്നും വേർതിരിവില്ല. ക്വുർആനിലെ യുദ്ധവുമായി ബന്ധപ്പെട്ട സൂക്തങ്ങൾ ദുർവ്യാഖ്യാനിച്ച് അന്യമതസ്ഥരെ കണ്ടേടത്തുവെച്ച് കൊല്ലുവാൻ ക്വുർആൻ ആഹ്വാനം ചെയ്യുന്നു എന്ന് പ്രചരിപ്പിക്കുന്നവർ സത്യം മനഃപൂർവം മറച്ചുവെക്കുന്നവരാണ്.

അല്ലാഹു പറയുന്നത് കാണുക: "മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും, നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതികാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതിപാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു. മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യുകയും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കുകയും നിങ്ങളെ പുറത്താക്കുന്നതിൽ പരസ്പരം സഹകരിക്കുകയും ചെയ്തവരെ സംബന്ധിച്ചുമാത്രമാണ് -അവരോട് മൈത്രികാണിക്കുന്നത് -അല്ലാഹു നിരോധിക്കുന്നത്. വല്ലവരും അവരോട് മൈത്രീബന്ധം പുലർത്തുന്ന പക്ഷം അവർ തന്നെയാകുന്നു അക്രമകാരികൾ" (ക്വുർആൻ 8,9).

ചുരുക്കത്തിൽ, വ്യക്തികൾക്കും കുടുംബങ്ങൾക്കും സമൂഹത്തിനും രാജ്യങ്ങൾക്കും ലോകത്തിനാകമാനവും സുരക്ഷിതത്വവും നിർഭയത്വവും ലഭിക്കുന്ന നിയമനിർദേശങ്ങളാണ് ഇസ്‌ലാം മുന്നോട്ടുവെക്കുന്നത്. ഇസ്‌ലാമിന്റെ തണൽ നൽകുന്ന സുരക്ഷിതത്വം അത് അനുഭവിക്കുമ്പോഴാണ് തിരിച്ചറിയാൻ കഴിയുക. **(അവസാനിച്ചു)**

ക്രോഡീകരണം:
അൻവർ അബൂബക്കർ

ലേഖനം

# ഇസ്‌റാഈൽ രാഷ്ട്രം: മുഹമ്മദ് അമാനി മൗലവി

**(അവലംബം: വിശുദ്ധ ക്വുർആൻ വിവരണം, അമാനി മൗലവി. അൽബക്വറ 61, ആലു ഇംറാൻ 112, നിസാഅ് 55, അഅ്‌റാഫ് 168, ഇസ്‌റാഅ് 8 വചനങ്ങളുടെ വിവരണത്തിൽ നിന്ന്)**

നിന്ദ്യരും ഹീനരുമായിട്ടല്ലാതെ അന്തസ്സും അഭിമാനവുമുള്ള ഒരു സമുദായമായിക്കൊണ്ട് ലോകത്ത് കഴിഞ്ഞുകൂടിയ ഒരു ചരിത്രം യഹൂദ സമുദായത്തിനുണ്ടായിട്ടില്ല. ഇതിന് പ്രത്യക്ഷത്തിൽ ഒരപവാദമായി പറയുവാനുള്ളത് അൽപവർഷങ്ങൾക്ക് മുമ്പ് ഫലസ്തീനിൽ അവർ സ്ഥാപിച്ച ഇസ്‌റാഈൽ രാഷ്ട്രം മാത്രമാണുള്ളത്. ലോകരാഷ്ട്രങ്ങളിൽവെച്ച് ഒരു രാഷ്ട്രമെന്ന നിലയ്ക്ക് ഏറ്റവും വെറുക്കപ്പെട്ട അതിന്റെ സ്ഥാപനവും അതിന്റെ നിലനിൽപും വാസ്തവത്തിൽ അതിന്റെ സ്വന്തം കാലുകളിലല്ല സ്ഥിതിചെയ്യുന്നത്, ചില വൻകോയ്മകളുടെ സ്വാർഥ താൽപര്യങ്ങളും സഹായങ്ങളുമാണ് അതിന്റെ പിന്നിലുള്ളത്.

കഴിഞ്ഞ രണ്ടാം ലോകമഹായുദ്ധം അവസാനിച്ച ശേഷം ക്രിസ്താബ്ദം 1947ൽ ഐക്യരാഷ്ട്ര സഭ ഫലസ്തീൻ നാടിനെ അറബികൾക്കും യഹൂദികൾക്കുമായി രണ്ടാക്കി വിഭജിച്ചു. 1948 മെയ് മാസത്തിൽ യഹൂദികളുടെ ഭാഗത്തിൽ ഇസ്‌റാഈൽ രാഷ്ട്രം സ്ഥാപിതവുമായി. ലോകത്തിൽ അവിടവിടെയായി ചിന്നിച്ചിതറിയും പലേടങ്ങളിലും വിശേഷിച്ച് നാസികളുടെ കീഴിൽ മർദിതരായും കഴിഞ്ഞുകൂടിയിരുന്ന യഹൂദികളെ ഒന്നിച്ച് കുടിയിരുത്തിക്കൊണ്ടായിരുന്നു അത്. സിയോണിസ്റ്റ് പ്രസ്ഥാനം യുറോപ്യൻ നാടുകളിൽ വരുത്തിയ സ്വാധീനവും, നാസികൾക്കെതിരെ രാണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത അമേരിക്ക, ഇംഗ്ലണ്ട് മുതലായ വൻശക്തികളടങ്ങിയ സഖ്യകക്ഷികളുടെ സ്ഥാപിത താൽപര്യങ്ങളുമാണ് ഇതിന് കളമൊരുക്കിയത്. അതിന്റെ ജനയിതാക്കളായ വൻകോയ്മകൾ തന്നെ അതിനെ പാലൂട്ടി വളർത്തിക്കൊണ്ടിരുന്നു. ഇന്നും അവരുടെ സഹായവും അനുഭാവവും തന്നെയാണ് ഇസ്‌റാഈലിനെ നിലനിറുത്തുന്നത്. അറബിരാഷ്ട്രങ്ങളുമായി അനേകം സംഘട്ടനങ്ങൾ നടന്നു. ഇപ്പോഴും നടക്കുന്നു. കൂട്ടത്തിൽ ക്രി. 1967ലും 1973ലും നടന്ന യുദ്ധങ്ങൾ പ്രധാനങ്ങളാകുന്നു.

ഇസ്‌റാഈല്യരുടെ ചരിത്രം പരിശോധിച്ചാൽ, അവർ എന്നുതൊട്ട് അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് ഇരയായിത്തീർന്നുവോ അന്നുമുതൽ അവരിൽ നിന്ദ്യതയും പതിതത്വവും കുടിയേറുകയും ചെയ്തിട്ടുള്ളതായി വ്യക്തമാകും. ഇസ്‌ലാമിന്റെ ആവിർഭാവത്തിന് മുമ്പും അതിനുശേഷം ഇന്നോളവും അവരിൽ പ്രകടമായി കാണാവുന്നതാണത്. ഇസ്‌ലാമിന് മുമ്പ് ഇറാക്വിലെയും റോമായിലെയും സാമ്രാജ്യശക്തികൾക്കടിമപ്പെട്ടും അവരുടെ മർദനമേറ്റും അവർക്ക് കപ്പം കൊടുത്തും ദീർഘകാലം കഴിയേണ്ടിവന്നു. ഇസ്‌ലാമിക ഭരണം നിലവിൽ വന്നപ്പോൾ അതിന്റെ കീഴിൽ കപ്പം കൊടുത്തും സമാധാന ഉടമ്പടികൾ ചെയ്തും ജീവിക്കേണ്ടിവന്നു. മുസ്‌ലിം ഭരണം ചിന്നിച്ചിതറിയ ശേഷവും പലേടങ്ങളിലും പല രാഷ്ട്രങ്ങളിലുമായി ഹീനരും പതിതരുമായിട്ടേ അവർക്ക് ജീവിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ചുരുക്കിപ്പറഞ്ഞാൽ, മറ്റൊരു കൂട്ടരുടെ ഔദാര്യമോ സഹായമോ കൂടാതെ, സ്വന്തം നിലക്ക് മാന്യവും സ്വതന്ത്രവുമായ ഒരു സമുദായമായി നിലകൊള്ളുവാനോ സ്വന്തമായ ഭരണാധികാരം സ്ഥാപിക്കുവാനോ അവർക്ക് കഴിഞ്ഞിട്ടില്ല. മുപ്പതിൽപരം കൊല്ലങ്ങൾക്ക് മുമ്പ് ഇസ്‌റാഈൽ രാഷ്ട്രം എന്ന പേരിൽ ഫലസ്തീനിൽ ഒരു രാഷ്ട്രം യഹൂദികൾ സ്ഥാപിച്ചിട്ടുള്ളത് ശരിയാണ്. പക്ഷേ, അതിന്റെ ഉത്ഭവവും നിലനിൽപുമെല്ലാം തന്നെ അമേരിക്ക മുതലായ വൻകോയ്മകളുടെ കൈക്കാ

ണുള്ളതെന്ന പരമാർഥം പരക്കെ അറിയപ്പെട്ടതാണ്. അല്ലാഹുവിന്റെയും മനുഷ്യരുടെയും കയറുസഹിതമല്ലാതെ നിന്ദ്യതയിൽനിന്ന് അവർക്ക് രക്ഷയില്ല എന്ന് അല്ലാഹു പ്രസ്താവിച്ചതിന് ഇതൊരു ഉദാഹരണമായി എടുക്കാവുന്നതുമാകുന്നു. പല രാഷ്ട്രങ്ങളും ഇന്നുവരെ അതിനെ ഒരു രാഷ്ട്രമായി അംഗീകരിച്ച് കഴിഞ്ഞിട്ടില്ല. മുസ്‌ലിം രാഷ്ട്രങ്ങൾ മുഴുവനും അതിനോട് അങ്ങേയറ്റം ശത്രുതയിലും വൈരാഗ്യത്തിലുമാണുള്ളതെന്നതിരിക്കട്ടെ, അമുസ്‌ലിം രാഷ്ട്രങ്ങളിൽ തന്നെ പലതും അതിന്റെ നേരെ അനുഭാവത്തിലല്ല കഴിയുന്നതെന്നുള്ളതും ശ്രദ്ധേയമാകുന്നു. പൊതുവെ പറഞ്ഞാൽ. ഇത്രയും വെറുക്കപ്പെട്ട ഒരു രാഷ്ട്രം ലോകത്ത് മറ്റെവിടെയും കാണപ്പെടുകയില്ലതന്നെ.

വേറൊരു വശംകൂടി ഓർമിക്കേണ്ടിയിരിക്കുന്നു: ഇസ്‌റാഈൽ രാഷ്ട്രമോ യഹൂദ സമുദായമോ എത്ര ശപിക്കപ്പെട്ടതായിരുന്നാലും, കേവലം വലുപ്പംകൊണ്ടും ജനസംഖ്യകൊണ്ടും വളരെ ചെറുതായ ആ രാഷ്ട്രത്തെ തുടച്ചുനീക്കുന്നത് പോകട്ടെ, അടക്കിനിറുത്തുവാനും മുസ്‌ലിംകൾക്കെതിരെയുള്ള അതിന്റെനീക്കങ്ങളെ പരാജയപ്പെടുത്തുവാനും ദശക്കണക്കിലുള്ള അറബി മുസ്‌ലിം രാഷ്ട്രങ്ങൾക്കോ, അറബികളല്ലാത്ത മുസ്‌ലിം രാഷ്ട്രങ്ങൾക്കോ ഇതുവരെയും കഴിഞ്ഞിട്ടില്ല. (രാഷ്ട്രം സ്ഥാപിച്ചശേഷം പലപ്പോഴായി അവർ പിടിച്ചടക്കി കയ്യേറിയ സ്ഥലങ്ങൾ ഒഴിവാക്കിയാൽ, ഒരു ജില്ലയോളം വരുന്ന ആ രാഷ്ട്രത്തിൽ ആകെയുള്ള ജനസംഖ്യ 25 ലക്ഷത്തിൽപരം വരും. ഇവരിൽ രണ്ട് ലക്ഷത്തോളം മുസ്‌ലിംകളും അരലക്ഷത്തോളം ക്രിസ്ത്യാനികളും ഉൾപ്പെടുമെന്ന് പറയപ്പെടുന്നു. (24-11-77ലെ മാതൃഭൂമി ദിനപത്രത്തിൽ നിന്ന്). അടുത്തകാലത്ത് കഴിഞ്ഞേക്കുമെന്ന പ്രതീക്ഷക്കും വഴികാണുന്നില്ല. അറബി രാഷ്ട്രങ്ങളാണെങ്കിൽ, സമ്പത്തുകൊണ്ടും അഭിവൃദ്ധികൊണ്ടും എന്നത്തെക്കാളുമധികം മുൻപന്തിയിലുമാണ് ഇന്നുള്ളത്. എന്താണതിന് കാരണം? മുസ്‌ലിം രാഷ്ട്രങ്ങളെന്ന നിലക്കാണ് അവ അറിയപ്പെടുന്നതെങ്കിലും യഥാർഥ ഇസ്‌ലാമിക ചൈതന്യം അവിടങ്ങളിൽ വിരളമായിരിക്കുന്നു. സമ്പൽസമൃദ്ധിയുടെ പെരുപ്പത്തോടൊപ്പം ഇസ്‌ലാമിക ജീവിതത്തിൽനിന്നുള്ള അകൽച്ചയും ഭൗതിക സുഖാഡംബരങ്ങളിലുള്ള താൽപര്യവുമാണ് അവിടങ്ങളിൽ വർധിച്ചുകൊണ്ടിരിക്കുന്നത്. അറബി രാഷ്ട്രങ്ങൾക്കിടയിൽ നിലവിലുള്ള അനൈക്യവും പരസ്പര ശത്രുതയും അതിന്റെ അനിവാര്യഫലങ്ങളുമാകുന്നു.

സ്വാർഥതാൽപര്യം, വർഗീയ പക്ഷപാതം, മുസ്‌ലിംകളോടുള്ള ശത്രുത, എന്ത് അക്രമം നടത്തിയും സ്വന്തം ശക്തി വർധിപ്പിക്കുവാനുള്ള വ്യഗ്രത ആദിയായ വിഷയങ്ങളിൽ കുപ്രസിദ്ധി നേടിക്കഴിഞ്ഞിരിക്കുകയാണ് ആ രാഷ്ട്രം. എന്നാൽ, ഏത് ധിക്കാരികളെയും അവരുടെ പേക്കൂത്തിൽ വിഹരിക്കുവാൻ കുറച്ചുകാലം അല്ലാഹു വിട്ടുകൊടുത്തെന്നുവരും. അവസാനം അവരെ ഒതുക്കുവാൻ മതിയായ ശിക്ഷ അല്ലാഹു ഒരുക്കിവെച്ചിട്ടുണ്ട്. അതെ, കത്തിജ്ജ്വലിക്കുന്ന നരകം! ഏത് കേങ്കേമൻമാരെയും ഒതുക്കുവാൻ അത് മതി!

വളരെയധികം പ്രവാചകൻമാരുടെയും രാജാക്കളുടെയും പാരമ്പര്യം സിദ്ധിച്ച ഒരു സമുദായമാണ് യഹൂദികൾ. എന്നിട്ടും സ്വതന്ത്രമായ ഒരു നിലനിൽപ് ആ സമുദായത്തിനുണ്ടായിട്ടില്ല. ഇത്രയധികം അന്യാധീനപ്പെട്ടും അടിമപ്പെട്ടും മർദനം സഹിച്ചും കൊണ്ടിരിക്കേണ്ടുന്ന ഗതികേടും മറ്റു സമുദായങ്ങളുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ആദ്യകാലങ്ങളിൽ വിഗ്രഹാരാധകരുടെയും പിന്നീടു ക്രിസ്ത്യാനികളുടെയും അനന്തരം മുസ്‌ലിംകളുടെയും ഭരണത്തിൻ കീഴിൽ അവർക്ക് നിന്ദ്യരായി കഴിയേണ്ടിവന്നു. ക്വുർആൻ അവതരിക്കുന്ന കാലത്ത് അവർ അറേബ്യയിൽ പലേടങ്ങളിലായി കുടിയേറിപ്പാർത്തു വരുകയായിരുന്നു. അധികം താമസിയാതെ പല സ്ഥലങ്ങളിൽനിന്നും ഓരോ കാരണത്താൽ പിന്നീട് അവർ കുടിയൊഴിച്ചു പോകുവാൻ നിർബന്ധിതരായി. ചില യുറോപ്യൻ രാഷ്ട്രങ്ങളിൽ വെച്ചു കൂട്ടക്കൊലക്കും ബഹിഷ്കരണത്തിനും വിധേയരായി. അങ്ങനെ, (ഭൂമിയിൽ നാം അവരെ പല സമൂഹങ്ങളായി കഷ്ണിച്ചു) എന്ന് അല്ലാഹു പറഞ്ഞതുപോലെ, ഭൂമിയുടെ നാനാഭാഗങ്ങളിലുമായി അവർ ചിന്നിച്ചിതറി. അവസാനം ആയിരക്കണക്കിനു കൊല്ലങ്ങൾക്കു ശേഷം ക്രിസ്താബ്ദം 1918ൽ ഫലസ്തീന്റെ ഏതാനും ഭാഗം കയ്യേറിക്കൊണ്ട് ഒരു ഇസ്‌റാഈൽ രാഷ്ട്രം സ്ഥാപിക്കപ്പെടുകയും, തങ്ങൾക്കൊരു സങ്കേതം അവർ കണ്ടെത്തുകയും ചെയ്തതു ശരിയാണ്. പക്ഷേ, അതു യഹൂദികളുടെ സ്വന്തം പ്രതാപം കൊണ്ടോ നന്മകൊണ്ടോ അല്ല. അവരെക്കൊണ്ടു പൊറുതിമുട്ടിയ ചില വൻകിട ലോകരാഷ്ട്രങ്ങളുടെ ഇടപെടൽ കൊണ്ടും പരിശ്രമം കൊണ്ടും മാത്രം സ്ഥാപിതമായതും നിലനിന്നു പോരുന്നതുമാകുന്നു. ആ വൻകോയ്മകളുടെ താങ്ങും തണലും എപ്പോൾ ഇല്ലാതാകുന്നുവോ, അതോടെ അതിന്റെ നിലനിൽപും അസാധ്യമായിത്തീരും. ഇത്രയധികം ശത്രുക്കളാൽ പൊതിയപ്പെട്ടതും, അനുനിമിഷവും ചുറ്റുപുറത്തുനിന്നും ശത്രുക്കളെ ഭയപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ഒരു രാഷ്ട്രം ലോകത്തില്ല.

കൃഷ്ണചൈതന്യ എഴുതിയതും കോട്ടയം നാഷണൽ ബുക്ക്സ്റ്റാൾ ക്രി. 1963ൽ പ്രസിദ്ധികരിച്ചതുമായ 'യഹൂദ സാഹിത്യ ചരിത്രം' എന്ന ഗ്രന്ഥത്തിലെ ഏതാനും വരികൾ ഇവിടെ ഉദ്ധരിക്കുന്നതു സന്ദർഭോചിതമായി തോന്നുന്നു. ക്രിസ്താബ്ദം നാലാം നൂറ്റാണ്ടുവരെ യഹൂദികൾ അനുഭവിച്ച മർദനങ്ങളും കഷ്ടപ്പാടുകളും അവരുടെ ദേശാടനങ്ങളും

സവിസ്തരം വിവരിച്ചശേഷം ഗ്രന്ഥകർത്താവ് പറയുന്നു: "ഇവരുടെ ഈ ദേശാടനം പരിതാപരകമായ ഒരു കഥയാണ്. ലോകം മുഴുവൻ അവരെ കഷ്ടത്തിലാക്കുവാൻ ഗൂഢാലോചന ചെയ്തപോലെ തോന്നും. നാലാം നൂറ്റാണ്ടിൽ റോമൻ ചക്രവർത്തിയായ കോൺസ്റ്റാൻറിയാസ് ജൂതമത പുരോഹിതരെ സാമ്രാജ്യത്തിലെങ്ങും ഭ്രഷ്ടരാക്കി. ഒരു ജൂതൻ ഒരു ക്രൈസ്തവ സ്ത്രീയെ വിവാഹം ചെയ്താൽ മരണ ശിക്ഷക്കു വിധേയനായിത്തീർന്നു. മധ്യകാലങ്ങളിൽ യൂറോപ്യൻ രാജ്യങ്ങളൊത്തു ചേർന്നു സാരസൻമാരിൽനിന്നു പുണ്യസ്ഥലമായ ഫലസ്തീൻ വീണ്ടെടുക്കുവാൻ സേനകളെ അയച്ചപ്പോൾ, രാജാക്കൻമാർ കുരിശു യുദ്ധത്തിനുള്ള ചെലവിനുവേണ്ടി ജൂതൻമാരെ ഊറ്റിവാർത്തു; പട്ടാളങ്ങൾ വഴിനീളെ ജൂതൻമാരെ പിടിച്ചുപറിച്ചു. ഓരോ രാജ്യത്തും, പ്രത്യേകിച്ചും പോളണ്ടിലും ചക്രവർത്തി ഭരണകാലത്തെ റഷ്യയിലും ജൂതൻമാർ ക്രൈസ്തവ ശിശുക്കളെ മതാരാധനകളിൽ ബലികഴിച്ചിരുന്നുവെന്ന അസംബന്ധമായ കെട്ടുകഥകൾ വിശ്വസിച്ച് ക്രൂദ്ധരായ ജനക്കൂട്ടം പലപ്പോഴും അവരെ കൂട്ടക്കൊല ചെയ്തു. ഈ തുടർന്ന ഉപദ്രവം പത്തൊമ്പതാം നൂറ്റാണ്ടിൽ ജൂതരുടെ ഇടയിൽ രണ്ടു വിപരീതാഭിപ്രായങ്ങൾ ഉന്നയിപ്പിച്ചു. ഒരു വിഭാഗം തങ്ങളുടെ പ്രത്യേക സംസ്കാരം കൈവിട്ട് തങ്ങൾ വന്ന നാട്ടിലെ ആചാരങ്ങൾ അതേപടി സ്വീകരിച്ച് ജീവിച്ചെങ്കിൽ മാത്രമെ രക്ഷയുള്ളുവെന്നു വിശ്വസിച്ചു. മറ്റേ പ്രസ്ഥാനം സയോണിസം ആയിരുന്നു.'' (ഗ്രന്ഥകർത്താവ് തുടരുന്നു:) "സയോൺ എന്നതു ജറുശലത്തിൽ പൗരാണിക ക്ഷേത്രവും ഡേവിഡിന്റെ കൊട്ടാരവും സ്ഥിതിചെയ്യുന്ന കുന്നിന്റെ പേരാണ്. ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം ഒരു ജൂതരാഷ്ട്രം ഉണ്ടാക്കുകയെന്നതായിരുന്നു. ഒന്നാം ലോക മഹായുദ്ധ കാലത്തു സഖ്യ ശക്തികൾ ഈ അഭിലാഷം സാധിക്കാൻ സഹായിക്കാമെന്ന് വാഗ്ദാനം ചെയ്ത് ജൂതൻമാരുടെ സഹകരണം നേടിയിരുന്നു. 1917ലെ ബാൽഫർ പ്രഖ്യാപനത്തിൽ ഈ കരാറുമുൾപ്പെട്ടിരുന്നു. അതനുസരിച്ചു ജൂതൻമാർ യുദ്ധം കഴിഞ്ഞയുടൻ ഫലസ്തീനിലേക്കു മാറിത്താമസിക്കുവാൻ തുടങ്ങുകയും ചെയ്തു. ഹിബ്രു സർവകലാശാല സ്ഥാപിച്ചതു 1925ലാണ്. ജർമൻ നിവാസികൾ നടത്തിയ നിഷ്ഠൂര കൂട്ടക്കൊല ജൂതരുടെ സയോണിസ്റ്റ് പ്രസ്ഥാനത്തെ കൂടുതൽ ശക്തമാക്കിത്തീർത്തു. അങ്ങനെ, 1948ൽ ഇസ്രായേൽ രാഷ്ട്രം സ്ഥാപിക്കപ്പെടുകയും ചെയ്തു. ഇസ്രായേലും ചുറ്റുമുള്ള അറബിരാഷ്ട്രങ്ങളുമായി ഇപ്പോൾ അസുഖകരമായ വടംവലികലുണ്ട്. ഈ ജനതയുടെ ശോകലിപ്തമായ കഥയറിയുന്നവരാരും ഇസ്രായേലും അയൽരാജ്യങ്ങളുമായി കഴിയും വേഗം ശാന്തിയും സമാധാനവും സ്ഥാപിക്കണമെന്നു പ്രാർഥിക്കാതിരിക്കയില്ല'' (പേജ്: 32,23).

മധ്യേഷയിലെ സമാധാനത്തിന് എക്കാലത്തും ഒരു ഭീഷണിയായിക്കൊണ്ടും, ലോകരാഷ്ട്ര സംഘടനക്കു എന്നും ഒരു തീരാപ്രശ്നമായിക്കൊണ്ടു മാണ് ഇസ്‌റാഈൽ രാഷ്ട്രം അതിന്റെ സ്ഥാപനം തൊട്ട് ഇന്നോളം സ്ഥിതി ചെയ്യുന്നതെന്നും, ചില വൻകോയ്മകളാണിതിന്റെ പിന്നിലുള്ളതെന്നും എല്ലാവർക്കും അറിയാം.

യഹൂദ സമുദായത്തെ ഇത്രയൊക്കെ ആക്ഷേപിക്കുകയും ശപിച്ചു പറയുകയും ചെയ്യുന്നതിനിടക്കുപോലും അല്ലാഹു പറയുന്നതു നോക്കുക: (അവരിൽ നല്ല സദ്വൃത്തരുണ്ട്; അവരിൽ അതല്ലാത്ത അഥവാ അതിന്റെ താഴെക്കിടയിലുള്ളവരും ഉണ്ട്). യഹൂദികളെക്കുറിച്ചു മൊത്തത്തിൽ ഇങ്ങനെയെല്ലാമാണു പറയുവാനുള്ളതെങ്കിലും ആ സമുദായത്തിൽതന്നെ വളരെ നല്ലവരായ ചില വ്യക്തികളും പൂർണമല്ലെങ്കിലും കുറെയൊക്കെ നല്ലവരായ വ്യക്തികളും ഉണ്ടെന്നു സാരം. ക്വുർആന്റെ നിഷ്പക്ഷതയും സത്യസന്ധതയുമാണിതു കാണിക്കുന്നതെന്നു പറയേണ്ടതില്ല.

ഇസ്‌ലാമിക ഭരണത്തിന്റെ ആദ്യകാലങ്ങളിൽ മുസ്‌ലിംകൾക്ക് അധീനപ്പെട്ടുകൊണ്ട് കുറെയൊക്കെ ശാന്തമായി കഴിഞ്ഞുകൂടിയശേഷം ദുസ്വാർഥങ്ങൾമൂലം ഇസ്‌ലാമിനെതിരെയുള്ള ഗൂഢപ്രവർത്തനങ്ങളിൽ അവർ ഏർപ്പെട്ടുകൊണ്ടേയിരുന്നു. അടുത്തകാലംവരെ അവഹേളിക്കപ്പെട്ട ഒരധമ സമൂഹമായിക്കൊണ്ടല്ലാതെ ലോകത്ത് ജീവിക്കുവാൻ അവർക്ക് കഴിഞ്ഞിട്ടില്ല. നാലു ദശകങ്ങൾക്കപ്പുറം ജർമനിയിലെ സർവാധിപതിയായിരുന്ന ഹിറ്റ്ലറുടെ കൈക്ക് അവർ അനുഭവിക്കേണ്ടിവന്ന കൂട്ടക്കൊലകളുടെയും കഷ്ടതകളുടെയും കഥ പ്രസിദ്ധമാകുന്നു. ഇപ്പോൾ, ഹിറ്റ്ലറുടെ എതിരാളികളായിരുന്ന വൻകോയ്മകളുടെ ഇടപെടൽ നിമിത്തം അവരുടെ വകയായി ഫലസ്തീനിൽ ഒരു ഇസ്‌റാഈൽ രാഷ്ട്രം സ്ഥാപിക്കപ്പെട്ടതോടെ മുസ്‌ലിംകൾക്കെതിരിൽ അവരുടെ ധിക്കാരവും വൈരവും പൂർവാധികം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന വസ്തുത ഇന്നാരെയും പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. ഇതിന്റെ ഫലം ഇന്നല്ലെങ്കിൽ നാളെ, ഒരു കൂട്ടരുടെ കൈക്കല്ലെങ്കിൽ മറ്റൊരു കൈക്ക് അവർ അനുഭവിക്കാതിരിക്കുകയില്ലെന്നുള്ളതിൽ സംശയമില്ല. 'നിങ്ങൾ ആവർത്തിച്ചാൽ നാമും ആവർത്തിക്കു'മെന്ന് അല്ലാഹു പറഞ്ഞ വാക്ക് പുലരാതിരിക്കുകയില്ല.

"നിങ്ങളുടെ റബ്ബ് നിങ്ങൾക്കു കരുണ ചെയ്യുമാറായേക്കാം. നിങ്ങൾ (വീണ്ടും) ആവർത്തിച്ചുവെങ്കിൽ, നാമും ആവർത്തിക്കുന്നതാണ്. അവിശ്വാസികൾക്ക് 'ജഹന്നമി'നെ (നരകത്തെ) നാം തടങ്കൽസ്ഥാനമാക്കുകയും ചെയ്തിരിക്കുന്നു" (ഇസ്‌റാഅ്: 8).

പി.എൻ സോമൻ
mail@nerpatham.com





# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

## 21

ജീവനുള്ള ഒന്നിന്റെ 'ജീവൻ' എവിടെയാണ് സ്ഥിതിചെയ്യുന്നത്? രക്തം വാർന്നുപോയാൽ ജീവൻ പോകും, അതുകൊണ്ട് രക്തത്തിലാണെന്നു പറയാമോ? വെള്ളത്തിൽ മുങ്ങിമരിക്കുന്നയാളുടെ രക്തം വാർന്നുപോകുന്നില്ല. പാമ്പുകടിച്ചു മരിക്കുന്നയാളുടെ രക്തവും വാർന്നുപോകുന്നില്ല. യാഥാർഥ്യം സ്രഷ്ടാവിനേ അറിയൂ.

ഏതൊരു ജീവിയും ഇണചേരുമ്പോൾ അവയുടെ കുഞ്ഞിന്റെ രൂപത്തിലുള്ള ബീജമല്ല സ്രവിക്കുന്നത്. കേവലം കൊഴുത്ത ഒരു ദ്രാവകം മാത്രം. എന്നാൽ അതിലുള്ള ബീജങ്ങളിൽ ഒന്ന് ഇണയിലെ അണ്ഡവുമായി കൂടിച്ചേർന്ന് ക്രമേണ ഒരു കുഞ്ഞായി മാറുന്നു. മാതാപിതാക്കൾ ഏതു ജീവിയാണോ അതേ രൂപത്തിലുള്ള കുഞ്ഞ്!

ഒരു വൃക്ഷവും ഇണചേരലിനായി മറ്റൊരു വൃക്ഷത്തെ സമീപിക്കുന്നില്ല. അതിനു സാധ്യവുമല്ല. എന്നാൽ അതാതിന്റെ വംശാവലി നിലനിർത്താൻ ശലഭങ്ങൾ, പക്ഷികൾ, കാറ്റ് എന്നിവയിലൂടെ പരാഗണം നടക്കുന്നു. ഇതൊക്കെ ആരാണ് സംവിധാനിച്ചിരിക്കുന്നത്?

ഇത്യാദി വിഷയങ്ങളെക്കുറിച്ചെല്ലാം മനസ്സുതുറന്നു ചിന്തിച്ചാൽ അവയുടെയെല്ലാം പിന്നിൽ ഏകനായ ഒരു സ്രഷ്ടാവുണ്ടെന്ന് ബോധ്യപ്പെടാതിരിക്കില്ല. ഈ പ്രതിഭാസങ്ങളുടെയും പ്രകൃതിയുടെയുമെല്ലാം നിയന്ത്രണം ഒന്നിൽ കൂടുതൽ ശക്തികളുടെ കരങ്ങളിലാണെങ്കിൽ ഇത്ര കൃത്യവും സൂക്ഷ്മവുമായി അവയൊന്നും മുന്നോട്ടു പോകില്ല. മാത്രവുമല്ല, പ്രപഞ്ചത്തിലെ എല്ലാ പ്രവർത്തനങ്ങളും തകിടംമറിയുകയും ചെയ്യും.

മറ്റൊരു സൃഷ്ടിക്കും ലഭിച്ചിട്ടില്ലാത്ത രൂപവും ചിന്താശക്തിയും വിവേകവും ജ്ഞാനവും തിരിച്ചറിവും ഓർമശക്തിയും സംസാരശേഷിയുമെല്ലാം നൽകപ്പെട്ട ഉന്നത സൃഷ്ടിയാണ് മനുഷ്യൻ. എന്നാൽ ഇങ്ങനെയുള്ള ഉന്നതപദവിയും അനുഗ്രഹങ്ങളും ലഭിച്ച മനുഷ്യരിലെ ഭൂരിഭാഗം പേരും സ്രഷ്ടാവിനോട് നന്ദി കാണിച്ച് ജീവിക്കുന്നവരല്ല.

സർവമേഖലകളിലും പ്രകാശം പരത്തുന്ന ഒരു കെടാവിളക്കായി നിലകൊള്ളാൻ ഒരു യഥാർഥ മുസ്‌ലിമിനു കഴിയും. കാരണം പ്രപഞ്ചനാഥന്റെ നിത്യനിയമ വ്യവസ്ഥകളാണ് അവനെ നയിക്കുന്നത്.

പ്രപഞ്ച സ്രഷ്ടാവിനെ മനസ്സിലാക്കി അവനിൽ വിശ്വസിച്ചുകഴിഞ്ഞാൽ അവന്റെ നിയമ വ്യവസ്ഥകൾ എന്തെല്ലാമാണെന്നു ഗ്രഹിക്കേണ്ടതുണ്ട്.

ഏകനായ ദൈവത്തെ മാത്രമെ ആരാധിക്കാവൂ, അവനിൽ യാതൊന്നിനെയും പങ്കുചേർക്കരുത്, അന്യായമായി ആരെയും കൊലചെയ്യരുത്, വ്യഭിചരിക്കരുത്, മാതാപിതാക്കളെ ധിക്കരിക്കരുത്, മോഷ്ടിക്കരുത്, ചതിക്കരുത്... ഇങ്ങനെ തുടങ്ങി നഖം മുറിക്കുന്നതുമുതൽ നാടുഭരിക്കേണ്ടതുവരെ എങ്ങനെയെന്നു സ്രഷ്ടാവ് അന്തിമദൂതൻ മുഖേന മാനവരാശിയെ പഠിപ്പിച്ചിട്ടുണ്ട്.

ഒരു മനുഷ്യൻ ഇഹലോകത്തു ജീവിക്കുമ്പോൾ അനുവർത്തിക്കേണ്ടതായ യാതൊന്നും വിട്ടുപോകാതെ ബോധ്യപ്പെടുത്തുന്ന വേദഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ. മറ്റൊരു ഗ്രന്ഥത്തിനും ഇത് അവകാശപ്പെടാനാവില്ല.

സ്രഷ്ടാവ് പല കാലങ്ങളിലായി പല പ്രവാചകന്മാരിലൂടെ മനുഷ്യർക്കാവശ്യമായ നിയമങ്ങൾ വേദഗ്രന്ഥങ്ങളിലൂടെ അവതരിപ്പിച്ചിട്ടുണ്ട്. അവയിൽ അവസാനത്തെതാണ് വിശുദ്ധ ക്വുർആൻ. 1400 വർഷങ്ങൾക്കു മുമ്പ് അറേബ്യയിൽ ജീവിച്ചിരുന്ന മുഹമ്മദ്ﷺ എന്ന വ്യക്തിയെ അല്ലാഹു പ്രവാചകനായി നിയോഗിച്ചു. അദ്ദേഹത്തിലൂടെ മാനവരാശിക്ക് നൽകപ്പെട്ട വേദഗ്രന്ഥമാണ് പരിശുദ്ധ ക്വുർആൻ. പ്രപഞ്ചനാഥന്റെ നിയമവ്യവസ്ഥകൾ പല ഘട്ടങ്ങളിലായി മുഹമ്മദ് നബിﷺയിലൂടെ അവതരിപ്പിച്ചു. അദ്ദേഹം അത് ജനങ്ങളിലേക്കും എത്തിച്ചുകൊടുത്തു.

അങ്ങനെ ലോകത്തിന് ആവശ്യമുള്ള നിയമ വ്യവസ്ഥകൾ ഇരുപത്തി മൂന്ന് വർഷംകൊണ്ട് പ്രവാചകനിലൂടെ അല്ലാഹു പൂർത്തീകരിച്ചു. ഓരോ നിയമവും നിർദേശവും അവതരിക്കുമ്പോൾ അതു പ്രവാചകൻ അനുചരന്മാർക്ക് പറഞ്ഞു കൊടുക്കുന്നതിനോടൊപ്പം സ്വന്തം ജീവിതത്തിൽ പ്രവർത്തിച്ചു കാണിച്ചു കൊടുക്കുകയും ചെയ്തു.

ശഹാദത്ത് കലിമ (സാക്ഷ്യവാക്യം), നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് എന്നിവ ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളായി അറിയപ്പെടുന്നു.

ലോകത്തുള്ള ഏതു മതവേദഗ്രന്ഥവും പരിശോധിച്ചാൽ അതിന് മനുഷ്യനായ ഒരു രചയിതാവ് ഉള്ളതായി കാണാം. എന്നാൽ പരിശുദ്ധ ക്വുർആനിന്റെ രചന ഒരു മനുഷ്യന്റെയും പേരിൽ ചേർക്കപ്പെട്ടതായി കാണുകയില്ല. കാരണം അത് പ്രപഞ്ചസ്രഷ്ടാവിന്റെ വചനങ്ങളാണ്. ഇത് ലോകരക്ഷിതാവിങ്കൽനിന്ന് അവതീർണമായതാണ് എന്ന് ക്വുർആനിൽ വ്യക്തമായി പറയുന്നുമുണ്ട്.

ഇസ്‌ലാമിനെക്കുറിച്ച് പഠിക്കുമ്പോൾ മനുഷ്യന്റെ ഉത്ഭവത്തെക്കുറിച്ചു സംശയരഹിതമായ അറിവു ലഭിക്കുന്നു. മനുഷ്യൻ സ്വയംഭൂ അല്ലെന്നും കുരങ്ങിൽനിന്ന് പരിണമിച്ചുണ്ടായതല്ലെന്നും പ്രത്യുത ദൈവം സൃഷ്ടിച്ചതാണെന്നും മനസ്സിലാക്കാൻ കഴിയും. അഗ്നിജ്വാലകൊണ്ട് മലക്കുകളെയും അഗ്നിയിൽനിന്ന് ജിന്നുകളെയും കളിമണ്ണുകൊണ്ട് ആദിമനുഷ്യനെയും ദൈവം സൃഷ്ടിച്ചതായി ഇസ്‌ലാം പഠിപ്പിക്കുന്നു.

ആദ്യം സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ആദംعليه السلام ആണ്. ശേഷം അദ്ദേഹത്തിന്റെ ഇണ ഹവ്വയും. അവരിലൂടെ ഭൂമിയിൽ മനുഷ്യപരമ്പര വ്യാപിച്ചു. ആദ്യ പ്രവാചകനും ആദംعليه السلام ആണ്. അവർ ആരാധിച്ചത് ഏകനായ ദൈവത്തെയാണ്. ആദം സന്തതികളെ ഭൂമിയിൽ അല്ലാഹു വർധിപ്പിച്ചു. പരസ്പരം തിരിച്ചറിയുന്നതിനുവേണ്ടി അവരെ വ്യത്യസ്ത ഗോത്രങ്ങളും വിഭാഗങ്ങളുമാക്കി.

ദൈവം ഇല്ലെന്നു പറയുന്നവരും ദൈവത്തിന് വ്യത്യസ്ത രൂപങ്ങൾ സങ്കൽപിച്ച് ആ രൂപങ്ങൾ കൊത്തിയുണ്ടാക്കി അവയെ ആരാധിക്കുന്നവരുമൊക്കെ തങ്ങളുടെ സൃഷ്ടിപ്പിന്റെ ലക്ഷ്യം വിസ്മരിക്കുകയാണ് ചെയ്യുന്നത്. മനുഷ്യരെ ഭൂമിയിൽ

സൃഷ്ടിച്ചിരിക്കുന്നത് എന്തിനെന്ന് അല്ലാഹു വ്യക്തമാക്കുന്നത് കാണുക: "ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല" (ക്വുർആൻ 51:56).

## നമ്മൾ ഈ കടമ കൃത്യമായി നിർവഹിക്കുന്നുണ്ടോ?

മനുഷ്യസമൂഹത്തെ ദൈവം സൃഷ്ടിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ മനുഷ്യരെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി, സ്വർഗപ്രാപ്തിക്ക് അർഹമാക്കുന്ന കാര്യങ്ങൾ പഠിപ്പിക്കുന്നതിനുവേണ്ടി മനുഷ്യരുടെ ഇടയിൽനിന്നും ദൈവം നിയോഗിക്കുന്നവരാണ് പ്രവാചകന്മാർ. പല പ്രവാചകന്മാരിലൂടെയും അത്ഭുതദൃഷ്ടാന്തങ്ങൾ അല്ലാഹു വെളിവാക്കിയിട്ടുണ്ട്. ആ പ്രവാചകന്മാർ വ്യാജവാദികളല്ലെന്നും ദൈവം നിയോഗിച്ചവരാണ് എന്നും വ്യക്തമാക്കുകയാണ് അതിന്റെ ലക്ഷ്യം. ഈ അത്ഭുത പ്രവർത്തനങ്ങളൊന്നും തങ്ങളുടെ വകയല്ലെന്നും അല്ലാഹുവിന്റെ ഇടപെടലാണെന്നും ആ പ്രവാചകന്മാർ ഉണർത്തുകയും ചെയ്തിട്ടുണ്ട്.

പ്രവാചകന്മാരെയും മറ്റു ചില നല്ല മനുഷ്യരെയും ഓർക്കുവാൻ വേണ്ടി മാത്രം അവരുടെ രൂപങ്ങൾ ജനങ്ങളിൽ ചിലർ ഉണ്ടാക്കുകയും തലമുറകൾ പലതും കടന്നുപോയപ്പോൾ അവയെ ആരാധിക്കുന്ന അവസ്ഥ സംജാതമാകുകയും ചെയ്തു. ഇങ്ങനെയാണ് ലോകത്ത് വിഗ്രഹാരാധനയുടെ ഉത്ഭവം.

ദൈവം നൽകുന്ന എണ്ണമറ്റ അനുഗ്രഹങ്ങൾ അനുഭവിച്ചുകൊണ്ട് ജീവിക്കുമ്പോഴും ആ സ്രഷ്ടാവിനെ ആരാധിക്കാതെ സൃഷ്ടികളെ ആരാധിച്ച് ജീവിക്കുന്നത് കടുത്ത നന്ദികേടാണെന്നതിൽ സംശയമില്ല.

എല്ലാ ദൂതൻമാരും ഏതെങ്കിലും ദേശത്തേക്കോ, ഗോത്രത്തിലേക്കോ മാത്രം നിയോഗിക്കപ്പെട്ടവരായിരുന്നുവെങ്കിൽ മുഹമ്മദ് നബിﷺ അന്ത്യനാൾവരെയുള്ള, ലോകത്തെ എല്ലാ മനുഷ്യരിലേക്കുമുള്ള പ്രവാചകനാണ്. അദ്ദേഹം പ്രവാചകശൃംഖലയിലെ അവസാനത്തെ കണ്ണിയാണ്.

അറബി, അനറബി, കറുത്തവൻ, വെളുത്തവൻ എന്ന വ്യത്യാസം ഇസ്‌ലാമിലില്ല. ദേശത്തിന്റെയോ ഭാഷയുടെയോ അടിസ്ഥാനത്തിൽ ആർക്കും ഒരു മഹിമയും മുൻഗണനയുമില്ല. ലോകത്തുള്ള സർവ മനുഷ്യരും കണ്ണിൽ തുല്യരാണ്. ഏകദൈവത്തിന്റെ വിധിവിലക്കുകൾ പാലിച്ചു ജീവിക്കുന്നവൻ ആരോ അവൻ മാത്രമാണ് ഉന്നതൻ.

ഇസ്‌ലാം അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും അസൂയ, പക, വിദ്വേഷം തുടങ്ങിയ എല്ലാവിധ ദുർഗുണങ്ങളെയും തൂത്തെറിഞ്ഞു. കുടുംബബന്ധങ്ങളും അയൽപക്കബന്ധങ്ങളും ദൃഢമാക്കാൻ കൽപിച്ചു. ഭോഗവസ്തുവായി മാത്രം പരിഗണിക്കപ്പെട്ടിരുന്ന സ്ത്രീകൾക്ക് ഉന്നതപദവിയും ആരാധനാസ്വാതന്ത്ര്യവും സ്വത്തിൽ അനന്തരാവകാശവും അനുവദിച്ചുനൽകി.

അങ്ങനെ 23 വർഷംകൊണ്ട് മുഹമ്മദ് നബിﷺയിലൂടെ അല്ലാഹു ഇസ്‌ലാംമതം പൂർത്തിയാക്കി.

"...ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു..." (ക്വുർആൻ 5:3).

മാനവരാശിക്ക് മാതൃകാപുരുഷനായി ജീവിക്കുകയും ഒരു ഉത്തമസമുദായത്തെ വളർത്തിയെടുക്കുകയും ചെയ്തശേഷം അന്തിമദൂതനെ അല്ലാഹു തന്നിലേക്ക് തിരിച്ചുവിളിക്കുകയും ചെയ്തു.

## ക്വുർആനിന്റെ തിളക്കം

പരിശുദ്ധ ക്വുർആനിൽ വ്യാജമോ, കെട്ടുകഥകളോ, ഊഹാപോഹങ്ങളോ കണ്ടെത്തുക സാധ്യമേയല്ല. ക്വുർആൻ എങ്ങനെ അവതരിച്ചുവോ, അതേപോലെതന്നെ ലോകാവസാനംവരെ അത് നിലനിൽക്കും. കാരണം അതിന്റെ സംരക്ഷകൻ അല്ലാഹുവാണ്. ഇന്ന് ലോകത്ത് പല മതക്കാരും തങ്ങളുടെ വേദഗ്രന്ഥമായി പരിഗണിക്കുന്ന ധാരാളം ഗ്രന്ഥങ്ങളുണ്ട്. ഇവയിൽ ഏതു ഗ്രന്ഥമാണ് വള്ളിപുള്ളി മാറ്റമില്ലാതെ, തെറ്റുകൂടാതെ മുഴുവനായും മനഃപാഠമാക്കപ്പെടുന്നത്? ഏതു ഗ്രന്ഥമാണ് തെറ്റുകൂടാതെ വായിക്കപ്പെടുന്നത്?

അതിനുള്ള ഒരേയൊരു ഉത്തരം ക്വുർആൻ എന്നതാണ്. 114 അധ്യായങ്ങളും ആറായിരത്തിൽപരം വചനങ്ങളുമുള്ള വേദഗ്രന്ഥം. അത് മുഴുവനായും മനഃപാഠമുള്ളവരായി അഞ്ചുവയസ്സുള്ള കുട്ടികൾ മുതൽ വയോവൃദ്ധർ അടക്കമുള്ള ലക്ഷക്കണക്കിനാളുകളുണ്ട്.

ഏതെങ്കിലുമൊരു ഭരണാധികാരി ലോകത്തുള്ള സകല വേദഗ്രന്ഥങ്ങളും കത്തിച്ചുകളയാൻ ഉത്തരവിടുകയാണെന്നു കരുതുക. ഡിജിറ്റലായി സൂക്ഷിക്കപ്പെട്ടതടക്കം എല്ലാം നശിപ്പിക്കപ്പെട്ടാൽ ഒരു ഗ്രന്ഥവും അതേരൂപത്തിൽ, തെറ്റുകുറ്റങ്ങൾ ഇല്ലാത്ത രീതിയിൽ പുനഃസൃഷ്ടിക്കാൻ സാധ്യമല്ല.

എന്നാൽ പരിശുദ്ധ ക്വുർആൻ തനിമയോടുകൂടി മടങ്ങിവരും. കാരണം ക്വുർആൻ മനഃപാഠമാക്കിയ ലക്ഷക്കണക്കിനു മനുഷ്യർ ഭൂമിയിലുണ്ട്. അതിന്റെ സമ്പൂർണ നിയമങ്ങൾ, അക്ഷരങ്ങളും അടയാളങ്ങളുമടക്കം തെറ്റാതെ മനഃപാഠമുള്ള പണ്ഡിതന്മാരുണ്ട്.

**(അവസാനിച്ചില്ല)**

ശമീർ മദീനി
shameermadeeni@gmail.com





# ആരാധനകൾക്കൊരു ആമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച**
**'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

7

**ഈ** മൂന്നു ഏടുകളിലും അല്ലാഹുവിന്റെയടുക്കൽ ഏറ്റവും ഗൗരവമേറിയത് ബഹുദൈവാരാധന (ശിർക്ക്) ആയതിനാൽ അതിന്റെ വക്താക്കൾക്ക് അല്ലാഹു സ്വർഗം നിഷിദ്ധമാക്കി. ബഹുദൈവാരാധകരായ ഒരാളും സ്വർഗത്തിൽ പ്രവേശിക്കുകയില്ല. പ്രത്യുത ഏകദൈവാരാധകരാണ് സ്വർഗത്തിൽ കടക്കുക. ഏകദൈവ വിശ്വാസം (തൗഹീദ്) ആണ് സ്വർഗ കവാടത്തിന്റെ താക്കോൽ. പ്രസ്തുത താക്കോലില്ലാത്തവർക്ക് സ്വർഗീയ കവാടങ്ങൾ തുറന്നുകൊടുക്കപ്പെടുകയില്ല. അപ്രകാരം തന്നെ താക്കോലുമായി വരികയും എന്നാൽ അതിന്റെ പല്ലുകൾ ഇല്ലാതിരിക്കുകയും ചെയ്താലും അതുപയോഗിച്ചു സ്വർഗവാതിലുകൾ തുറക്കാൻ സാധിക്കുകയില്ല.

താക്കോലിന്റെ പല്ലുകളെന്നു പറഞ്ഞത് നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ്, ധർമ സമരം (ജിഹാദ്), നന്മ കൽപിക്കൽ, സംസാരത്തിലെ സത്യത, വിശ്വസ്തത പാലിക്കൽ, കുടുംബബന്ധം ചേർക്കൽ, മാതാപിതാക്കൾക്ക്

നന്മ ചെയ്യൽ തുടങ്ങിയ കാര്യങ്ങളെയാണ്. അതിനാൽ ഏതൊരാൾ ഈ ലോകത്തുവെച്ച് തൗഹീദിന്റെ ശരിയായ ഒരു താക്കോൽ ഉണ്ടാക്കിയെടുക്കുകയും പടച്ചവന്റെ കൽപനകളുടെതായ പല്ലുകൾ അതിനു പിടിപ്പിക്കുകയും ചെയ്താൽ അന്ത്യനാളിൽ സ്വർഗകവാടത്തിലെത്തി ആ താക്കോലു കൊണ്ട് വാതിൽ തുറക്കാൻ കഴിയും. അതിനുയാതൊരു തടസ്സവുമുണ്ടായിരിക്കില്ല. എന്നാൽ അയാൾ ചെയ്ത പാപങ്ങളുടെയും തെറ്റുകുറ്റങ്ങളുടെയും അടയാളങ്ങൾ നിഷ്‌കളങ്കമായ പശ്ചാത്താപത്തിലൂടെയും പാപമോചന തേട്ടത്തിലൂടെയും നീക്കിക്കളയാനായില്ലെങ്കിൽ പ്രശ്‌നമാണ്. അപ്പോൾ സ്വർഗത്തിന് മുമ്പിൽ അയാൾ തടയപ്പെടുകയും ശുദ്ധീകരണ നടപടികളെടുക്കുകയും ചെയ്യും. മഹ്ശറിലെ ദീർഘമായ നിറുത്തവും അവിടുത്തെ ഭയാനകതകളും പ്രയാസങ്ങളും അയാളെ ശുദ്ധീകരിച്ചില്ലെങ്കിൽ പിന്നെ തെറ്റുകുറ്റങ്ങളുടെ മാലിന്യങ്ങൾ നീക്കാൻ നരകത്തിൽ കടക്കൽ അനിവാര്യമായി. അങ്ങനെ ആ പാപങ്ങളുടെ അഴുക്കുകളിൽനിന്ന് ശുദ്ധമായി കഴിഞ്ഞാൽ നരകത്തിൽ നിന്ന് പുറത്തു കൊണ്ടുവന്ന്, ശേഷം സ്വർഗത്തിൽ പ്രവേശിപ്പിക്കും. കാരണം, സ്വർഗമെന്നത് വിശുദ്ധരുടെ ഭവനമാണ്; വിശുദ്ധരല്ലാതെ അവിടെ പ്രവേശിക്കുകയില്ല.

അല്ലാഹു പറയുന്നു: "അതായത്, നല്ലവരായിരിക്കെ മലക്കുകൾ ഏതൊരു കൂട്ടരുടെ ജീവിതം അവസാനിപ്പിക്കുന്നുവോ അവർക്ക്. അവർ (മലക്കുകൾ) പറയും: നിങ്ങൾക്ക് സമാധാനം. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി നിങ്ങൾ സ്വർഗത്തിൽ പ്രവേശിച്ച് കൊള്ളുക" (16:32).

'നിങ്ങൾ സംശുദ്ധരായിരിക്കുന്നു; അതിനാൽ നിങ്ങൾ പ്രവേശിച്ചുകൊള്ളുക' എന്ന് പറഞ്ഞതിൽ നിന്ന് ആ സംശുദ്ധിയാണ് സ്വർഗപ്രവേശനത്തിന് നിമിത്തമായതെന്നു വ്യക്തമാണ്.

എന്നാൽ നരകമാകട്ടെ, വാക്കുകളിലും പ്രവൃത്തികളിലും അന്നപാനീയങ്ങളിലുമെല്ലാം മാലിന്യം പേറിയവരുടെ വാസസ്ഥലമാണ്; വൃത്തികെട്ടവരുടെ ഭവനം.

അല്ലാഹു പറയുന്നു: "അല്ലാഹു നല്ലതിൽനിന്ന് ചീത്തയെ വേർതിരിക്കാനും ചീത്തയെ ഒന്നിനുമേൽ മറ്റൊന്നായി ഒന്നിച്ചു കൂമ്പാരമാക്കി നരകത്തിലിടാനും വേണ്ടിയത്രെ അത്. അക്കൂട്ടർ തന്നെയാണ് നഷ്ടം പറ്റിയവർ" (8:37).

അല്ലാഹു വൃത്തികേടുകളെയും മാലിന്യങ്ങളെയും ഒരുമിച്ചുകൂട്ടുകയും എന്നിട്ട് നരകവാസികളോടൊപ്പം നരകത്തിലാക്കുകയും ചെയ്യും. നീചരല്ലാതെ അതിൽ ഉണ്ടാവുകയില്ല.

ജനങ്ങൾ മൂന്നു തരക്കാരാണ്. അവർക്കുള്ള വാസസ്ഥലങ്ങളും മൂന്നു തരമാണ്. 1) വൃത്തികേടുകൾ പുരളാത്ത വിശുദ്ധർ. 2) വിശുദ്ധി തീണ്ടിയിട്ടില്ലാത്ത മ്ലേച്ഛർ. 3) വിശുദ്ധിയും വൃത്തികേടുകളും കൂടിക്കലർന്ന മറ്റൊരു കൂട്ടർ.

ഒന്നാമത്തെ വിഭാഗത്തിന് തികച്ചും വിശുദ്ധമായ ഭവന(സ്വർഗം)മാണുള്ളത്. രണ്ടാമത്തെ വിഭാഗത്തിനാകട്ടെ തികച്ചും മ്ലേച്ഛമായ ഭവന(നരകം)വും. ഈ രണ്ടു ഭവനങ്ങളും (സ്വർഗവും നരകവും) നശിക്കുകയില്ല; ശാശ്വതമാണ്.

എന്നാൽ നന്മയും തിന്മയും കൂടിക്കലർന്ന മൂന്നാമത്തെ വിഭാഗത്തിന്റെ ഭവനം; അത് നശിക്കുന്നതാണ്, ശാശ്വതമല്ല. അതായത്, മറ്റു പാപങ്ങൾ ചെയ്തവർക്കുള്ള ശിക്ഷയുടെ ഭവനം. നിശ്ചയം (ഏകദൈവ വിശ്വാസികളിൽപെട്ട ഒരാളും) നരകത്തിൽ ശാശ്വത വാസിയാവുകയില്ല. അവർ തങ്ങളുടെ കർമങ്ങളുടെ തോതനുസരിച്ച് ശിക്ഷിക്കപ്പെട്ടുകഴിഞ്ഞാൽ നരകത്തിൽനിന്ന് പുറത്ത് കൊണ്ടുവരപ്പെടുന്നതായിരിക്കും. എന്നിട്ട് അവരെ സ്വർഗത്തിൽ പ്രവേശിപ്പിക്കും. അപ്പോൾ അവസാനം തികച്ചും വൃത്തികെട്ടവരുടെത് മാത്രമായ നരകം മാത്രമായിരിക്കും ശേഷിക്കുക.



ഹദീഥിൽ പറഞ്ഞ രണ്ടാമത്തെ വിഷയം നമസ്കാരമാണ്. 'അല്ലാഹു നിങ്ങളോടു നമസ്കാരം നിർവഹിക്കുവാൻ കൽപിച്ചിരിക്കുന്നു. നിങ്ങൾ നമസ്കരിക്കാൻ നിന്നുകഴിഞ്ഞാൽ പിന്നെ മറ്റു ഭാഗങ്ങളിലേക്ക് തിരിഞ്ഞുനോക്കരുത്. കാരണം ഒരാൾ നമസ്കാരത്തിൽ അങ്ങോട്ടുമിങ്ങോട്ടും തിരിഞ്ഞു നോക്കാത്തിടത്തോളം അല്ലാഹു തന്റെ മുഖം അയാളുടെ നേർക്ക് തന്നെ തിരിച്ചു നിർത്തുന്നതായിരിക്കും.'

നമസ്കാരത്തിൽ വിലക്കപ്പെട്ട 'തിരിഞ്ഞുനോട്ടം' രണ്ടുതരമുണ്ട്. അതിൽ ഒന്ന് ഹൃദയംകൊണ്ട് അല്ലാഹുവിൽനിന്ന് മറ്റുള്ളവരിലേക്ക് തിരിയലാണ്. രണ്ടാമത്തെത് ദൃഷ്ടികൊണ്ടുള്ള തിരിഞ്ഞുനോട്ടവും. രണ്ടും വിലക്കപ്പെട്ടതാണ്. ഒരാൾ പരിപൂർണമായി നമസ്കാരത്തിലേക്ക് മുന്നിടുകയാണെങ്കിൽ അല്ലാഹുവും അയാളിലേക്ക് മുന്നിടുന്നതാണ്. എന്നാൽ അയാൾ തന്റെ ഹൃദയംകൊണ്ടോ ദൃഷ്ടികൊണ്ടോ അല്ലാഹുവിനെ വിട്ടു മറ്റെന്തിലേക്കെങ്കിലും തിരിഞ്ഞുകളഞ്ഞാൽ അല്ലാഹു അയാളിൽനിന്നും തിരിഞ്ഞു കളയും.

ഒരാൾ നമസ്കാരത്തിൽ തിരിഞ്ഞുനോക്കുന്നതിനെ കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ നബിﷺ പറഞ്ഞത് ഇപ്രകാരമാണ്: "അത്, ഒരു ദാസന്റെ നമസ്കാരത്തിൽനിന്നും പിശാച് തട്ടിയെടുക്കുന്ന ഒരു തട്ടിയെടുക്കലാണ്" (ബുഖാരി).

മറ്റൊരുവചനത്തിൽ ഇപ്രകാരം കാണാം: "അല്ലാഹു ചോദിക്കും: എന്നെക്കാൾ ഉത്തമനായതിലേക്കാണോ അയാൾ തിരിയുന്നത്? എന്നെക്കാൾ വിശിഷ്ടമായതിലേക്കാണോ?" (ബസ്സാർ. ഇമാം ഹൈതമി(റഹി) പറയുന്നു: ഇതിന്റെ പരമ്പരയിൽ ഫദ്ലുബ്നു ഈസ അർറാശി എന്ന വ്യക്തിയുണ്ട്. അയാൾ ദുർബലനാണ് എന്നതിൽ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്." (മജ്മഉസ്സവാഇദ് 2/80).

(വിശദവിവരത്തിനു സിൽസിലഃ ദഈഫഃ (2694ാം നമ്പർ ഹദീഥ്) കാണുക).

ദൃഷ്ടികൊണ്ടോ മനസ്സുകൊണ്ടോ നമസ്കാരത്തിൽ മറ്റുള്ളവരിലേക്ക് തിരിയുന്നവന്റെ ഉപമ ഒരാളുടേതു പോലെയാണ്. അയാളെ രാജാവ് ക്ഷണിച്ചു വരുത്തി, തന്റെ മുമ്പിൽ കൊണ്ടുവന്നു നിറുത്തി. എന്നിട്ട് അയാളുടെ നേരെ തിരിഞ്ഞ് അയാളെ വിളിക്കുകയും സംസാരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതിനിടയിൽ രാജാവിനെ ഗൗനിക്കാതെ ഇടത്തോട്ടും വലത്തോട്ടും അയാൾ തിരിഞ്ഞു നോക്കുകയോ അതല്ലെങ്കിൽ രാജാവ് പറഞ്ഞത് ശ്രദ്ധിക്കാതെ മനസ്സ് എങ്ങോട്ടോ തിരിക്കുകയോ ചെയ്താൽ എന്തായിരിക്കും രാജാവ് അയാളെ ചെയ്യുക? ഏറ്റവും ചുരുങ്ങിയത് രാജാവിന്റെ അടുക്കൽ നിന്ന് കോപിക്കപ്പെട്ടവനും ആട്ടിയകറ്റപ്പെട്ടവനുമായ നിലയിൽ രാജാവിന്റെ യാതൊരു പരിഗണയും കിട്ടാതെ അയാൾക്ക് മടങ്ങേണ്ടി വരില്ലേ?

ഇത്തരത്തിൽ നമസ്കരിക്കുന്നയാളും ഹൃദയ സാന്നിധ്യത്തോടെ നമസ്കാരത്തിൽ അല്ലാഹുവിലേക്ക് പൂർണമായി തിരിഞ്ഞയാളും ഒരിക്കലും സമമാവുകയില്ല. താൻ ആരുടെ മുമ്പിലാണ് നിൽക്കുന്നതെന്നും അവന്റെ മഹത്ത്വമെന്താണെന്നും അയാൾ തന്റെ മനസ്സിനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. അതിനാൽ അയാളുടെ മനസ്സ് നിറയെ പടച്ചവനോടുള്ള ഗാംഭീര്യവും സ്നേഹാദരവുകളുമാണ്. അയാളുടെ പിരടി അവന്റെ മുന്നിൽ കുനിക്കുകയും തന്റെ രക്ഷിതാവിനെ വിട്ടു മറ്റെന്തിലേക്കെങ്കിലും തിരിയാൻ അയാൾ ലജ്ജിക്കുകയും ചെയ്യും.

ഹസ്സാനുബ്നു അത്വിയ്യ(റഹി) പറഞ്ഞത് പോലെ ഈ രണ്ടുപേരുടെ നമസ്കാരങ്ങൾ തമ്മിൽ വലിയ അന്തരമുണ്ട്. അദ്ദേഹം പറഞ്ഞു: 'രണ്ടാളുകൾ ഒരേ നമസ്കാരം നിർവഹിക്കുകയാണ്. എന്നാൽ ശ്രേഷ്ഠതയുടെ കാര്യത്തിൽ അവർ രണ്ടുപേരും തമ്മിൽ ആകാശഭൂമികളോളം അന്തരമുണ്ടായിരിക്കും.' (ഇബ്നുൽ മുബാറക്, കിതാബുസ്സുഹ്ദ്).

അതെന്തുകൊണ്ടെന്നാൽ, അവരിലൊരാൾ തന്റെ ഹൃദയവുമായി അല്ലാഹുവിലേക്ക് മുന്നിട്ടവനും മറ്റെയാൾ അശ്രദ്ധനും മറവിക്കാരനുമായത് കൊണ്ടാണ്.

ഒരാൾ തന്നെപോലെയുള്ള ഒരു മനുഷ്യന്റെ അടുക്കലേക്ക് മുന്നിട്ടുചെല്ലുകയും അവർക്കിടയിൽ സുതാര്യമായ ഇടപെടലിന് സാധ്യമാകാത്ത വിധത്തിൽ വല്ല മറയും ഉണ്ടായിരിക്കുകയും ചെയ്താൽ പ്രസ്തുത പോക്കും സമീപനവും ശരിയായ രൂപത്തിലായില്ല എന്ന് പ്രത്യേകംപറയേണ്ടതില്ലല്ലോ. അപ്പോൾ പിന്നെ സ്രഷ്ടാവിന്റെ കാര്യത്തിൽ എന്താണ് വിചാരിച്ചത്?

സ്രഷ്ടാവായ അല്ലാഹുവിലേക്ക് മുന്നിടുമ്പോൾ അയാൾക്കും പടച്ചവനും ഇടയിൽ ദേഹേച്ഛകളുടെയും ദുർബോധനങ്ങളുടെയും (വസ്വാസുകൾ) മറയുണ്ടാവുകയും മനസ്സ് അവയുമായി അഭിരമിക്കുകയും ചെയ്താൽ എന്തായിരിക്കും സ്ഥിതി? കുറെ വസ്വാസുകളും മറ്റു ചിന്തകളും അയാളുടെ ശ്രദ്ധ തെറ്റിച്ചുകളയുകയും നാനാവഴികളിലേക്കും

അയാളെ കൂട്ടിക്കൊണ്ടു പോവുകയും ചെയ്യുമ്പോൾ അത് എന്തൊരു 'മുന്നിടൽ' ആയിരിക്കും?!

ഒരാൾ നമസ്കരിക്കാൻ നിന്നാൽ പിശാചിന് അത് ഏറെ അസഹ്യമായിരിക്കും. കാരണം, അയാൾ നിൽക്കുന്നത് ഏറ്റവും മഹത്തരമായ ഒരു സ്ഥാനത്തും സന്ദർഭത്തിലുമാണ്. അത് പിശാചിനെ കുറച്ചൊന്നുമല്ല അലോസരപ്പെടുത്തുന്നത്. അതിനാൽ ആ നമസ്കാരക്കാരനെ അവിടെ നേരാംവണ്ണം നിർത്താതിരിക്കാൻ എന്തൊക്കെയാണോ ചെയ്യാൻ പറ്റുക അതൊക്കെയുമായി പിശാച് കിണഞ്ഞ് പരിശ്രമിക്കും. അയാൾക്ക് പലതരം മോഹന വാഗ്ദാനങ്ങളും പ്രലോഭനങ്ങളുമായി മുന്നിൽ ചെന്ന് നമസ്കാരത്തിന്റെ സുപ്രധാനമായ പലതിൽനിന്നും അയാളുടെ ശ്രദ്ധ തെറ്റിക്കുകയും മറപ്പിച്ചുകളയുകയും ചെയ്യും. പിശാച് തന്റെ സർവ സന്നാഹങ്ങളുമായി അയാൾക്കെതിരെ തിരിയുകയും നമസ്കാരത്തിന്റെ ഗൗരവവും പ്രാധാന്യവും കുറച്ചുകാട്ടി അതിനെ നിസ്സാരമാക്കുകയും അങ്ങനെ അതിൽ ശ്രദ്ധയില്ലാതെയും അത് പാടെ ഉപേക്ഷിക്കുന്നതിലേക്കും അയാളെ കൊണ്ടുചെന്നെത്തിക്കും.

ഇനി പിശാചിന് അതിനു സാധിക്കാതെ വരികയും ഒരാൾ പിശാചിനെ ധിക്കരിച്ചു നമസ്ക്കരിക്കാൻ നിൽക്കുകയും ചെയ്താൽ പിശാച് അവന്റെ രണ്ടാമത്തെ പണിയുമായി വരും. എന്നിട്ടു പലതും അയാളുടെ മനസ്സിലേക്ക് ഇട്ടുകൊടുക്കുകയും നമസ്കാരത്തിനും അയാളുടെ മനഃസാന്നിധ്യത്തിനുമിടയിൽ മറ സൃഷ്ടിച്ചുകൊണ്ടിരിക്കും. നമസ്കാരത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് അയാൾക്ക് ഓർമയില്ലാതിരുന്ന പലതിനെക്കുറിച്ചും ഓർമിപ്പിച്ചുകൊണ്ടിരിക്കും. അങ്ങനെ ചിലപ്പോൾ അയാൾ മറന്നുപോയ തന്റെ ലക്ഷ്യവും ആവശ്യങ്ങളും ഈ പ്രേരണകൊണ്ട് ഓർത്തെടുക്കുകയും അതുമായി മനസ്സ് വ്യാപൃതനാവുകയും ചെയ്യും. അതിലൂടെ അയാളെ അല്ലാഹുവിന്റെ വഴിയിൽനിന്നും പിശാച് തട്ടിയെടുക്കുകയും ഹൃദയസാന്നിധ്യമില്ലാതെ കേവലം ഒരു ജഡം മാത്രമായി നിൽക്കുന്ന ഒരവസ്ഥയിലായി നമസ്കാരം നിർവഹിച്ചു തീർക്കേണ്ടി വരികയും ചെയ്യും. അപ്പോൾ പിന്നെ അല്ലാഹുവിലേക്ക് പരിപൂർണ മനസ്സും ശരീരവുമായി മുന്നിട്ട് അവന്റെ സാമീപ്യവും ആദരവും കരസ്ഥമാക്കുന്ന ഒരു യഥാർഥ ഭക്തന് കിട്ടുന്ന യാതൊന്നും നേടിയെടുക്കാനാവാതെ നമസ്കാരത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് ഏതവസ്ഥയിലായിരുന്നോ അതേ അവസ്ഥയിൽതന്നെ തന്റെ പാപഭാരങ്ങളും തെറ്റുകുറ്റങ്ങളുമായി അയാൾക്ക് നമസ്കാരത്തിൽനിന്ന് വിരമിക്കുകയും ചെയ്യേണ്ടിവരും. പ്രസ്തുത നമസ്കാരം കൊണ്ട് അവയിൽനിന്ന് യാതൊരു ലഘൂകരണവും അയാൾക്ക് നേടിയെടുക്കാനാവില്ല.

തീർച്ചയായും നമസ്കാരത്തിന്റേതായ ബാധ്യതകൾ നിറവേറ്റുകയും അതിന്റെ ഭക്തി പൂർത്തീകരിക്കുകയും അല്ലാഹുവിന്റെ മുമ്പിൽ ഹൃദയസാന്നിധ്യത്തോടുകൂടി നിൽക്കുകയും ചെയ്യുന്നവർക്ക് മാത്രമെ നമസ്കാരംകൊണ്ടുള്ള പാപം പൊറുക്കലും ആസ്വാദനവുമൊക്കെ കിട്ടുകയുള്ളൂ. അങ്ങനെയാകുമ്പോൾ നമസ്കാരം നിർവഹിച്ചുകഴിയുമ്പോൾ മനസ്സിനൊരു ആശ്വാസവും തന്റെ ഭാരങ്ങളെല്ലാം ഇറക്കിവെച്ച നിർവൃതിയും പ്രത്യേകമായ ഉന്മേഷവും ചൈതന്യവുമൊക്കെ അയാൾക്ക് കിട്ടും. എത്രത്തോളമെന്നാൽ ആ നമസ്കാരത്തെ വേർപിരിഞ്ഞു പോകാൻ അയാൾക്ക് തീരെ താൽപര്യമില്ലാതെ അതിൽതന്നെ തുടരാൻ കൊതിക്കുകയും ചെയ്യും.

എന്തുകൊണ്ടെന്നാൽ ആ നമസ്കാരം അയാളുടെ കണ്ണുകൾക്ക് കുളിർമയും ആത്മാവിനു സൗഖ്യവും ഹൃദയത്തിന്റെ സ്വർഗത്തോപ്പും ദുൻയാവിലെ വിശ്രമ സ്ഥലവുമൊക്കെയായി അയാൾ ആസ്വദിക്കുകയായിരുന്നു. ആ നമസ്കാരത്തിലേക്ക് വീണ്ടും തിരിച്ചുചെല്ലുന്നതുവരെ വല്ലാത്തൊരു ഇടുക്കത്തിലും ഞെരുക്കത്തിലും പെട്ടു തടവറയിൽ കഴിയുന്നത് പോലെയായിരിക്കും അയാൾക്ക്. ആ നമസ്കാരത്തിലൂടെയാണ് അയാൾ ആശ്വാസം കണ്ടെത്തുക. അല്ലാതെ, അതിൽനിന്ന് വിരമിക്കുന്നതിലല്ല അയാൾ ആശ്വാസം കണ്ടെത്തുക. അതി



നാൽ നന്മയുടെ വക്താക്കളായ, നമസ്കാരത്തെ ഇഷ്ടപ്പെടുന്നവർ ഇങ്ങനെ പറയും: 'ഞങ്ങൾ നമസ്കരിക്കുകയും നമസ്കാരത്തിലൂടെ ആശ്വാസം കണ്ടെത്തുകയും ചെയ്യുന്നു.' അവരുടെ നേതാവും മാതൃകാപുരുഷനും പ്രവാചകനുമായ മുഹമ്മദ് നബിﷺ പറഞ്ഞത് പോലെ; 'ബിലാലേ, നമസ്കാരംകൊണ്ട് നമുക്ക് ആശ്വാസം പകരൂ' (അഹ്മദ്, അബൂദാവൂദ്). നമസ്കാരത്തിൽനിന്ന് ആശ്വാസം തരൂ എന്ന് അവിടുന്ന് ഒരിക്കലും പറഞ്ഞിട്ടില്ല.

നബിﷺ പറഞ്ഞു: "എന്റെ കൺകുളിർമ നമസ്കാരത്തിലാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്' (അഹ്മദ്, നസാഈ). ആരുടെയെങ്കിലും കൺകുളിർമ നമസ്കാരത്തിലാണുള്ളതെങ്കിൽ അതല്ലാതെ മറ്റെന്തിലൂടെയാണ് അയാൾക്കത് നേടാനാവുക? ആ നമസ്കാരത്തെ വിട്ട് എങ്ങനെയാണയാൾക്ക് ക്ഷമിച്ചിരിക്കാനാവുക?

നമസ്കാരത്തിൽ കൺകുളിർമ കിട്ടുന്ന ഹൃദയസാന്നിധ്യത്തോടെ നമസ്കാരം നിർവഹിക്കുന്ന ആളുടെ നമസ്കാരമാണ് അല്ലാഹുവിലേക്ക് കയറിപ്പോകുന്നത്. അതാണ് പ്രകാശവും പ്രമാണവും. അല്ലാഹു അയാളെ അതിനോടൊപ്പം സ്വീകരിക്കും. അപ്പോൾ അത് ഇപ്രകാരം പറയുമത്രെ: 'എന്നെ സൂക്ഷിക്കുകയും ശ്രദ്ധിക്കുകയും ചെയ്ത താങ്കളെ അല്ലാഹു സംരക്ഷിക്കട്ടെ!' എന്നാൽ ബാധ്യതകൾ പൂർത്തീകരിക്കാത്ത ഭയഭക്തിയും നമസ്കാരത്തിന്റെ മറ്റു അതിർവരമ്പുകളും ശ്രദ്ധിക്കാത്ത പല വീഴ്ചകളും വരുത്തിയയാളുടെ നമസ്കാരം പഴയ വസ്ത്രങ്ങൾ ചുരുട്ടിയത് പോലെ ചുരുട്ടിക്കൂട്ടി അയാളുടെ മുഖത്തേക്ക് എറിയപ്പെടും. അപ്പോൾ അത് അയാളോടിങ്ങനെ പറയുമത്രെ: 'എന്നെ അവഗണിച്ച നിന്നെയും അല്ലാഹു അവഗണിക്കട്ടെ.'

അബ്ദുല്ലാഹിബ്നു അംറി﵁ൽനിന്ന് അബൂശജറയും അദ്ദേഹത്തിൽ നിന്ന് അബൂസ്സാഹിരിയ്യയും അദ്ദേഹത്തിൽനിന്ന് സഈദുബ്നു സിനാനും അദ്ദേഹത്തിൽനിന്ന് ബക്റുബ്നു ബിശ്റും വഴി ഉദ്ധരിക്കുന്ന മർഫൂആയ ഒരു ഹദീഥിൽ ഇപ്രകാരം പറയപ്പെടുന്നു: 'ഏതൊരു വിശ്വാസി വുദൂഅ് ശരിയായ വിധത്തിൽ പൂർത്തികരിക്കുകയും ഒരു നമസ്കാരത്തിന്റെ സമയത്തുതന്നെ അത് അല്ലാഹുവിനായി നിർവഹിക്കുകയും ചെയ്താൽ; അതിന്റെ സമയത്തിലോ റുക്കൂഇലോ സുജൂദിലോ ഒന്നിലും യാതൊരു കുറവ് വരുത്താതെയാണ് അയാൾ ചെയ്തതെങ്കിൽ തീർച്ചയായും ഇരുഭാഗങ്ങളിൽ പ്രകാശം വിതറിക്കൊണ്ട് തെളിമയോടെ വിശുദ്ധമായി അല്ലാഹുവിലേക്ക് ഉയർത്തപ്പെടും. അങ്ങനെ അത് അല്ലാഹുവിങ്കൽ എത്തിച്ചേരുന്നതാണ്.

എന്നാൽ ആരെങ്കിലും വുദൂഅ് പൂർത്തീകരിക്കാതെയും സമയം വൈകിച്ചും റുകൂഇലും സുജൂദിലൂമെല്ലാം വീഴ്ച വരുത്തിയുമാണ് നിർവഹിച്ചതെങ്കിൽ അത് അയാളിൽനിന്ന് ഉയർത്തപ്പെടുക ഇരുൾമുറ്റിയ, കറുത്തിരുണ്ട രൂപത്തിലായിരിക്കും. എന്നിട്ടത് അയാളുടെ തലമുടി കടന്ന് മേൽപോട്ട് പോവുകയില്ല. പിന്നീടത് 'എന്നെ നീ അവഗണിച്ചപോലെ നിന്നെയും അല്ലാഹു അവഗണിക്കട്ടെ, എന്നെ നീ അവഗണിച്ച പോലെ നിന്നെയും അല്ലാഹു അവഗണിക്കട്ടെ' എന്നിങ്ങനെ പറയും (ത്വയാലസി ബസ്സാർ മുതലായവർ ഉദ്ധരിച്ചത്. ഇമാം ഹൈഥമി 'മജ്മഉ സ്സവാഇദി'ൽ (2/122)പറയുന്നു: 'ഇതിന്റ സനദിൽ അഹ് വസ് ഇബ്നു ഹകീം എന്ന വ്യക്തിയുണ്ട്. ഇബ്നുൽ മദീനിയും ഇജ്ലിയും അദ്ദേഹത്തെ യോഗ്യനെന്നു പറയുമ്പോൾ മറ്റൊരു വിഭാഗം നിരൂപകർ അദ്ദേഹത്തെ അയോഗ്യനെന്നാണു പറഞ്ഞിരിക്കുന്നത്. ബാക്കിയുള്ള നിവേദകരെല്ലാം യോഗ്യരാണ്.' 'ഉഖൈലി അദ്ദുഅഫാഅ് എന്ന ഗ്രന്ഥത്തിൽ അദ്ദേഹം അയോഗ്യനാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്).

> **നമസ്കാരത്തിന്റേതായ ബാധ്യതകൾ നിറവേറ്റുകയും അതിന്റെ ഭക്തി പൂർത്തീകരിക്കുകയും അല്ലാഹുവിന്റെ മുമ്പിൽ ഹൃദയസാന്നിധ്യത്തോടുകൂടി നിൽക്കുകയും ചെയ്യുന്നവർക്ക് മാത്രമെ നമസ്ക്കാരംകൊണ്ടുള്ള പാപം പൊറുക്കലും ആസ്വാദനവുമൊക്കെ കിട്ടുകയുള്ളൂ. അങ്ങനെയാകുമ്പോൾ നമസ്കാരം നിർവഹിച്ചുകഴിയുമ്പോൾ മനസ്സിനൊരു ആശ്വാസവും തന്റെ ഭാരങ്ങളെല്ലാം ഇറക്കിവെച്ച നിർവൃതിയും ഉന്മേഷവും ചൈതന്യവുമൊക്കെ അയാൾക്ക് കിട്ടും.**

സ്വികാര്യയോഗ്യമായ നമസ്കാരം, സ്വികരിക്കപ്പെടുന്ന സൽകർമങ്ങൾ എന്നൊക്കെ പറഞ്ഞാൽ പടച്ച റബ്ബിന് അനുയോജ്യമായ വിധത്തിൽ ഒരു അടിമ നിർവഹിക്കുന്നത് എന്നാണ് വിവക്ഷ. അപ്പോൾ ഒരാളുടെ നമസ്കാരം അല്ലാഹുവിനു പറ്റുന്നതും അനുയോജ്യവുമാണെങ്കിൽ അത് സ്വികാര്യയോഗ്യമാണ്. (തുടരും)

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച



# എഴുതിത്തള്ളുന്ന കിട്ടാക്കടങ്ങൾ

മിക്കയാളുകൾക്കുമുണ്ടാകും കടം വാങ്ങിയതിന്റെയോ കൊടുത്തതിന്റെയോ അനുഭവങ്ങൾ. അങ്ങനെയുള്ള ചില അനുഭവങ്ങളാണ് ഇവിടെ പങ്കുവെക്കുന്നത്.

താലൂക്ക് ആസ്ഥാനത്തെ ഓഫീസിൽ തിരക്കിലായിരുന്നു. അപ്പോൾ നാട്ടുകാരനായ ഒരു കോളേജ് വിദ്യാർഥി വാതിൽക്കൽ വന്ന് വിളിച്ചു. അടുത്തേക്ക് വിളിച്ച് കാര്യം അന്വേഷിച്ചു. (കാൽ നൂറ്റാണ്ടിന് മുമ്പുള്ള കാര്യമാണ്). അത്യാവശ്യം കുറച്ചു കാശ് വേണം, അതിനാണ് വന്നിരിക്കുന്നത്. രണ്ടു ദിവസത്തിനുള്ളിൽ തിരികെ തരുമെന്ന ഉറപ്പോടെയാണ് ചോദിക്കുന്നത്.

പാരലൽ കോളേജിൽ ഞാൻ പഠിപ്പിച്ചിട്ടുണ്ട് എന്ന് തോന്നുന്നു. സുഹൃത്തിന്റെ കുടുംബത്തിലുള്ളവൻ. ചീത്തപ്പേര് കേട്ടിട്ടില്ല. പിതാവിനെയും അറിയും. ചോദിച്ചത്രയില്ലെങ്കിലും ഒരു തുക കൊടുത്തു. പിന്നീട് സുഹൃത്തിനോട് കാര്യം പറഞ്ഞപ്പോൾ 'ചെറിയ തുകയല്ലേ, പോയി എന്ന് കൂട്ടിക്കോ' എന്നായിരുന്നു മറുപടി. കൂട്ടുകെട്ട് മോശമാണ്, പഠനത്തിൽ പിന്നിലാണ് എന്നൊക്കെ വിശദീകരണം. ഇപ്പോൾ ആൾ വിദേശത്ത് ജോലിയിലാണ്. ശേഷം ഒന്നോ രണ്ടോ തവണ കണ്ടിരുന്നു. കാശിന്റെ കാര്യമൊന്നും പറഞ്ഞില്ല. ഞാൻ ചോദിച്ചതുമില്ല.

സമീപജില്ലയിലെ ജില്ലാ ആസ്ഥാനത്ത് ഓഫീസ് സമുച്ചയത്തിൽ ജോലിചെയ്യും കാലം. (15 കൊല്ലത്തിനപ്പുറം നടന്ന സംഭവം). നാട്ടുകാരൻ പയ്യൻ ഓഫീസിൽ കേറിവന്നു, വിനയം കാണിച്ചു. ചെറിയ തുക വേണം. കോടതി കാര്യത്തിനോ മറ്റോ ആണ്. അവനും എന്റെ ശിഷ്യൻ! നാട്ടിലെത്തിയാൽ തിരിച്ച് തരും. ചെറിയതെങ്കിലും മൂന്നക്ക തുക കൊടുത്തു. കുറെ കഴിഞ്ഞ് നാട്ടിൽ വെച്ച് കണ്ടു. അവന്റെ നിസ്സംഗത കണ്ടപ്പോൾ തിരികെ ചോദിച്ചു. അപ്പോൾ; ഇല്ല, വൈകാതെ തരാമെന്ന് മറുപടി.

ആദ്യ ലോക്ക്ഡൗൺ കാലത്ത് സോഷ്യൽ മീഡിയയിൽ എന്റെ പോസ്റ്റുകൾക്ക് കാര്യമായ മറുപടികൾ! ഇടക്ക് ജോലി സംബന്ധമായ പ്രതിസന്ധികൾ വിവരിച്ചുകൊണ്ട് വോയ്സ് മെസ്സേജ്. എനിക്ക് ദൂരേക്ക് സ്ഥലം മാറ്റം കിട്ടിയപ്പോൾ ഫോൺ വിളി. വിദേശത്തായിരുന്നു. അത്യാവശ്യം കാശ് ഉണ്ടാക്കി. നാട്ടിൽ തിരിച്ചെത്തി; കരിങ്കല്ല് ബിസിനസ് തുടങ്ങി. എല്ലാം കൂട്ടുകാരനെ ഏൽപിച്ചു. അവൻ വലിയ കടം വരുത്തിവെച്ചു. നാട്ടിൽ നിൽക്കാൻ പറ്റാതെയായി. കുടുംബത്തെ കൂട്ടി അന്യസംസ്ഥാനത്തേക്ക് താമസം മാറി. ഭക്ഷണ പാചക, വിതരണ സംബന്ധമായ ബിസിനസ്സ് തുടങ്ങി. പതുക്കെ പതുക്കെ മെച്ചപ്പെട്ടു. അതിനിടെ ശാരീരിക തളർച്ചയുണ്ടായി. ഒറ്റക്ക് യാത്ര പ്രയാസം. ലോക്ക് ഡൗൺ ബിസിനസിനെ ബാധിച്ചു... എന്നിങ്ങനെ വിവരങ്ങൾ പറഞ്ഞു. എന്നെ അങ്ങോട്ട് ക്ഷണിച്ചു. കൂട്ടത്തിൽ അന്ന് കടം വാങ്ങിയ കാര്യവും ഓർമിച്ചു. കടം വാങ്ങിയ ആളാണോ എന്ന സംശയം അതോടെ തീരുമാനമായി.

കടം വാങ്ങിയിട്ട് അതിനെക്കുറിച്ച് ഒന്നും പറയുക പോലും ചെയ്യാതെ നടക്കുന്ന മാന്യദേഹങ്ങളെ കൂട്ടുകാർ ചൂണ്ടിക്കാണിക്കാറുണ്ട്, വിവരങ്ങൾ പറയാറുണ്ട്. വിശ്വാസികളാണെങ്കിൽ അവരുടെ പ്രാർഥനക്ക് പോലും ഫലം കിട്ടാത്ത അവസ്ഥയാണതെന്ന് പലരും ഓർമിക്കാറില്ല. കൊടുത്ത കടം തിരികെ കിട്ടാതെ നഷ്ടപ്പെട്ട വിഷമത്തിന് അപ്പുറമാണല്ലോ നാം പറ്റിക്കപ്പെട്ടു എന്ന അവസ്ഥ.

'അല്ലാഹുവേ, പാപത്തിൽനിന്നും കടബാധ്യതയിൽനിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു' എന്ന് നബിﷺ പ്രാർഥിക്കാറുണ്ടായിരുന്നു. ഒരാൾ അദ്ദേഹത്തോട് പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, അവിടുന്ന് ധാരാളമായി കടബാധ്യതയിൽനിന്ന് അഭയം തേടുന്നുണ്ടല്ലോ." നബിﷺ പറഞ്ഞു: 'ഒരാൾ കടത്തിലായിരിക്കുമ്പോൾ അവൻ കളവ് പറയുകയും വാഗ്ദാനം ലംഘിക്കുകയും ചെയ്യും' (ബുഖാരി).

WISDOM alive COUNSELLING DESK



## ക്വാറന്റൈനിലാണോ?

## രോഗ ഭീതി മനസ്സിനെ അസ്വസ്ഥമാക്കുന്നുണ്ടോ?

# പരിഹാരമുണ്ട്

## Wisdom Alive ലേക്ക് വിളിക്കാം

### വിവിധ ജില്ലകളിൽ ബന്ധപ്പെടേണ്ട നമ്പറുകൾ

**കാസറഗോഡ്**
+919526749667
+918075011566

**കണ്ണൂർ**
+919645099797
+9194474 11307

**വയനാട്**
+919446990991
+919961215816

**കോഴിക്കോട് നോർത്ത്**
+919895626691
+919567858078

**കോഴിക്കോട് സൗത്ത്**
+918547853036
+919895356111

**പാലക്കാട്**
+919656118833
+919847939173

**മലപ്പുറം ഈസ്റ്റ്**
(നിലമ്പൂർ റീജ്യൺ)
+919447749005
+919995662305

**മലപ്പുറം വെസ്റ്റ്**
(തിരൂർ റീജ്യൺ)
+919037159419
+917012095123

**മലപ്പുറം നോർത്ത്**
(മലപ്പുറം റീജ്യൺ)
+919495889689
+919946199288

**തൃശൂർ**
+919446222282
+917510580834

**എറണാകുളം**
+918921655063
+918289880889

**ഇടുക്കി**
+919946545193
+919037640858

**ആലപ്പുഴ**
+919995310518
+918943464478

**കൊല്ലം**
+919895786601
+919947802460

**തിരുവനന്തപുരം**
+919526524467

WISDOM ALIVE COUNCELLING DESK

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 MAY 22

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




GET IT ON Google Play
Download on the App Store

പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | 918010068641992 |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
Google Pay Paytm